# കൈരളി

പുസ്തകം ൨൨. | ൧൧൧൩ വൃശ്ചികം | ലക്കം ൫.

കൈരളീഭാഷണം

## തേജസ്സൂര്യൻ.

കഴിഞ്ഞ കൊല്ലം കവികളായിരുന്നെങ്കിൽ ഇക്കൊല്ലം വിജ്ഞാനവിത്തുകളാണ് യമന്റെ ആതിഥ്യത്തിനു വിശേഷിച്ചു പാത്രീഭവിച്ചവർ. നോക്കണം! ഇററലിയിൽനിന്നു മാക്കോണിയേയും ഇംഗ്ലണ്ടിൽനിന്നു റതർഫോർഡിനേയും ഇന്ത്യയിൽനിന്നു ജേ. സി. ബോസിനേയും ഈയിടെ അദ്ദേഹം ക്ഷണിച്ചുകൊണ്ടുപോയിരിക്കുന്നു. മഹാന്മാരെ ക്ഷണിച്ചാദരിക്കുന്നതിൽ കുലവും ദേശവും നോക്കി യാതൊരു പക്ഷപാതവും അദ്ദേഹം കാണിച്ചിട്ടില്ല. ലോകത്തിന്റെ ഒരററം മുതൽ മറേറ അററംവരെ നല്ലവണ്ണം കണ്ണോടിച്ചതിനുശേഷമേ അദ്ദേഹം തിരഞ്ഞെടുപ്പു നടത്തിയുള്ളു. ഒരുപക്ഷേ ആ മഹാരഥന്മാരുടെ ഉപരിപര്യവേക്ഷണങ്ങൾ വഴിക്കു പരലോകത്തിൽ എന്തോ വലിയ പണിത്തരങ്ങൾ നടക്കുവാനുണ്ടായിരിക്കാം.

മാക്കോണി കമ്പിയില്ലാക്കമ്പിയുടെ പിതാവാണ്. മററു പല കാര്യമണ്ഡലങ്ങളിലുമെന്നപോലെ വിജ്ഞാനമണ്ഡലത്തിലും, നിവൃത്തിയുണ്ടെങ്കിൽ, സകലത്തിന്റേയും പിതൃധികാരം കയ്യടക്കിവെക്കുവാൻ കൊതിക്കാറുള്ള ഇംഗ്ലീഷുകാർകൂടി അതു സമ്മതിക്കുന്നുണ്ട്. അതുകൊണ്ട് ആ സ്ഥാനം അദ്ദേഹത്തിനുതന്നെ സിദ്ധമായി. വൈദ്യുതകാന്തസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ മക്സ്വൽ (Maxwell) കമ്പിയില്ലാക്കമ്പിയുടെ പ്രായോഗികതയെപ്പററി പണ്ടേ പ്രവചിക്കയുണ്ടായി. 1894-ൽ ഹെർട്ട്സ് (Hertz) അത്തരം വാർത്താവിതരണ

സമ്പ്രദായത്തിനു വേണ്ട വൈദ്യുതതരംഗങ്ങൾ വ്യത്പാദിപ്പിച്ചു. അതു തന്നെ ഏറെക്കുറെ അക്കാലത്തു വേറെ പല വിദ്വാന്മാരും ചെയ്തിട്ടുണ്ടെന്നാണ് അറിവ്. ഒലിവർ ലോഡ്ജ് മുതലായവർ ആ തരംഗങ്ങൾ ഉപയോഗിച്ചു വാർത്താനിവേദനം സാധിച്ചിട്ടില്ലെന്നില്ല. ഇങ്ങനെയൊക്കെയാണെങ്കിലും വൈദ്യുതകാന്തതത്വങ്ങൾ അടിസ്ഥാനപ്പെടുത്തി കമ്പിയില്ലാക്കമ്പിയേർപ്പാട്, ഇന്നു കാണുംപോലെ ധ്രുവാന്തങ്ങളെക്കൂടി കൂട്ടിമുട്ടിക്കുന്ന ഒരു മഹേന്ദ്രജാലമായി മാലോകരുടെ കയ്യിൽ സമർപ്പിച്ചവൻ മാർക്കോണിയാണ്. നവീനവിജ്ഞാനരംഗത്തിൽ മാർക്കോണി ഒരു തത്വശൂരനെന്നതിനെക്കാളധികം ഒരു കർമ്മശൂരനായിരുന്നു.

മാർക്കോണിയുടെ ഉപലബ്ധിയെ ഇററാലിയൻ ഗവർമ്മേണ്ട് ആദ്യം ഒരു സ്വപ്നമായിട്ടേ കരുതിയുള്ളു. തന്നിമിത്തം അദ്ദേഹത്തിന്റെ ഒന്നാമത്തെ പരസ്യമായുള്ള പരീക്ഷണം ഇംഗ്ലണ്ടിൽവെച്ചു നടക്കേണ്ടിവന്നു. 1897-ൽ അദ്ദേഹത്തിന്റെ യത്നം ഫലിച്ചതായി ലോകം അറിഞ്ഞു. വിക്ടോറിയാ മഹാരാജ്ഞി, അന്നു വെയിൽസു രാജകുമാരനായിരുന്ന എഡ്വേർഡിന്റെ അല്പമായൊരു ശീലായ്മയെ സംബന്ധിച്ച് Cowes Bay എന്ന സ്ഥലത്തുനിന്നു, മാർക്കോണിയുടെ യന്ത്രംവഴിക്കു 150-ൽ പരം വിജ്ഞാപനങ്ങൾ ഗ്രഹിക്കയുണ്ടായി.

കമ്പിയില്ലാക്കമ്പികൊണ്ട് സകലരേയും വിസ്മയിപ്പിച്ചതിനു ശേഷവും മാർക്കോണി ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഒടുവിൽ വൈദ്യുതകാന്തവീചികൾ ഉപയോഗപ്പെടുത്തി ദൂരസ്ഥങ്ങളായ വിളക്കുകൾ കൊളുത്തിക്കാണിക്കുവാൻകൂടി അദ്ദേഹത്തിനു ഭാഗ്യമുണ്ടായി. ഉദ്ദേശം 11000 നാഴിക ദൂരത്തുള്ളൊരു വിളക്കാണ് അദ്ദേഹം അങ്ങനെ കത്തിച്ചു കാണിച്ചത്.

മാർക്കോണി സ്വഭാവേന 'ശുദ്ധ'നായിരുന്നു. വക്രതയൊന്നും അദ്ദേഹം വഴിപ്പെട്ടിരുന്നില്ല. വിജ്ഞാനത്തിലും അപ്രകാരംതന്നെ. The simplicity of his mind saved him from entanglement in complex technical ideas എന്നാണ് ഒരു ചരിത്രകാരന്റെ വിധി.

റതർഫോർഡിന്റേയും ബോസിന്റേയും സേവനങ്ങൾ എളുപ്പത്തിൽ ലോകം മനസ്സിലാക്കുകയില്ല. അതിന്നു കാരണം, അവരുടെ ലേബലൊട്ടിച്ച യന്ത്രമൊന്നും ഇല്ലെന്നുള്ളതാണ്. അവരിരുവരും തത്വാവധാരണൈകവ്രതരായിരുന്നു. ഇന്നത്തെ പദാർത്ഥവിജ്ഞാനീയത്തിൽ പരമാണുവെ (atom) സംബന്ധിച്ച് ഏററവും അഭി

നവമായുള്ള അറിവേതോ അതിന്റെ സമ്പാദകൻ റതർഫോർഡാണ്. റേഡിയം എന്നുള്ള ലോഹം സ്വയമേവ അഴിഞ്ഞഴിഞ്ഞു പോകുകയും അതിൽനിന്ന് രശ്മിപ്രായങ്ങളായ ഉദ്ഗാരങ്ങൾ ഉണ്ടാകുകയും ചെയ്യുന്നതിനെപ്പററി പരീക്ഷണം നടത്തിക്കൊണ്ടിരിക്കേ അദ്ദേഹത്തിന്ന് ധാതുക്കളുടെ പരമാണുക്കൾ എന്തു സ്വരൂപത്തോടു കൂടിയവയാണെന്ന് ഊഹിക്കുവാനിടയായി. അനന്തരപരീക്ഷണങ്ങൾ പല മഹാതത്വങ്ങളേയും വെളിപ്പെടുത്തി. ധാതുക്കളെല്ലാം പരമാർത്ഥത്തിൽ ഒന്നാണ്—അതേ, വിദ്യുച്ഛക്തി. ഓരോ പദാർത്ഥപരമാണുവിന്റെയും അന്തർഭാഗം ഓരോ സൌരയൂഥപ്രതിബിംബമാണ്. ഉള്ളിൽ മധ്യത്തിലായി ഒരു വിദ്യുൽകന്ദം ഉണ്ട്. അതിന്റെ ചുററും ഭ്രമണംചെയ്യുന്ന ഏതാനും വിദ്യുൽകണങ്ങൾ കാണും. എല്ലാധാതുക്കളിലും ഇതുതന്നെ സ്ഥിതി. പ്രദക്ഷിണം വെക്കുന്ന വിദ്യുൽകണങ്ങൾ കൂടുകയോ കുറയുകയോ ചെയ്യാൽ അതനുസരിച്ച് ധാതുസ്വഭാവം മാറുമെന്നുമാത്രം. അങ്ങനെയാണ് 90-ൽപരം ഭിന്നധാതുക്കൾ ഉണ്ടാകുന്നത്. ഏകദേശം ഇതായിരുന്നു റതർഫോർഡിന്റെ നിർദ്ധാരണം.

ഈ നിഗമനത്തിന്ന് വലിയ പ്രാധാന്യമൊന്നുമില്ലെന്നു ചിലക്കു തോന്നാം. വാസ്തവം മറിച്ചാണ്. പത്തൊമ്പതാം നൂററാണ്ടിൽ പദാർത്ഥസ്വരൂപപരമായി ഉത്ഭവിച്ച സകലസിദ്ധാന്തങ്ങളേയും കീഴ്മേൽ മറിക്കുവാൻ റതർഫോർഡിന്റെ ഉപലബ്ധിക്കു കഴിഞ്ഞിട്ടുണ്ട്. പണ്ട്, ഈയത്തിൽനിന്നു വെള്ളിയോ വെള്ളിയിൽനിന്നു പൊന്നോ ഉളവാക്കാമെന്നു കുറെ വിദ്വാന്മാർ സ്വപ്നം കണ്ടിരുന്നില്ലേ? അവരെയെല്ലാം മരമണ്ടന്മാരായിട്ടേ അടുത്ത കാലംവരെ ലോകം എണ്ണിയിരുന്നുള്ളു. എന്നാൽ റതർഫോർഡിന്റെ പരമാണുതത്വജ്ഞാനം അവരുടെ നിലയെ ഭേദപ്പെടുത്തിയിരിക്കുന്നു. എല്ലാധാതുക്കളും വിദ്യുച്ഛക്തിമാത്രകൃതങ്ങളെങ്കിൽ ഒരു ലോഹത്തെ മറെറാരു ലോഹമായി മാററാമെന്നു വ്യാമോഹിക്കുന്നതിൽ എന്താണയുക്തി? ഒരു ലോഹത്തിന്റെ പരമാണുവിനുള്ളിൽ പരിഭ്രമണം ചെയ്യുന്ന വിദ്യുൽകണങ്ങളുടെ എണ്ണം ഭേദപ്പെടുത്തി, പരമാണുകന്ദരത്തിന്റെ ഘടനയെ മറെറാന്നാക്കിയാൽ, ഫലം വേറൊരു ലോഹമായിരിക്കേണ്ടയോ? ഈ സങ്കല്പവും റതർഫോർഡ് ശരിയാണെന്നു തെളിയിച്ചിട്ടുണ്ട്. വിദ്യുച്ഛക്തിയുടെ ബലിഷ്ഠമായ ആഘാതംകൊണ്ട് മിക്കധാതുപരമാണുക്കളേയും അടിച്ചുടക്കാമെന്നാണ്

അദ്ദേഹത്തിന്റെ അഭിപ്രായം. ഏതദ്വിഷയകമായി ആ മഹാൻ മാൻചസ്റ്ററിലേയും കേംബ്രിഡ്ജിലേയും ഗവേഷണമന്ദിരങ്ങളിൽവെച്ചു ചെയ്തിട്ടുള്ള യത്നങ്ങളുടെ റിപ്പോർട്ട് ഏവനേയും അമ്പരപ്പിച്ചുകളയും. പദാർത്ഥപരമാണുക്കളോടു ധീരധീരം പടവെട്ടി ജയിച്ച് അവയുടെ വക്ഷസ്സിൽക്കൂടി പരമാത്മാവിലേക്കു വഴി വെട്ടിയ ഗജവിക്രമനാണ് റതർഫോർഡെന്നു പറഞ്ഞാൽ അതിശയോക്തിയാവുകയില്ല.

ജെ. സി. ബോസിന്റെ നിഗമനവും അത്ഭുതാവഹമായ ഒന്നാണ്. അദ്ദേഹം ആദ്യം വൈദ്യുതകാന്തവീചികളുടെ വ്യാപാരങ്ങളെപ്പററിയാണ് പരീക്ഷണം നടത്തിയിരുന്നതു്. അതിനിടക്കു, വിദ്യുന്നിർഘാതമേററ സസ്യങ്ങളുടെ ഭാവഭേദങ്ങൾ മനസ്സിലാക്കുവാൻ അദ്ദേഹം ഒരുങ്ങി. ആ ശ്രമം സസ്യവിജ്ഞാനീയത്തെ അടിത്തറയോളം ഇളക്കുന്നതിനു പര്യാപ്തമായി. സസ്യങ്ങൾ നിർജ്ജീവങ്ങളാണെന്നും അവയുടെ ഉൽപത്തിപരിണാമങ്ങൾ ജീവികളുടേതിൽനിന്നു ഭിന്നങ്ങളാണെന്നുമല്ലെ വെയ്പ്? പണ്ഡിതന്മാരും അപ്രകാരമേ ധരിച്ചിരുന്നുള്ളു. ബോസിന്റെ ഉപജ്ഞകൾ ആ ധാരണകളെ പാടേ വിപാടനംചെയ്തു. സസ്യങ്ങൾക്കും ചൈതന്യമുണ്ടെന്നും ബാഹ്യപ്രചോദനങ്ങളേററാൽ (External Stimulus) ജീവികൾക്കുണ്ടാകുന്ന വികാരങ്ങളെല്ലാം സസ്യങ്ങൾക്കും അനുഭവപ്പെടുന്നുണ്ടെന്നും അദ്ദേഹം ഗവേഷണശാലയിൽവെച്ചു നിരാക്ഷേപമാംവണ്ണം പ്രത്യക്ഷപ്പെടുത്തി. സസ്യവിജ്ഞാനീയത്തിൽ പൌരോഹിത്യം വഹിച്ചിരുന്ന പല പാശ്ചാത്യന്മാരും അത്ഭുതപ്പെട്ടുപോയി. എന്നാൽ അവർ തൽകാലം ബോസിന്റെ സിദ്ധാന്തങ്ങളെ ശരിവെച്ചില്ല. ഒരു ഭാരതീയൻ യൂറോപ്പിന്റെ സംസ്കാരക്ഷേത്രത്തിൽ കാൽ വെക്കുകയോ? അതു പാടില്ലെന്നുള്ള ശാഠ്യം മാത്രമേ പാശ്ചാത്യർക്കു ബോസിന്റെ മുമ്പിൽ തല കുനിക്കുന്നതിനു പ്രതിബന്ധമായിരുന്നുള്ളു. അവർ പല വികത്ഥനങ്ങളും ചെയ്തു. ബോസ് അവസ്ഥശേഷം ഉചിതമായി മറുവടി പറഞ്ഞു. ഒരു വെള്ളക്കാരൻ ബോസിന്റെ നിർദ്ധാരണങ്ങളെ സ്വായത്തമാക്കാൻ ചില കടുങ്കയ്യുകൾ ചെയ്തു. അവയൊക്കെ പിന്നീടു ലോകസമക്ഷം അനാച്ഛാദിതങ്ങളായി. അങ്ങനെ ബോസിന്റെ മഹാശ്രമം ഒടുവിൽ വിദ്വത്സമ്മതി നേടി വിളങ്ങി.

ജെ. സി. ബോസ് മററുള്ളവരെക്കാൾ കൂടുതൽ അഭിനന്ദനീയനാണ്. കേംബ്രിഡ്ജിലെപ്പോലെ ശാസ്ത്രീയമായ പര്യന്വേഷണങ്ങൾക്കു പററിയ പരിതഃസ്ഥിതി കൽക്കത്തയിൽ ഉണ്ടായിരുന്നില്ല.

നവീന സാമഗ്രികളാൽ സമലംകൃതമായ ഒരു പ്രേക്ഷണമന്ദിരംതന്നെ അദ്ദേഹത്തിനു പുതുതായി സ്ഥാപിക്കേണ്ടിവന്നു. അതൊരു നിസ്സാരകാൎയ്യമല്ല. ഇന്നു അതു കൽക്കത്താകലാശാലയോടനുബന്ധിച്ച് ബോസിന്റെ ഭാസുരസ്മാരകമായി പരിലസിക്കുന്നു. അങ്ങനെ വേണ്ടത്ര സാമഗ്രികളെല്ലാം സ്വയമേവ ക്ലേശിച്ചുണ്ടാക്കി, അവയുപയോഗിച്ച് അദ്ദേഹം കണ്ടുപിടിച്ച തത്വങ്ങൾക്ക് സൂൎയ്യരശ്മി കാണുവാൻ എത്രയോ പ്രയാസപ്പെടേണ്ടിവന്നു. ആകാശത്തോളം പൊങ്ങിയിരുന്ന അസൂയാഭിത്തിയെ ഇടിച്ചു നിരത്തിയിട്ടു വേണ്ടിയിരുന്നു അവക്ക് തലനിവൎത്തി ദിഗന്തങ്ങളെ ദൎശിക്കുവാൻ.

ഭാരതീയൎക്ക് സയൻസിൽ പൂൎവ്വാധികം അഭിനിവേശം ജനിപ്പിക്കുവാൻ ബോസ് ചെയ്തിട്ടുള്ള യത്നങ്ങൾക്കു കയ്യും കണക്കുമില്ല. ആയുസ്സും അൎത്ഥവും ഒപ്പം അദ്ദേഹം അതിനുവേണ്ടി അൎപ്പിച്ചിട്ടുണ്ട്. മരിക്കുമ്പോൾ തന്റെ 17 ലക്ഷം ഉറുപ്പികയുടെ സ്വത്തിൽ മുക്കാലേയരക്കാലും ശാസ്ത്രീയഗവേഷണത്തിന്റെ പ്രോത്സാഹനത്തിന്നായി നീക്കിവെച്ച ആ മഹാശയന്റെ ഔദാൎയ്യാതിശയത്തെ ആർ കുമ്പിടുകയില്ല?

ഉടൽവിട്ടു തെളിഞ്ഞുയരുന്നൊരീ
ദൃഢതേജസ്സുകൾ വെൽക വിണ്ണിലും.

കൈരളീദാസൻ.

# കലയും സന്മാർഗ്ഗവും.

"കലാകാരൻ സുന്ദരവസ്തുക്കളുടെ സ്രഷ്ടാവാകുന്നു.

കലയെ പ്രകാശിപ്പിക്കുകയും കാലകാരനെ ഗോപനം ചെയ്യുകയുമാണ് കലയുടെ ഉദ്ദേശ്യം.

സുന്ദരവസ്തുക്കളെക്കുറിച്ചുള്ള സ്വാവബോധത്തെ മറ്റൊരു പ്രകാരത്തിൽ അഥവാ ഒരു നൂതനസാമഗ്രിയിൽ വിവർത്തനം ചെയ്യുന്നവനാരോ, അവനാണു നിരൂപകൻ.

ഉത്തമമായ നിരൂപണവും അധമമായ നിരൂപണവും ഒരുവക ആത്മപ്രകാശനമാകുന്നു.

സുന്ദരവസ്തുക്കളിൽനിന്നു ജുഗുപ്സിതാർത്ഥങ്ങൾ ഗ്രഹിക്കുന്നവർ രസികത്വമില്ലാത്ത മലിനഹൃദയന്മാരാകുന്നു. ഇതു അബദ്ധമാണ്.

സുന്ദരവസ്തുക്കളിൽനിന്നു സുന്ദരാർത്ഥങ്ങൾ ഗ്രഹിക്കുന്നവർ സംസ്കൃതഹൃദയന്മാരാണ്. അവർക്കു ആശയ്ക്കു വകയുണ്ട്.

സുന്ദരവസ്തുക്കളെ സൌന്ദര്യമാത്രമായി ദർശിക്കുന്നവരാരോ, അവരാണ് കലാക്ഷേത്രത്തിലെ അന്തേവാസികൾ.

സാന്മാർഗ്ഗികഗ്രന്ഥം അല്ലെങ്കിൽ അസാന്മാർഗ്ഗികഗ്രന്ഥം എന്നൊന്നില്ല. ഗ്രന്ഥങ്ങൾ ഒന്നുകിൽ സുവിരചിതങ്ങളാണ്, അല്ലെങ്കിൽ ദുർവ്വിചരിതങ്ങളാണ്; അത്രേയുള്ളു.

*   *   *   *   *

മനുഷ്യൻെറ ധാർമ്മികജീവിതം കലാകാരൻെറ പ്രതിപാദ്യവിഷയത്തിൽ പെട്ടതുതന്നെ. എന്നാൽ കലാകാരൻെറ ധർമ്മം അടങ്ങിയിരിക്കുന്നതു്. അസമഞ്ജസമായ വിഷയത്തെ സമഞ്ജസമായി പ്രയോഗിക്കുന്നതിലാണ്. കലാകാരൻ യാതൊന്നും സമർത്ഥിക്കുവാൻ ഒരുമ്പെടുന്നില്ല. യഥാർത്ഥമായ കാര്യങ്ങൾപോലും സമർത്ഥിക്കപ്പെടാവുന്നവയാണല്ലൊ.

കലാകാരനു സാന്മാർഗ്ഗികമായ പ്രസക്തിയില്ല. അങ്ങനെയൊരു പ്രസക്തി കാവ്യത്തിലേ അക്ഷന്തവ്യമായ ഒരു 'വെച്ചുകെട്ടാ'യിരിക്കും.

കലാകാരൻ ഏകാശയവിമൂഢനല്ല. കലാകാരന് എന്തും പ്രകാശിപ്പിക്കാം.

വിചാരവും ഭാഷയും കലയുടെ ആയുധങ്ങളാകുന്നു.

നന്മയും തിന്മയും കലയുടെ സാമഗ്രികളാകുന്നു.

കലയുടെ ബാഹ്യരൂപം സംബന്ധിച്ചിടത്തോളം, എല്ലാക്കലകളുടേയും ആദർശം സംഗീതമാണ്. രസസംഹൃത്തിയെ സംബന്ധിച്ചിടത്തോളം നാട്യമാണ് എല്ലാക്കലകളുടേയും ആദർശം.

കല ഒരേകാലത്തു ബാഹ്യരൂപകവും വ്യംഗ്യരൂപകവുമാണ്. ബാഹ്യരൂപത്തിനുള്ളിൽ ചുഴിഞ്ഞു കയറിയാലുള്ള അപകടം അങ്ങനെ ചെയ്യുന്നവരുടെ തലയിൽത്തന്നെയിരിക്കും.

വ്യംഗ്യാർത്ഥം സ്വീകരിക്കുന്നവർ സ്വയംകൃതാനർത്ഥത്തെ വരിക്കുന്നു.

ജീവിതത്തെയല്ല, വായനക്കാരെയാണു (അഥവാ കലാസ്വാദകന്മാരെയാണ്) കല പ്രതിബിംബിപ്പിക്കുന്നതു്.

ഒരു കലാസൃഷ്ടിയെപ്പററി അഭിപ്രായവൈപരീത്യം ഉണ്ടായാൽ, അതു ആ കലാസൃഷ്ടിയുടെ നൂതനത്വവും നാനാമുഖത്വവും സജീവത്വവുമാണു പ്രകടിപ്പിയ്ക്കുന്നതു്.

നിരൂപകന്മാർ കലഹിയ്ക്കുന്നപക്ഷം, കലാകാരൻ സ്വധർമ്മം പാലിച്ചിട്ടുണ്ടെന്നാണു് അതിൻെറ താൽപര്യം.

പ്രയോജനകരമായ ഒരു വസ്തു നിർമ്മിയ്ക്കുന്ന ആൾക്കു മാപ്പുകൊടുക്കാം— ആയാൾക്കു അതിൽ അഭിനിവേശമില്ലാതിരിയ്ക്കുന്നുവെങ്കിൽ. പ്രയോജനശൂന്യമായ ഒരു വസ്തുവിൻെറ നിർമ്മാണത്തെ സാധൂകരിപ്പാൻ, ആ വസ്തുവിൽ നിർമ്മാതാവിനുള്ള ഉൽകടമായ അഭിനിവേശം മാത്രമേ കാരണമായിട്ടുള്ളൂ.

സമസ്തകലയും പ്രയോജനശൂന്യമാണു്.''

—ഓസ്കാർ വൈൽഡ്.

ലോകത്തിനു നേരേ വിപരീതമായ അഭിപ്രായം പ്രകടിപ്പിക്കുക ഓസ്കാർ വൈൽഡിൻെറ വ്രതമായിരുന്നു. കാവ്യം ധർമ്മോന്മുഖമായിരിയ്ക്കണമെന്ന സിദ്ധാന്തത്തിൻെറ പ്രചുരിമതന്നെ അതിനെ എതിർക്കുവാൻ വൈൽഡിൻെറ വികടസ്വരസ്വത്തിനു മുഖ്യകാരണമായിത്തീർന്നു. സ്വതസ്സിദ്ധമായ നിശിതയുക്തി പ്രയോഗിച്ചു കലയേയും സന്മാർഗ്ഗതത്വങ്ങളേയും വേർപെടുത്തുകയാണു വൈൽഡ് മേലുദ്ധരിച്ച വാക്യങ്ങളിൽ ചെയ്യിരിക്കുന്നതു്.

'കർമ്മാർത്ഥം കർമ്മം' മുതലായ ചൊല്ലുകൾ കണ്ണുമടച്ചു വിശ്വസിച്ചുപോരുന്ന ജനങ്ങൾ 'കലയ്ക്കുവേണ്ടി കല' എന്നു കേൾക്കുമ്പോൾ നെററി ചുളിക്കുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. കലാസൃഷ്ടി ചെയ്യുന്നതു കലാപ്രകാശത്തിനല്ലെങ്കിൽ പിന്നെ എന്തിനാണു്? ഒരു കത്തി ഉണ്ടാക്കുന്നതു കത്തിയ്ക്കുവേണ്ടി, എന്നുവെച്ചാൽ ഒരു കത്തികൊണ്ടു് എന്തെല്ലാം ഉപയോഗമുണ്ടോ അതിനായിട്ടു മാത്രമാണു്, എന്നു പറഞ്ഞാൽ ആക്ഷേപത്തിനു വകയില്ല. കത്തി ഉണ്ടാക്കുന്നതു സാമർഗ്ഗികവെട്ടുകൾ വെട്ടാനാണെന്നു് ആരും പറകയില്ല. എന്നാൽ ഒരു കലാസൃഷ്ടി ചെയ്യുന്നതു കലയ്ക്കു് എന്തെല്ലാം ഗുണങ്ങളുണ്ടോ അവയെ പ്രകാശിപ്പിക്കുവാനാണു്, എന്നു പറഞ്ഞാൽ അതു വലിയ അപകടമുള്ള ഒരു സിദ്ധാന്തമായിട്ടാണു ചിലക്കു തോന്നുന്നതു്. മറിച്ചു, കലാസൃഷ്ടിയുടെ ഉദ്ദേശ്യം സന്മാർഗ്ഗനിർദ്ദേശം ചെയ്യുകയാണെന്നോ ഈശ്വരവിശ്വാസം വർദ്ധിപ്പിക്കുകയാണെന്നോ സനാതനധർമ്മം പാലിയ്ക്കുകയാണെന്നോ മററോ പറഞ്ഞാൽ അവക്കു വലിയ ആശ്വാസമായി. 'സന്മാർഗ്ഗം', 'സന്മാർഗ്ഗം', എന്നു പലവട്ടം ഉരുവിടുന്നതിൽത്തന്നെ അവക്കു് എന്തെന്നില്ലാത്ത ഒരു രസമുണ്ടു്.

'കലയ്ക്കു സാന്മാൎഗ്ഗികമായ ഉദ്ദേശമല്ല ഉള്ളതു്' എന്നു പറയുന്നതു കേട്ടാൽ അവർ കാതു പൊത്തി 'ശാന്തം പാപം!' എന്നു് ആക്രോശിക്കുന്നു. "കലയ്ക്കു ദൌൎമ്മാൎഗ്ഗികമായ ഉദ്ദേശമുണ്ടു്" എന്നൊരു ടിപ്പണിയും അവർ പ്രസ്തുതവാക്യത്തിനു ചുവടെ ചേൎക്കുന്നു. കലാകാരൻ ദുർവൃത്തനാണെന്നുള്ള വ്യാഖ്യാനം പുറമെ.

ഒരു ഗണിതശാസ്ത്രജ്ഞനോ ഭൂഗൎഭശാസ്ത്രജ്ഞനോ സാന്മാൎഗ്ഗികമായ ഉദ്ദേശമില്ല എന്നു് അവർ നിഷ്പ്രയാസം സമ്മതിയ്ക്കും. കണക്കു കൂട്ടുക, പാറക്കഷണങ്ങൾ തരം തിരിയ്ക്കുക, മുതലായ വ്യാപാരങ്ങൾക്കും സന്മാൎഗ്ഗസംഹിതയ്ക്കും തമ്മിൽ വലിയ ബന്ധമില്ലെന്നു പ്രസ്പഷ്ടമാണു്. എന്നാൽ കലാകാരനു അങ്ങനെയൊരു സ്വാതന്ത്ര്യം അനുവദിക്കുവാൻ അവൎക്കു ഭയമാണു്. മനുഷ്യഹൃദയത്തെ ഇളക്കുവാൻ കലയ്ക്കുള്ള സാമൎത്ഥ്യംകൊണ്ടായിരിക്കണം കലാകാരന്റെ സ്വാതന്ത്ര്യത്തോടു് അവർ ഇത്രയേറെ അസഹിഷ്ണുത പ്രദശിപ്പിക്കുന്നതു്. കലയെക്കൊണ്ടു സന്മാൎഗ്ഗത്തിന്നു വിടുപണി എടുപ്പിക്കുവാനാണു് അവരുടെ ഉത്സാഹം. കലയ്ക്കു പരാപേക്ഷ കൂടാത്ത ഒരു സ്ഥാനം നൽകുവാൻ അവൎക്കു മനസ്സു വരുന്നില്ല. എന്നാൽ കലയെ ഇപ്രകാരം ദാസ്യവൃത്തിയ്ക്കു് ഉഴിഞ്ഞിട്ടശേഷം അവർതന്നെ കലയുടെ മാഹാത്മ്യം കൊട്ടി മുഴക്കുന്നതു കേൾക്കുമ്പോൾ, അവരുടെ യുക്തിയോടു കുറഞ്ഞൊരു അനാദരം തോന്നാതിരിക്കുന്നതെങ്ങനെ?

കലാകാരൻ മനുഷ്യനായതുകൊണ്ടു സന്മാൎഗ്ഗനിയമങ്ങൾക്കു് അയാൾ വിധേയൻതന്നെ; സംശയമില്ല. കലാകാരൻ സന്മാൎഗ്ഗനിരതനായിരിയ്ക്കണമെന്നാണു വാദമെങ്കിൽ, അതു് അനായാസം സമ്മതിയ്ക്കാം. കലാകാരൻ മാംസഭക്ഷണം ഉപേക്ഷിയ്ക്കണമെന്നാണു നിൎദ്ദേശമെങ്കിൽ അങ്ങനെയാകട്ടെ. ടാഗോർ താടിക്കാരനായതുകൊണ്ടു കവികളെല്ലാം താടി വളൎത്തണമെന്നാണു കല്പനയെങ്കിൽ അതും ശിരസാ വഹിച്ചേക്കാം. പക്ഷേ താടിയ്ക്കായിട്ടാണു കാവ്യസൃഷ്ടി ചെയ്യേണ്ടതു്, താടി വളൎത്തിയില്ലെങ്കിൽ കാവ്യമില്ല, എന്നു പറഞ്ഞാൽ വലിയ കഷ്ടം തന്നെ. സന്മാൎഗ്ഗതത്വങ്ങൾക്കു ഹാനി വരാത്ത വിധത്തിൽ കാവ്യരചന സാധിയ്ക്കണമെന്നാണു നാം ആഗ്രഹിയ്ക്കുന്നതും ആഗ്രഹിയ്ക്കേണ്ടതും. ഉൽകൃഷ്ടകാവ്യങ്ങളെല്ലാംതന്നെ വാസ്തവത്തിൽ മനുഷ്യരെ സദ്വൃത്തരാക്കുവാൻ പര്യാപ്തങ്ങളാണുതാനും. അസദ്വൃത്തിയിൽ സൌന്ദൎയ്യം ആരോപിയ്ക്കുന്നതിനേക്കാൾ സദ്വൃത്തിയെ രമണീയമാക്കിച്ചെയ്യുന്നതാണു് എളുപ്പം. പക്ഷേ അസദ്വൃത്തിയെപ്പോലും രമണീയമാ

ക്കിളച്ചെയ്യുവാൻ കാവ്യത്തിനു കരുത്തുണ്ടെന്നുള്ള കാൎയ്യം അനുഭവവേദ്യമാണ്. അതിന് ഈ കരുത്തുള്ള കാലത്തോളം സന്മാൎഗ്ഗത്തെ അതിൻെറ മാനദണ്ഡമാക്കുന്നതെങ്ങനെ? മനുഷ്യരുടെ ഇതരശക്തികൾക്കെന്നപോലെ കലാബുദ്ധിക്കും സൽപഥത്തിലോ അസൽപഥത്തിലോ ചരിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. സൂക്ഷ്മമാലോചിച്ചാൽ കലാബുദ്ധിയും ധൎമ്മബുദ്ധിയും ഭിന്നലോകങ്ങളിലാണു ചരിക്കുന്നതെന്നു കാണാവുന്നതാണ്. ഒന്നു സൌന്ദൎയ്യത്തേയും മററതു സത്യത്തേയും ലക്ഷീകരിക്കുന്നു. ധൎമ്മലോകത്തിൻെറ രാമണീയകം സ്ഥിതിചെയ്യുന്നതു സത്യത്തിലാണെങ്കിൽ, കലാലോകത്തിലെ സത്യം രാമണീയകത്തിലാണ് അന്തൎഹിതമായിരിക്കുന്നത്. ധൎമ്മലോകത്തിലെ സത്യമല്ല കലാലോകത്തിലെ സത്യം. പദം ഒന്നുതന്നെയാണെങ്കിലും അൎത്ഥം രണ്ടാണ്. രണ്ടും ഒന്നുതന്നെയാണെന്നു കീററ്സിൻെറ വാക്കുകൾ തെററിദ്ധരിച്ചു ചിലർ വ്യാമോഹിക്കുന്നതുകൊണ്ടു വാദം പൂൎവ്വാധികം ദുൎഗ്രഹമാകുന്നതേയുള്ളു.

പല കലകൾക്കും സന്മാൎഗ്ഗവുമായി പ്രത്യക്ഷബന്ധമൊന്നുമില്ല; വല്ല ബന്ധവുമുണ്ടെന്നു വരുത്തിക്കൂട്ടുവാൻ നന്നേ ക്ലേശിക്കേണ്ടിവരും. ലോകപ്രസിദ്ധമായ വീനസ്സിൻെറ ശിലാപ്രതിമയുടെ കാൎയ്യം ഒന്നാലോചിക്കുക. സൎവ്വാംഗമോഹിനിയും രാഗതരളിതയുമായ ഒരു ദേവിയുടെ നഗ്നരൂപമാണ് അതു്. യവനശില്പകരണത്തിന്ന് അതിനേക്കാൾ ശ്രേഷ്ഠമായ ഒരു ദൃഷ്ടാന്തമില്ല. ഈ പ്രതിമയിൽനിന്ന് എന്തു സന്മാൎഗ്ഗപാഠമാണു നാം മനസ്സിലാക്കേണ്ടതു്? നാമും നഗ്നവേഷം അവലംബിക്കണമെന്നോ? സൌന്ദൎയ്യം വൎദ്ധിപ്പിക്കണമെന്നോ? ലോകത്തെ വിഭ്രമിപ്പിക്കണമെന്നോ? ഒരു യവനശില്പകാരൻ സ്വഹസ്തനിൎമ്മിതമായ ഒരു ശിലാപ്രതിമയുടെ അപ്രതിരോധ്യമായ സൌന്ദൎയ്യാതിശയത്താൽ വ്യാമൂഢനായി ആ പ്രതിമയെ രാഗോന്മാദത്തോടെ ആലിംഗനം ചെയ്തു് അതേനിലയിൽ മൃതിയടഞ്ഞതായി ഒരു ഐതിഹ്യമുണ്ട്. ആ പ്രതിമ ഒരു ഉൽകൃഷ്ടകലാസൃഷ്ടിയായിരുന്നിരിക്കണമെന്നുള്ളതിനു തൎക്കമില്ല. എന്നാൽ അതിൻെറ സാന്മാൎഗ്ഗികഫലം എന്തു്? താജ്മഹാൾ എന്തു ധൎമ്മോപദേശമാണു ചെയ്യുന്നതു്? സംഗീതം കേട്ടാൽ പാമ്പും തലയാട്ടും. പാമ്പിനു സാന്മാൎഗ്ഗികബുദ്ധിയുണ്ടെന്നാണോ നാം അനുമാനം ചെയ്യേണ്ടതു്? യാതൊരു അൎത്ഥവുമില്ലാത്ത ചില ശബ്ദങ്ങളുടെ സംയോഗവിശേഷത്താൽ നാം ആനന്ദലഹരിയിൽ ആറാടുന്നു. സംഗീതത്താൽ

ഉന്മത്തരായി യോധന്മാർ സോത്സാഹം നരഹത്യ ചെയ്യുന്നു. വേശ്യാംഗനമാർ കാമിജനങ്ങളെ നർത്തനാദികളാൽ പാട്ടിലാക്കുന്നു. ഇവയിലൊന്നിലും സന്മാർഗ്ഗത്തിന്റെ കണികപോലുമില്ല. എന്നാൽ ഇവയിൽ കലാവിലാസമില്ലെന്നു പറവാൻ സാധിക്കുമോ?

കല കലയും സന്മാർഗ്ഗം സന്മാർഗ്ഗവുമാണ്. രണ്ടും മനുഷ്യർക്കു വേണ്ടതുതന്നെ. ഒന്നിനെ മറ്റൊന്നിന്റെ നിഴലാക്കുന്നതു നിഷ്പ്രയോജനമാണെന്നുതന്നെയല്ല, അയുക്തികവുമാകുന്നു.

എം. പി. പോൾ എം. എ.

---

# “വിശ്രമിക്കാം”

(1) “പണിപലതു കഴിഞ്ഞു കാഞ്ചന-
ക്വണിതമൊടെങ്ങു നടന്നതില്ല നീ
ഇനി ചെറുതിട വിശ്രമിച്ചിടാം
സ്തനിതഭയങ്കരമായി വാണിടാം.

(2) ഇടിയുടെ പിറകേ പുറപ്പെടാം
ഝടിതി ഘനാഘനഘോരമാരിയും
ഉടനടി പുഴ പൊങ്ങിടാം, പുറം-
വടിവിലൊരേകത പാരിതാർന്നിടാം.

(3) മലയുടെ തല പൊക്കിയുള്ളൊരാ
നില നിമിഷത്തിലദൃശ്യമായ്‌വരാം
പല ശിഖരമിടിഞ്ഞുടഞ്ഞൊലി-
ച്ചുലകടലൊട്ടു നികന്ന്‌വെന്നുമാം.

(4) നരതതി നിലവിട്ടു നിന്നുമ-
പ്പരിണതിയോർത്തയി ഭോഗലോലതേ!
ധരണിയിതു വെടിഞ്ഞൊളിഞ്ഞുപോയ്-
ച്ചുരുളുക മേരുവിൽമേൽപ്പരപ്പിൽ നീ.

(5) നരനുടയ നിസർഗ്ഗചാപലം
കരനിരകൊണ്ടു കുലുക്കി നിത്യം
ത്വരിതതരമുണർത്തുകില്ലയോ
ധരണിയിൽ നിൻ നവകേളി കാണുവാൻ?

(6) മണിമയസദനങ്ങൾ ചേർന്നെഴും
മധുചഷകങ്ങൾ വസന്തവേളയിൽ
മധുരനിഭൃതമൊന്നു മൂളിയാൽ
മതി തവമേന്മ പുകഴ്ന്നുവീണ്ടുമേ.

—കെ. കെ. രാജാ.

---

- ‘കാപ്പിററലിസ’ത്തെയും ‘കമ്മ്യൂണിസ’ത്തെയും സ്മരിച്ചു വായിക്കണം.

# കൌടില്യന്റെ ഗൂഢപുരുഷന്മാർ.

## അൎത്ഥശാസ്ത്രത്തിൽനിന്നു ലഭിക്കുന്ന അനൎഘവിജ്ഞാനം.

"രാജാനശ്ചാരചക്ഷുഷഃ" അതായതു രാജാക്കന്മാരുടെ കണ്ണുകൾ ചാരന്മാരാണു് എന്നു പ്രസിദ്ധിയുണ്ടു്. രാജാക്കന്മാർ സ്വദേശത്തിലും പരവിഷയത്തിലും നടക്കുന്ന കാൎയ്യങ്ങൾ അറിവാൻ ചാരന്മാരെ ഉപയോഗപ്പെടുത്തുന്ന സമ്പ്രദായം പണ്ടുപണ്ടേ നടപ്പുള്ളതാണു്. സ്വദേശത്തു ജനങ്ങളുടെ ദുഷ്പ്രവൃത്തികൾ, രാജപുരുഷന്മാരായ അമാത്യാദികളുടെ നടപടികളിലുള്ള അഴിമതികൾ മുതലായവ ചാരന്മാർ മുഖേന അറിയുകയും അങ്ങനെ അറിയപ്പെട്ട ദുഷ്പ്രവൃത്തികൾക്കും അഴിമതികൾക്കും ഉടനടി പരിഹാരം വരുത്തുകയും ചെയ്യുന്നതു രാജാക്കന്മാരുടെ തന്ത്രത്തിൽ (Home administration) ഒഴിക്കുവാൻ പാടില്ലാത്ത ഒരെണ്ണമായിട്ടു നീതിശാസ്ത്രത്തിൽ പറയുന്നുണ്ടു്. അപ്രകാരംതന്നെ പരവിഷയത്തിലെ (Foreign state) പ്രജകൾക്കും ഉദ്യോഗസ്ഥന്മാൎക്കും അവരുടെ രാജാവിനോടുള്ള അനുരാഗാപരാഗങ്ങൾ, ആ രാജാവിന്റെ ഭരണത്തിലുള്ള രന്ധ്രങ്ങൾ (Weak points), അദ്ദേഹത്തിന്റെ സൈന്യശക്തി മുതലായവ ചാരന്മാർ മുഖേന അറിയുകയും അതിനനുസരിച്ചു് ആ രാജാവിനോടു പെരുമാറുകയും ചെയ്യുന്നതു രാജാക്കന്മാരുടെ ആവാപത്തിലും (Foreign administration) അതിപ്രധാനമായ ഒരെണ്ണമാണു്. ദുൎബ്ബലനായ ഒരു രാജാവിന്റെ രാജ്യത്തു ചാരന്മാരെ പ്രയോഗിച്ചു വലിയ വിപ്ലവങ്ങൾ ഉണ്ടാക്കിത്തീൎത്തു് ആ രാജ്യത്തെ കീഴടക്കുവാൻ ശ്രമിക്കുന്നതും രാജാക്കന്മാരുടെ ഇടയിൽ അപൂൎവ്വമല്ല. ബുദ്ധിപൂൎവ്വമായി ചെയ്യപ്പെടുന്ന ചാരപ്രയോഗംകൊണ്ടു പരവിഷയത്തെ കൃമിജഗ്ദ്ധമായ മരംപോലെ ദുൎബ്ബലമാക്കിത്തീൎത്തു് അധഃപതിപ്പിക്കുന്നതും രാജാക്കന്മാരുടെ ഇടയിൽ ദുൎല്ലഭമല്ല. ഈ ഒടുവിൽ പറഞ്ഞ രണ്ടു സംഗതികൾക്കും ഉദാഹരണങ്ങൾ ഇന്നു പരിഷ്കൃതങ്ങളായ പാശ്ചാത്യപൌരസ്ത്യരാജ്യങ്ങളിൽ പ്രതിദിനമെന്നപോലെ കാണുന്നുണ്ടു്. പരിഷ്കാരത്തിന്റെ പരമകാഷ്ഠയിലെത്തിയതായി സങ്കല്പിക്കപ്പെടുന്ന ഇക്കാലത്തു് അത്യന്തം പരിഷ്കൃതങ്ങളെന്നു പരിഗണിക്കപ്പെടുന്ന എല്ലാ രാജ്യങ്ങളിലെയും ഭരണാധികാരികൾ തന്ത്രാവാപ

ങ്ങൾ നടത്തുന്നതു ചാരന്മാരുടെ സാഹായ്യംകൊണ്ടാണ്. എന്നാൽ, രണ്ടായിരത്തിനാന്തൂറോളം സംവത്സരങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന ദേഹവും മൌൎയ്യചന്ദ്രഗുപ്തന്റെ മന്ത്രിസത്തമനുമായ കൌടില്യൻ സ്വനിൎമ്മിതമായ "അൎത്ഥശാസ്ത്ര"ത്തിൽ ചാരന്മാരെപ്പറ്റി എഴുതിവെച്ചിട്ടുള്ളതു വായിക്കുമ്പോൾ പ്രസ്തുതവിഷയത്തിൽ വലിയ കണ്ടുപിടുത്തമൊന്നും ഈ പരിഷ്കൃതകാലത്തും ഉണ്ടായിട്ടില്ലെന്ന് ഏവൎക്കും ബോദ്ധ്യമാവും. അൎത്ഥശാസ്ത്രത്തിൽ ഈ വിഷയത്തെ കുറിച്ച പ്രതിപാദിച്ചിട്ടുള്ളതിൽനിന്നു ചില സംഗതികൾ ഇവിടെ സംഗ്രഹിക്കുന്നതു വായനക്കാൎക്കു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

കൌടില്യൻ ചാരന്മാൎക്കു സാമാന്യമായി നൽകിയിട്ടുള്ള പേർ ഗൂഢപുരുഷന്മാർ(Spies) എന്നാകുന്നു. അവരെ ഏൎപ്പെടുത്തുന്നതിനു ഗൂഢപുരുഷപ്രണിധി (Institution of spies) എന്നും, അവരുടെ പ്രവൃത്തിക്കു ചാരം (Espionage) എന്നും, അവർ ചെയ്യുന്ന ഗൂഢവാൎത്താസംഗ്രഹത്തിനു ചാരസഞ്ചാരം (Conveying secret information) എന്നും, ശത്രുക്കളുടെ ചാരന്മാരെക്കുറിച്ചറിയുന്നതിനു ചാരജ്ഞാനം(Gathering information about movement of spies) എന്നും പേർ നൽകിയിരിക്കുന്നു. കൌടില്യൻ പറഞ്ഞിട്ടുള്ള ഗൂഢപുരുഷന്മാരിൽ പ്രധാനപ്പെട്ട ചിലരെ താഴെ കാണിക്കുന്ന പട്ടികയിൽനിന്നു മനസ്സിലാക്കാം.

1. കാപടികൻ = Spy in the guise of disciple.
2. ഉദാസ്ഥിതൻ = A recluse who renounced his order.
3 ഗൃഹപതിവ്യഞ്ജനൻ = A spy under the guise of a house-holder.
4. വൈദേഹകവ്യഞ്ജനൻ = Do under the guise of a merchant.
5. താപസവ്യഞ്ജനൻ = Do under the guise of an ascetic practising austerities.
6. സത്രികൾ = Classmate spies.
7. തീക്ഷ്ണന്മാർ = Fiery spies.
8. രസദന്മാർ = Poisoners.
9. ഭിക്ഷുകികൾ = Mendicant women.
10. ലുബ്ധകവ്യഞ്ജനൻ = A spy under the guise of a hunter.
11. ചികിത്സകവ്യഞ്ജനൻ = Do under the guise of a physician.
12. ആൎയ്യാവ്യഞ്ജന = A woman spy under the guise of an Arya woman.
13. ദൂതവ്യഞ്ജനൻ = A spy under the guise of an envoy.

14. ദൂഷ്യവ്യഞ്ജനന്മാർ = Spies disguised as traitors.
15. പുരാണചോരവ്യഞ്ജനന്മാർ = Spies under the guise of old thieves.
16. പ്രതിരോധകവ്യഞ്ജനന്മാർ = Spies disguised as robbers.
17. രാജവ്യഞ്ജനൻ = A pseudo-king.
18. ഭൃതകവ്യഞ്ജനൻ = A spy disguised as a servant.
19. സാധ്വീവ്യഞ്ജനകൾ = Prostitute spies under the garb of chaste women.
20. മിത്രവ്യഞ്ജനൻ = A spy disguised as a friend.
21. മാതാപിതൃവ്യഞ്ജനന്മാർ = Spies under the guise of parents.
22. സൂദവ്യഞ്ജനൻ = A spy under the guise of a cook.
23. ആരാളികവ്യഞ്ജനൻ = A spy under the guise of a sweet meat maker.
24. സിദ്ധവ്യഞ്ജനൻ = An ascetic spy.
25. ആചാര്യവ്യഞ്ജനന്മാർ = Spies disguised as teachers.
26. ഉഭയവേതനന്മാർ = Spies receiving salaries from both the states
27. അപസർപ്പന്മാർ = Spies in siege.
28. രാജാപസർപ്പന്മാർ = Spies aiming at the life of a king.
29. ചോരാപസർപ്പന്മാർ = Spies under the garb of thieves.
30. കാർത്താന്തികവ്യഞ്ജനന്മാർ = Spies disguised as astrologers.
31. ചാരൻ - A wandering spy.
32. ചാരസഞ്ചാരികൾ = Servants leading the spies.
33. മുണ്ഡൻ = A spy with a shaved head.
34 ശസ്ത്രാഗ്നിരസപ്രണിധികൾ = Spies with weapons, fire and poison.

മേൽകാണിച്ച ഗൂഢപുരുഷന്മാരിൽ കാപടികൻ, ഉദാസ്ഥിതൻ, ഗൃഹപതിവ്യഞ്ജനൻ, വൈദേഹകവ്യഞ്ജനൻ, താപസവ്യഞ്ജനൻ എന്നീ അഞ്ചുതരക്കാർ സംസ്ഥകൾ (Institutes of Espionage) എന്ന സ്ഥാപനങ്ങളിൽ ഉൾപ്പെട്ടവരാകുന്നു. ഈ സംസ്ഥകളുടെ ഉൽപത്തിയും പ്രവൃത്തനവും തുലോം രസകരമാണ്. പരമർമ്മജ്ഞനും പ്രഗല്ഭനുമെന്നു തന്റെ ദൃഷ്ടിയിൽ തോന്നിയ ഒരു വിദ്യാർത്ഥിയെ മന്ത്രി ധനമാനങ്ങൾ നൽകി പ്രോത്സാഹിപ്പിച്ച ജനങ്ങളുടേയും ഉദ്യോഗസ്ഥന്മാരുടേയും ഇടയിൽ ഗൂഢമായി പെരുമാറി അവരുടെ നടവടിത്തെറ്റുകൾ അറിഞ്ഞു രഹസ്യമായി അറിവു തരുവാൻ നിയോഗിക്കുന്നു. ഇങ്ങനെ ചെ

യ്യുന്നതുകൊണ്ടു് അവന്നു ആരിൽനിന്നും ഒരുപദ്രവവും വരികയില്ലെന്നു രാജാവിനേയും തന്നേയും പ്രമാണമാക്കി മന്ത്രി ഉറപ്പു കൊടുക്കുകയും ചെയ്യുന്നു. ഈ നിർദ്ദേശപ്രകാരം നാട്ടിൽ പെരുമാറുന്നവനാണു് കാപടികൻ. ഇവന്നു വൃത്തിയും വേതനവും രാജകീയമായിത്തന്നെ നൽകുമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. കാപടികനെ ഏർപ്പെടുത്തുന്നതുപോലെത്തന്നെയാണു് ഉദാസ്ഥിതൻ മുതലായി സംസ്ഥകളിൽപ്പെട്ട മററു ഗൂഢ പുരുഷന്മാരേയും ഏർപ്പെടുത്തുന്നതു്.

ഉദാസ്ഥിതന്റെ സംസ്ഥ ഒരുമാതിരി സന്ന്യാസിമഠമാകുന്നു. സന്ന്യാസഭ്രഷ്ടനായി കാഷായവേഷം ധരിച്ചു നടക്കുന്നവനെയാണു ഉദാസ്ഥിതനെന്നു പറയുന്നതു്. അങ്ങിനെയുള്ളവരിൽ ബുദ്ധിമാനും വിശ്വസ്തനുമായ ഒരുവനുമായി പ്രത്യേകം ചില നിശ്ചയങ്ങൾ ചെയ്തിട്ടാണു് മേല്പറഞ്ഞ സന്ന്യാസിമഠം ഏർപ്പെടുത്തിക്കുന്നതു്. ഈ സന്ന്യാസിമഠത്തിന്റെ നടത്തിപ്പിനുള്ള വരവു് രാജാവു വാർത്തയ്ക്കു (The constitution of agriculture, cattle-breeding and trade) വേണ്ടി വിട്ടുകൊടുത്ത ഭൂമിയിൽനിന്നുണ്ടാകുന്നു. അങ്ങനെയുള്ള ഭൂമിയിൽ മഠം സ്ഥാപിക്കുന്നതിന്നും വാർത്താകർമ്മങ്ങൾ നടത്തുന്നതിന്നും വേണ്ട പണം രാജാവുതന്നെ കൊടുക്കുന്നു. ഈ വാർത്താകർമ്മങ്ങളിൽനിന്നു ലഭിക്കുന്ന ഫലംകൊണ്ടു് അവിടെ വരുന്ന സന്ന്യാസിമാരെയെല്ലാം അന്നവും വസ്ത്രവും പാർപ്പിടവും കൊടുത്തു് സംരക്ഷിക്കുന്നു. അവരിൽവെച്ചു വൃത്തികാമന്മാരായവരെ കാപടികൻ പറഞ്ഞുറപ്പിച്ചു് ആ വേഷത്തോടുകൂടിത്തന്നെ ഗൂഢമായി സഞ്ചരിച്ചു് രാജകാര്യമനുഷ്ഠിക്കുവാൻ നിയോഗിച്ചയക്കുന്നു. അവക്കു വേണ്ട ഭക്തവേതനങ്ങൾ (subsistence and wages) സംസ്ഥകളിൽനിന്നു ലഭിക്കുന്നതാണു്. ഇപ്രകാരം നിയുക്തന്മാരായ കാപടികശിഷ്യന്മാർ, പറഞ്ഞു ഭേദിപ്പിച്ചു തങ്ങളുടെ വർഗ്ഗത്തിൽ വേറേയും അനവധി പേരെ ചേർക്കുന്നു.

കർഷകവൃത്തിയിൽ കഠിനമായ പരാജയം വരികയാൽ ഉപജീവനത്തിന്നു വഴിയില്ലാതെ ഉഴലുന്നവനും ബുദ്ധിമാനും വിശ്വസ്തനുമായ ഒരു കർഷകനാണു് ഗൃഹപതിവ്യഞ്ജനൻ. വാണിജ്യവൃത്തിയിൽ അപ്രകാരം ദോഷം പററിയവനും വിദഗ്ദ്ധനുമായ ഒരു കച്ചവടക്കാരനാണു വൈദേഹകവ്യഞ്ജനൻ. ഒരുകാലത്തു് അത്യന്തം ക്ലേശിച്ചു കഴിഞ്ഞിരുന്ന ആ കൃഷിക്കാരനും ആ കച്ചവടക്കാരനും കാലാന്തരത്തിൽ

അവരുടെ വൃത്തികളിൽ അതിമാത്രമായ ആദായം ലഭിച്ച് വലിയ സമ്പന്നന്മാരായിച്ചമയുന്നു. ആ കൃഷകൻെറ അധീനതയിൽ വളരെ കൃഷിനിലവും അതിൽ പണിയെടുക്കുവാൻ ഒട്ടുവളരെ ദാസപ്രവൃത്തകന്മാരും ഉണ്ടായിത്തീരുന്നു. ഇങ്ങിനെതന്നെയാണ് ആ പൊളിഞ്ഞ കച്ചവടക്കാരന്നും വന്നുചേർന്ന അവസ്ഥ. ഇവക്ക് ഈ അവസ്ഥാന്തരം വന്നുചേർന്നതു രാജകീയമായ ധനം ധാരാളമായി കിട്ടിയതിനാലാണെന്നും, ഈ കൃഷകൻെറയും കച്ചവടക്കാരൻെറയും വരുതായിലുള്ളവരെല്ലാം ശ്രദ്ധപുരുഷന്മാരാണെന്നും പറയേണ്ടതില്ലല്ലോ.

നഗരത്തിൻെറ സമീപത്തിൽ ഒരു താപസൻ വന്നു താമസിക്കുന്നുണ്ട്. അദ്ദേഹത്തിൻെറ കൂടെ മുണ്ഡരും ജടിലരുമായ അനവധി ശിഷ്യന്മാരുമുണ്ട്. അദ്ദേഹത്തിൻെറ വൃത്തി അത്യത്ഭുതമാകുന്നു. ഒന്നു രണ്ടു മാസം കൂടുമ്പോളൊരിക്കൽ വല്ല ഇലയോ പുല്ലോ മാത്രം ഭക്ഷിക്കുന്നതല്ലാതെ വേറെ ആഹാരമൊന്നും ആ താപസൻ കഴിക്കുന്നതായി ആരും കണ്ടിട്ടില്ല. മേൽപ്പറഞ്ഞ കച്ചവടക്കാരൻെറ ശിഷ്യന്മാക്ക് ഈ താപസൻെറ പേരിൽ വലിയ ഭക്തിയും ബഹുമാനവുമാണ്. അദ്ദേഹം സമീധയോഗങ്ങൾ (Preternatural powers) ഉള്ളവനാണെന്ന് അവർ എല്ലാവരോടും പറയാറുണ്ട്. "ഇദ്ദേഹം സാമേധികനായ (An accomplished expert of preternatural powers) ഒരു സിദ്ധനാണ്" എന്നു താപസൻെറ സ്വന്തം ശിഷ്യന്മാരും പറയാറുണ്ട്. ഭാവിഫലമറിവാനുള്ള ഇച്ഛയോടുകൂടി അനവധി ജനങ്ങൾ ഈ താപസൻെറ അടുക്കൽ വരുന്നു. അങ്ങനെ വരുന്നവരുടെ മുഖവികാരങ്ങളും അംഗചേഷ്ടകളും നോക്കിക്കണ്ടും ശിഷ്യന്മാർ കാട്ടുന്ന സംജ്ഞകൾ കണ്ടറിഞ്ഞും താപസൻ അവക്കു വരുവാൻപോകുന്ന ഫലങ്ങൾ വിവരിച്ചു പറയുന്നു. അല്പലാഭമാണു പലരുടേയും ഫലം. ചിലക്ക് അഗ്നിഭയവും ചിലക്കു ചോരഭയവും കാണും. പ്രഷ്ടാവു ദ്രോഹ്യൻ (Traitor) ആണെങ്കിൽ അവന്നു വധവും രാജഭക്തനാണെങ്കിൽ അവന്നു രാജസമ്മാനവും ലഭിക്കുവാനടുത്തിരിക്കുന്നതായും പറയും. കൂടാതെ, ഇന്ന സ്ഥലത്ത് ഇന്ന കാര്യം അടുത്തുതന്നെ നടക്കുമെന്നും സന്ദർഭവശാൽ താപസൻ പറയും. ശൂരന്മാരും ബുദ്ധിശാലികളും വാഗ്മികളുമായ പ്രഷ്ടാക്കന്മാക്കു ഭാഗ്യലാഭവും ഉദ്യോഗലബ്ധിയും ഉണ്ടാകുമെന്നും പറയും. ഇങ്ങനെ താപസൻ പറഞ്ഞ ഫലങ്ങളെല്ലാം അടുത്തുതന്നെ നടക്കുകയും ചെയ്യും. അല്പലാഭംവരുമെന്നു പറഞ്ഞവക്കു കുറച്ചു വല്ല ധനലാഭവുമുണ്ടാകുക, അഗ്നി

ദാഹം ഭവിക്കുമെന്നു പറഞ്ഞവരുടെ ഗൃഹം തീവെവ്വുക, ചോരഭയം വരുമെന്നു പറഞ്ഞവരുടെ വീട്ടിൽ കള്ളൻ കടക്കുക, വധം വരുമെന്നു പറഞ്ഞവരെ കൊലപ്പെടുത്തുക, ദാനം ലഭിക്കുമെന്നു പറഞ്ഞവൎക്കു തക്ക ധനദാനം ചെയ്ക മുതലായ കാൎയ്യങ്ങളെല്ലാം ഗൂഢന്മാരായ സത്രികൾ നടത്തുന്നതാണു്. ഇന്നേടത്തു് ഇന്ന കാൎയ്യം ഇന്നോ നാളെയോ രാജാവു ചെയ്യുമെന്നു പറഞ്ഞതു ഗൂഢപുരുഷന്മാരുടെ വിജ്ഞാപനമനുസരിച്ചു രാജാവും നടത്തിക്കൊള്ളും. പ്രഷ്ടാക്കന്മാർ ശൌൎയ്യവും പ്രജ്ഞയും വാഗ്മിത്വവുമുള്ളവരാണെങ്കിൽ അവൎക്കു ഭാഗ്യലാഭവും മന്ത്രിയുടെ സേവയും വരുമെന്നായിരിക്കും താപസവ്യഞ്ജനൻ ഫലം പറയുക. എന്നാൽ അവൎക്കു താമസിയാതെ രാജകീയമായ വല്ല അധികാരവും മന്ത്രിയുടെ താൽപൎയ്യവും ലഭിക്കുകയും ചെയ്യും.

മേൽകാണിച്ച സംസ്ഥകളിൽപ്പെട്ട ഗൂഢപുരുഷന്മാൎക്കു പൊതുവിൽ സംസ്ഥന്മാർ എന്നും പേരുണ്ടു്. നാട്ടിൽ ഒരേടത്തിരുന്നുകൊണ്ടുതന്നെ ഗൂഢമായി ജോലി നോക്കുന്നവരാകയാലാണു് ഇവൎക്കു സംസ്ഥന്മാർ എന്നു പേരുണ്ടായതു്. ഇവരെക്കൊണ്ടുള്ള പ്രയോജനം അധികവും രാജോപജീവികളുടെ ശൌചാശൌചങ്ങൾ (Purity and impurity in charactor) പരീക്ഷിച്ചറിയുകയാകുന്നു. പൌരജാനപദന്മാൎക്കു രാജാവിന്റെ പേരിലുള്ള രാഗാപരാഗങ്ങളെ പരീക്ഷിക്കുന്നതിന്നും ഇവരെ ഉപയോഗിക്കാം. രാജോപജീവികളുടെ ശൌചാശൌചങ്ങളും പൌരജാനപദന്മാരുടെ രാഗാപരാഗങ്ങളും രാജരാജ്യങ്ങളുടെ വൃദ്ധിക്ഷയങ്ങൾക്കു പ്രധാനകാരണമാണെന്നു പറയേണ്ടതില്ലല്ലോ.

(തുടരും.)

കെ. വി. എം.

# അവർ രണ്ടു പേർ.

അവർ രണ്ടു പേർ — ടോൾസ്റ്റോയിയും ഡാസ്റ്റോവസ്കിയും — രണ്ടു മഹാരഥന്മാരാണു്. മരുഭൂമിയിൽ രണ്ടു ഭീമശിലാവിഗ്രഹങ്ങൾ പോലെ റഷ്യൻ സാഹിത്യത്തിൽ അവർ ഉയൎന്നുനില്ക്കുന്നു. അവരുടെ ഭാവനാസൃഷ്ടികൾ റഷ്യൻജനതയുടെ വിചാരവിചേഷ്ടിതങ്ങളെ കീഴ്മേൽ മറിച്ചിട്ടുണ്ടു്. എന്നാൽ അവർ ആശയത്തിലും ആഖ്യാനത്തിലും ദക്ഷിണോത്തരധ്രുവങ്ങൾപോലെ വ്യത്യസ്തരാണു്.

ടോൾസ്റ്റോയി ആരോഗ്യത്തിന്റെ അവതാരമായിരുന്നു. അദ്ദേഹം സുപ്രജ്ഞരും സാംസാരികരുമായവരെ മാത്രമേ ചിത്രീകരിച്ചിട്ടുള്ളു. ഡാസ്റ്റോവസ്കി അപസ്മാരം പിടിപെട്ടു ക്ഷീണിച്ചവനായിരുന്നു. വിലക്ഷണരും കുററവാളികളും ഭ്രാന്തന്മാരും തെണ്ടികളും സന്യാസികളും മാത്രമായിരുന്നു അദ്ദേഹത്തിന്റെ സൃഷ്ടികൾ. ടോൾസ്റ്റോയി, അധികം കാലവും നാട്ടിൻപുറത്തുണ്ടായിരുന്ന സ്വന്തം വീട്ടിൽ വലിയൊരു കുടുംബത്തിന്റെ നടുവിൽ മിക്കവാറും അടങ്ങിയൊതുങ്ങി സംഭവവിരളമായ ജീവിതം കഴിച്ചുകൂട്ടി. ഡാസ്റ്റോവസ്കി കാലേതന്നെ വധശിക്ഷക്കു വിധിക്കപ്പെട്ടു. അതിൽ നിന്നുണ്ടായ മോചനം സൈബീരിയായിൽ കൊലപ്പുള്ളികളൊന്നിച്ചു നാലുകൊല്ലത്തെ മല്ലുവേലയും പട്ടിണിയുമായി മാറി. അനന്തരം അദ്ദേഹം ആറു കൊല്ലത്തേക്കു നാടുകടത്തപ്പെട്ടു. മടങ്ങിവന്നിട്ടു് അദ്ദേഹം ആരംഭിച്ച പത്രം ഗവൎമ്മേണ്ടാജ്ഞയാൽ നിന്നുപോയി. പിന്നത്തെ പത്രം പണസംബന്ധമായി പല കുഴപ്പങ്ങൾക്കും കാരണമായി. അദ്ദേഹം അതോടെ പാപ്പരായെന്നു പറയാം. താമസിയാതെ അദ്ദേഹത്തിന്റെ കളത്രപുത്രമിത്രങ്ങളെല്ലാം മരണമടഞ്ഞു. കടക്കാരുടേയും പ്രതിപക്ഷികളുടേയും ഇടയിൽ കിടന്നു് അദ്ദേഹം ഞെരിഞ്ഞുപോയി. പല സ്ഥാനങ്ങളിൽനിന്നും പുറപ്പെട്ട അവഹേളനങ്ങൾക്കു ശരവ്യമായിക്കൊണ്ടു പട്ടിണികിടന്നു വല്ലതും ചെയ്യുവാനേ അദ്ദേഹത്തിനു കഴിഞ്ഞിരുന്നുള്ളു.

ടോൾസ്റ്റോയി, ആദ്യം ലോകായതികനും പിന്നീടു സ്വയംകൃതമായൊരു ധൎമ്മസംഹിതക്കുമാത്രം വിധേയനുമായിരുന്നു. ഡാസ്റ്റോവസ്കി തികഞ്ഞൊരു ക്രൈസ്തവന്റെ ക്ഷാന്തിയോടുകൂടി ജീവിച്ചു് ക്രൈസ്തവധൎമ്മാനുസാരേണ ദിവ്യസംസ്കാരങ്ങളെല്ലാം ഗ്രഹിച്ച നിഷ്ണാതനായവനാണു്. ടോൾസ്റ്റോയി വിധൎമ്മനെന്നു മാത്രമല്ല സങ്കുചിതമനസ്കൻ

കൂടിയായിരുന്നു. ഡാസ്റ്റോവസ്കി, പരമ്പരാഗതമായ ധർമ്മത്തിന്റെ പാശത്താൽ ബദ്ധനായിട്ടും വിശാലമനസ്കരിൽ അഗ്രേസരനായി വിളങ്ങി. ടോൾസ്റ്റോയി അമാനുഷശക്തികളെ നിഷേധിക്കയും സന്ന്യാസമധുരിമയെ കൊഞ്ഞനം കാട്ടുകയും ചെയ്തു. ഡാസ്റ്റോവസ്കി, 'ഏകാന്താദ്വയശാന്തിഭൂവി'നെ സമീപിക്കുവാനും പരമാത്മസ്വരൂപത്തെ ഏറെക്കുറെ സാക്ഷാൽകരിക്കുവാനും സമർത്ഥനായി. ടോൾസ്റ്റോയിക്കു വിനയവും വിധേയഭാവവും തൊട്ടുകുറിക്കുവാൻകൂടി ഉണ്ടായിരുന്നില്ല. ഡാസ്റ്റോവസ്കിക്കു് അവ രണ്ടും, വിശേഷിച്ച് ക്ഷാന്തിയും കൂടപ്പിറപ്പുകളായിരുന്നു. ടോൾസ്റ്റോയി കലാസൌന്ദര്യത്തേയും കലാകാരന്മാരേയും വെറുക്കുകയേ ഉണ്ടായിട്ടുള്ളു. ഒരു കവിയേയും അദ്ദേഹത്തിനു് പിടിച്ചിരുന്നില്ല. ഈ മനോഭാവം അദ്ദേഹത്തിനു് ആദ്യമേ ഉണ്ടായിരുന്നു. പുഷ്കിനും (Puskin) ബീത്തോവനും (Beethoven) കേവലമായ സൌന്ദര്യത്തിന്റെ ആവിഷ്കർത്താക്കളെന്ന നിലക്കു് അദ്ദേഹത്തിനു് അമാന്യരായിത്തോന്നി. ഡാസ്റ്റോവസ്കി സാർവ്വലൌകികബുദ്ധിയോടുകൂടിയേ എന്തും നോക്കിയിരുന്നുള്ളു. അദ്ദേഹം ഏതു ദേശത്തെ സാഹിത്യത്തേയും ബഹുമാനിച്ചാസ്വദിച്ചിരുന്നു. ഷേക്സ്പിയറും കൊർണ്ണീലും ഷില്ലറും ഡാൻടിയും അദ്ദേഹത്തിനു് ആരാധ്യരായിട്ടുണ്ടു്. ടോൾസ്റ്റോയിയുടെ സമ്പത്തു് അത്യുജ്ജ്വലമായൊരു അസഹിഷ്ണുതയാണു്. ഡാസ്റ്റോവസ്കിയുടേതു മധുരമധുരമായ യുക്തിയുക്തതയും. ടോൾസ്റ്റോയി സകലസ്വത്തും പാവങ്ങൾക്കു വീതിച്ചുകൊടുത്തു് എളിയൊരു ഗ്രാമീണനായിത്തീരണമെന്നു സ്വപ്നം കണ്ടു. ഡാസ്റ്റോവസ്കി നികൃഷ്ടതമരായ കുററവാളികളൊന്നിച്ചു കായക്ലേശം സഹിച്ചു ഭാരപ്പെട്ട ജോലി ചെയ്തു ജീവിക്കുകതന്നെ ചെയ്തു. ടോൾസ്റ്റോയി പാവങ്ങൾക്കു ഭക്ഷ്യപേയങ്ങൾ വിതരണംചെയ്യേണ്ടതിനെപ്പററി സിദ്ധാന്തങ്ങൾ കെട്ടിപ്പൊക്കിക്കൊണ്ടിരുന്നു. ഡാസ്റ്റോവസ്കി ഒരു ഭിക്ഷുവിനെപ്പോലെ കഷ്ടപ്പെട്ടു കഴിഞ്ഞുകൂടി. ടോൾസ്റ്റോയി, സുഭിക്ഷത്തിന്റെ മടിത്തട്ടിലിരുന്നു സ്വൈരമായി കഥകളെഴുതിത്തള്ളി. അവ പലവട്ടം മാററി എഴുതുന്നതിനു വേണ്ട സമയവും സൌകര്യവും അദ്ദേഹത്തിനുണ്ടായിരുന്നു. ഡാസ്റ്റോവസ്കി പണയപ്പെട്ടുത്തിയ പാണ്ടികക്കഴുതയെപ്പോലെ കടം പോക്കാൻ രാപകൽ പണി ചെയ്തുപോന്നു. കടം വീട്ടി പട്ടിണി പോക്കാൻ നെഞ്ചു നീറി എഴുതിയിറക്കിയതാണു് അദ്ദേഹത്തിന്റെ ഓരോ വരിയും, ഓരോ അക്ഷരവും.

ഈ വ്യാവൎത്തനംകൊണ്ടു് ഒരാളെ അധഃകരിക്കണമെന്നോ മറേറയാളെ ഉയൎത്തണമെന്നോ ഉദ്ദേശിക്കുന്നില്ല. രണ്ടുപേരും മഹാശയന്മാർ; രണ്ടുപേരേയും ഒപ്പം ലോകം ബഹുമാനിക്കുന്നു. പക്ഷേ അവർ ജീവിതത്തിൻെറ വിപരീതസീമാന്തങ്ങളിൽ മത്സരിച്ചു വിളങ്ങുന്ന രണ്ടു ജ്യോതിസ്സുകളാണെന്നു മാത്രം. ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ടോൾസ്റ്റോയി ആജീവനാന്തം തന്നെപ്പററിത്തന്നെ എഴുതി. അദ്ദേഹത്തിൻെറ എല്ലാകൃതികളും ആത്മകഥാകഥനങ്ങളാണു്. തന്നെത്തന്നെ അവതരിപ്പിക്കാതെ അദ്ദേഹം ഒരു രംഗത്തുനിന്നും വിരമിച്ചിട്ടില്ല. ഡാസ്റ്റോവസ്കിയോ? പാവം! അദ്ദേഹം തന്നെപ്പററി ഒരക്ഷരംപോലും പറഞ്ഞിട്ടില്ല. തന്നെക്കാളധികം മററുള്ളവരെ സ്നേഹിപ്പാനായിരുന്നു അദ്ദേഹത്തിനാഗ്രഹം.

ജോസഫ് മുണ്ടശ്ശേരി എം. എ.

# "ഗോപി"യുടെ ആട്ടിൻകുട്ടി.

മേടമാസം കാലം! നട്ടുച്ച സമയം! 'കൃഷ്ണൻനായർ' കുട്ടാടൻ പാടത്തു് ചണ്ടിയും പൈക്കോലും വലിച്ചു കൂട്ടി തീയിട്ടുന്നുണ്ടായിരുന്നു. ഭൂമിദേവിയുടെ ചൂടുള്ള നിശ്വാസങ്ങൾപോലെ ഒരു കാററു് മെല്ലെ വീശി പാടത്തുനിന്നുയന്നു പൊങ്ങിയ ധൂമപടലങ്ങളെ അടുത്തുള്ള ചെറുഭവനങ്ങളിലേക്കടിച്ചുകയററി അതിലെ നിവാസികളെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. 'കട്ടവിണ്ട' ചാലുകളിൽ അങ്ങുമിങ്ങും കെട്ടിനിന്നിരുന്ന ചളിവെള്ളങ്ങളിലേക്കു് 'പോളിക്കൊക്കു'കൾ വെള്ളിവിമാനങ്ങൾ പോലെ കൂട്ടംകൂട്ടമായി വന്നിറങ്ങി. വരമ്പത്തു തഴച്ചു കായ്ച്ചു നിന്നിരുന്ന പച്ചപ്പയറും, വെള്ളരിക്കയും പറിച്ചു കടിച്ചു ചവച്ചു് കന്നുകാലിപ്പിള്ളർ ഓരോന്നു പറഞ്ഞു ശണ്ഠകൂടിക്കൊണ്ടിരുന്നു.

അപ്പോൾ, അഞ്ചു വയസ്സു പ്രായമുള്ള 'ഗോപി' അവൻെറ ആട്ടിൻകുട്ടിയുടെ കയർ പിടിച്ചുംകൊണ്ടു് പച്ചപ്പുല്ലു നിബിഡമായി വളർന്നുനിന്നിരുന്ന വരമ്പത്തേക്കു വന്നു. 'കൃഷ്ണൻനായർ' തലപൊക്കി ഒന്നു നോക്കി. നെററിയിലെ വിയപ്പു തുടച്ചുംകൊണ്ടു് അയാൾ വിളിച്ചു പറഞ്ഞു, "ഗോപീ! എന്തിനാണു് ഈ വെയിലത്തു വീയിഞ്ഞോട്ടു പോന്നതു്? ഈശ്വരാ! തല പൊട്ടിത്തെറിക്കുമല്ലോ!"

'ഗോപി' അവൻെറ അകൃഷ്ണിയമായ മന്ദഹാസത്തോടുകൂടി പറഞ്ഞു, "അച്ഛാ! ഞാൻ മാമുണ്ടു, ൻെറ വിശപ്പു മാറി. ആട്ടിൻകുട്ടിക്കു വിശക്കുണുണ്ടു്, ഞാൻ അയിനെ തീററാൻ കൊണ്ടുന്നതാ"

'കൃഷ്ണൻനായർ' ജോലി മതിയാക്കി; ചാലിൽ കൈകാലുകൾ കഴുകി, തൻെറ ഏകപുത്രൻെറ കൊച്ചുകരം കടന്നു പിടിച്ചു പിറുപിറുത്തു, "ഗോപീ! ഈയാട്ടിൻകുട്ടി കാരണം നീ എന്തൊക്കാണാവോ വരുത്തിക്കൂട്ടുന്നതു്? ഇങ്ങിനെയുണ്ടോ ഒരു കുട്ടി! രാവും പകലും ഈയാട്ടിൻകുട്ടിയിൽനിന്നു വേർപിരിയുകയില്ല!" അവർ വീട്ടിലേക്കു നടന്നു.

'ഗോപി'യെ വിളിച്ചു വിളിച്ചു് ചടഞ്ഞ അവൻെറ മാതാവു് പടിക്കൽ വന്നു നില്ക്കുന്നുണ്ടായിരുന്നു. കോപത്തോടുകൂടി 'കല്യാണിയമ്മ' അവൻെറ കവിൾത്തടത്തിൽ പിടിച്ചൊരു തിരുമ്മു്. "എടാ!

കുറുമ്പാ! ഈ കാക്ക കൊള്ളാത്ത വെയിലത്തു് നീ എങ്ങോട്ടാണു പോയതു്? നാളെത്തന്നെ നിന്റെ ആട്ടിൻകുട്ടിയെ ഞാൻ ആർക്കെങ്കിലും പിടിച്ചുകൊടുക്കും. ഈ ആട്ടിൻകുട്ടി കാരണമാകും നിന്റെ അവസാനം എന്നു് അവൾ പറഞ്ഞു.

ആട്ടിൻകുട്ടിയെ കൊടുത്തുകളയുമെന്നു കേട്ടപ്പോൾ 'ഗോപി'യുടെ കൊച്ചുഹൃദയത്തിനു് ഒരു ഇടച്ചിൽതന്നെയുണ്ടായി; അവൻ വിതുമ്മിക്കരഞ്ഞുകൊണ്ടു പറഞ്ഞു, "അമ്മേ! ഞാനീ ഒരു ദിക്കിലും പൂവ്വല്യ, ന്റെ ആടിംകുട്ട്യേ ആർക്കും കൊടുക്കണ്ടെ!"

"അമ്മ അതിനെ ആർക്കും കൊടുക്കില്ല, കുട്ടൻ മിടുക്കനായി അമ്മ പറഞ്ഞതുപോലെ നടക്കണം, കേട്ടോ?" എന്നു ശാന്തമായി പറഞ്ഞുകൊണ്ടു 'കല്യാണിയമ്മ' അവനെ വാരിയെടുത്തു വസ്ത്രാഗ്രംകൊണ്ടു് അവന്റെ സുന്ദരവദനത്തിലെ വിയർപ്പുതുള്ളികൾ തുടച്ചുകളഞ്ഞു്, അവനെ അവളുടെ ഹൃദയത്തോടമർത്തിപ്പിടിച്ചു.

* * * * *

ഉച്ചഭക്ഷണത്തിനുശേഷം 'കൃഷ്ണൻനായർ' പാടത്തേക്കു പോയി. അപ്പോൾ സുന്ദരനും, ആഡംബരവസ്ത്രധാരിയുമായ 'ശങ്കരമേനോൻ' ആ ചെറുഭവനത്തിലേക്കു കയറിച്ചെന്നു. 'കല്യാണിയമ്മ' 'ഗോപി'ക്കു ചോറു വാരിക്കൊടുക്കുകയായിരുന്നു.

'ശങ്കരമേനോൻ' കുറച്ചു ഗൌരവത്തിൽ ചോദിച്ചു, "ഇവിടെ കൃഷ്ണൻനായരുണ്ടോ?" അവൾ ചാടിയെണീററു് ഒരു പഴയ പുൽപ്പായ തപ്പിയെടുത്തു് ആയാൾക്കിട്ടുകൊടുത്തു വിനയത്തോടുകൂടി പറഞ്ഞു, "ഇല്ല! യജമാനനെ! ഇപ്പോൾതന്നെ പാടത്തേക്കിറങ്ങിപ്പോയതേയുള്ളു." ആയാൾ ഒന്നു മിടയിറക്കിക്കൊണ്ടു പായയിൽ ഇരിപ്പുറപ്പിച്ചു. അവൾ ആയാളെ ഒന്നു സൂക്ഷിച്ചുനോക്കി. കുലീനതയും, ബുദ്ധിശക്തിയും അയാളുടെ മുഖത്തു സ്ഫുരിച്ചുകണ്ടു: പക്ഷെ, ആയാളുടെ ഹൃദയത്തിൽ എന്തോ ഒരു വിഷമവും സംശയവും കിടന്നു തിരതല്ലുന്നുണ്ടെന്നും അവൾക്കു തോന്നി.

ആയാൾ തലതാഴ്ത്തി ശീഘ്രം പറഞ്ഞുതീർത്തു, "നിങ്ങൾ തരുവാനുള്ള സംഖ്യക്കു ഞാൻ അന്യായംകൊടുത്തു വിധി സമ്പാദിച്ചിരിക്കുന്നു. നൂററമ്പതു ഉറുപ്പികയും പലിശയുമുണ്ടു്; അതെനിക്കു് അടുത്ത വസരത്തിൽ കിട്ടാത്തപക്ഷം ഞാനതു പിരിക്കുവാനുള്ള വഴിനോക്കും!"

അവൾ തൊണ്ടയിടറി പറഞ്ഞു, "അയ്യോ! യജമാനനെ! ഇത്ര

വലിയൊരു സംഖ്യ ഞങ്ങാം എവിടെനിന്നാണുണ്ടാക്കുന്നതു്? അന്നന്നത്തെ ആഹാരത്തിനുകൂടി വഴിയില്ലാത്തവൎക്കു് അതെങ്ങിനെ സാധിക്കും? ഇനിയത്തെ കുട്ടാടൻ കൊയ്യുമ്പോഠം കുറച്ചു സംഖ്യയെങ്കിലും തന്നു് കുന്നു മാററിയെഴുതാം."

'ശങ്കരമേനോൻ' മുരണ്ടു, "കടത്തിന്നു നോട്ടെഴുതിയതിൽ പിന്നെ അനേകവട്ടം കുട്ടാടൻ കൊയ്തു! നിങ്ങളുടെ കൊയ്ത്തും മെതിയുമെല്ലാം എനിക്കറിയാം!"

അവഠം തുടൎന്നു, "അവിടത്തെ അച്ഛനുള്ള കാലത്തു് ഈ കടത്തിനു ഞങ്ങളെ ഒരിക്കലും ബുദ്ധിമുട്ടിച്ചിരുന്നില്ല! വലിയ യജമാനന്റെ മരണശേഷം ഈ ഉയൎന്ന വിദ്യാഭ്യാസം സിദ്ധിച്ച അവിടെന്നാണു ഭരണം കയ്യേൽക്കുന്നതെന്നു കേട്ടപ്പോഠം ഞങ്ങഠംക്കു വലിയ സന്തോഷമാണുണ്ടായതു്."

'ശങ്കരമേനോൻ' പതറിപ്പറഞ്ഞു, "ഞാൻ കുടുംബം ഭരിക്കുവാൻ തുടങ്ങിയപ്പോഠം ഈ പണം തരാതെ കഴിക്കാമെന്നാണു നിങ്ങഠം വിചാരിച്ചതു്, അല്ലേ? അതു വളരെ നന്നായി! ഈ വിദ്യയൊന്നും എന്നോടു ഫലിക്കില്ല; സംഖ്യ അടുത്തുതന്നെ കിട്ടാത്തപക്ഷം ——"

അവഠം വാതിൽ ചാരിനിന്നു് ഒരു നെടുവീൎപ്പിട്ടു, "ഈശ്വരാ! ഇതിനൊന്താണു വഴി?"

ആയാഠം അവളെ ആപാദചൂഡം ഒന്നു നോക്കി; ആയാളുടെ സങ്കല്പത്തിൽ ഇത്ര സൌന്ദൎയ്യമുള്ള ഒരു സ്ത്രീ ആ ദിക്കിലൊന്നുമില്ലായിരുന്നു. അല്പം ലജ്ജയോടും പരിഭ്രമത്തോടുംകൂടി അയാഠം പറഞ്ഞു, "ഞാൻ അഞ്ചെട്ടുമാസങ്ങഠംക്കു മുമ്പു് എന്റെ ആഗ്രഹം ഒരു ദൂതൻ വഴിയെ നിന്നോടറിയിച്ചുവല്ലോ! എന്റെ ആ ആഗ്രഹം ഞാൻ വീണ്ടും നിന്നെ അറിയിക്കുന്നു."

അവളുടെ നയനങ്ങഠം രക്തവൎണ്ണമായി, തലമുടി കെട്ടഴിഞ്ഞു വീണു, മാറിടം ഒന്നുകൂടി ഉയൎന്നു, അധരങ്ങഠം വിറച്ചുകൊണ്ടു് അവഠം ഗൎജ്ജിച്ചു, "എടാ, ദുഷ്ടാ! ഇത്ര ഉന്നതമായ ഒരു വിദ്യാഭ്യാസം നിനക്കു സിദ്ധിച്ചിട്ടും നിന്റെ നീചവികാരങ്ങഠംക്കു് ഒരു കുറവും വന്നില്ലല്ലോ! നിന്നേക്കാഠം എത്രയെത്ര പൌരുഷവും സന്മാൎഗ്ഗബോധവുമുണ്ടു് അക്ഷരവിഹീനനായ എന്റെ ഭൎത്താവിനു്! നീ ഞങ്ങളെ പിടിച്ചു പൊളിച്ചാലും, ഞങ്ങളുടെ പൊററക്കുടിൽ കരിച്ചുകളഞ്ഞാലും വേണ്ടില്ല! നിന്റെ ദുരാഗ്രഹത്തിന്നു ഞാൻ വഴിപ്പെടുകയില്ല."

ആയാൾ എന്തോ പിറുപിറുത്തുകൊണ്ടു് അവിടെനിന്നു ശീഘ്രം നടന്നു. "എന്തടാ! നീയെന്റെ അമ്മേ പിത്തപറഞ്ഞെടാ" എന്നു അട്ടഹസിച്ചുംകൊണ്ടു 'ഗോപി' ആയാളുടെ പുറത്തു്, അവന്റെ കയ്യിലുണ്ടായിരുന്ന ചോറുവളകൊണ്ടൊരേറു്!

* * * *

'കൃഷ്ണൻനായർ' രണ്ടു ചാലു് ഉഴുതപ്പോഴേക്കും കേട്ടു തന്റെ ചെറുഭവനത്തിൽനിന്നൊരു നിലവിളി! ആയാൾ നിശ്ചലനായി നിന്നു; അതു ഗോപിയുടെ രോദനമായിരുന്നു. ആയാൾ പാഞ്ഞു വീട്ടിലെത്തിയപ്പോൾ കണ്ട കാഴ്ച ആയാളുടെ ഹൃദയത്തെ ആകെ ഒന്നു കലക്കിമറിച്ചു.

'ശങ്കരമേനോ'ന്റെ ആവശ്യാത്ഥം ആ ചെറുഭവനത്തിലുള്ള സാമാനങ്ങൾ മുഴുവനും 'ജപ്തി' ചെയ്തിരുന്നു, അതോടുകൂടി അവർ 'ഗോപി'യുടെ ആട്ടിൻകുട്ടിയേയും കരസ്ഥമാക്കി. ആ ബാലൻ അവന്റെ അമ്മയെ കെട്ടിപ്പിടിച്ചു് ആട്ടിൻകുട്ടിയെ വാങ്ങിക്കൊടുക്കുവാൻ നിലവിളിക്കയായിരുന്നു.

"ഉണ്ണീ! അമ്മ മകനു് ഇതിലും നല്ല ഒരു ആട്ടിൻകുട്ട്യേ വാങ്ങിത്തരണ്ടു്. കുട്ടൻ കരയാതിരിക്കു! ഇതിനെ അവർ കൊണ്ടുപോയ്ക്കോട്ടെ" എന്നു പറഞ്ഞു് ആ സ്ത്രീ 'ഗോപി'യെ ആശ്വസിപ്പിക്കുവാൻ നോക്കിയെങ്കിലും ഫലമുണ്ടായില്ല. കൃഷ്ണൻനായരെ കണ്ടപ്പോൾ അവൻ അമ്മയുടെ പിടിയിൽനിന്നു വിമുക്തനായി അച്ഛനെ കെട്ടിപ്പിടിച്ചു നിലവിളിച്ചു്, "അച്ഛാ! ന്റെ ആടിംകുട്ട്യേ തരാൻ പറയു."

'കൃഷ്ണൻനായർ' ആട്ടിൻകുട്ടിയെ പിടിച്ചിരുന്ന ഉദ്യോഗസ്ഥനോടു് അപേക്ഷിച്ചു, "യജമാനനെ! ആ ആട്ടിൻകുട്ട്യേ ഇങ്ങോട്ടു മടക്കിത്തരു, ഞാൻ ആറുറപ്പികയ്ക്കു് ഒരു നോട്ടെഴുതിത്തരാം, ആ സംഖ്യ എങ്ങിനെയെങ്കിലും ആറുമാസംകൊണ്ടു തന്നു തീക്കാം."

ആ ഉദ്യോഗസ്ഥൻ മുരണ്ടു, "പോടാ' നീ ധാരാളം നോട്ടെഴുതും! എനിക്കറിയാം. നിന്റെ നോട്ടെഴുത്തൽ കാരണമാണു ഞങ്ങൾക്കിതു ചെയ്യേണ്ടിവന്നതു്."

ഇതെല്ലാം കണ്ടു നിന്നിരുന്ന വേട്ടുവൻ 'ചക്കൻ' കൈരണ്ടും കൂപ്പി ഒരു നേരിയ സ്വരത്തിൽ പറഞ്ഞു, "തമ്പ്രാനെ! ആ ആട്ടിംകുട്ടായിനെ വിട്ടോട്ടുക്കണെ! അല്ലങ്കെ, ആ കുട്ടി നെലോളിച്ചു ചാവും!" ഇതു കേട്ടമാത്രയിൽ ആ സക്കാരുദ്യോഗസ്ഥൻ ഒരു ചാട്ടംചാടി

ഗർജ്ജിച്ചു, "നീയാരടാ? നീയടാ ഇവിടേക്ക കാര്യം പറയുവാൻ വന്നതു്? നിനക്കിത്ര അലിവുണ്ടെങ്കിൽ ഇതിനെ വാങ്ങിച്ച് ആ കുട്ടിക്കു കൊടുക്കടാ?" 'ചക്കൻ' വിറച്ചുംകൊണ്ടു് അല്പം പിന്നിലേയ്ക്കു മാറി, 'കോരന്റെ' കൈപിടിച്ചു പിറുപിറുത്തു, "ആവു്! നൂറാമ്പതു റുപക്കു് ചപ്തി ചെയ്യിട്ട് ഇന്താണാവോ കിട്ട്യേ? ഒരു് കടിഞ്ഞു് മുറിഞ്ഞ കട്ടു്ളും, അഞ്ചാറു് പൊട്ടക്കലോം! ആവസക്കാരണ്ടെങ്കെ ആ ആട്ടിംകു്ടാവിനു മൂന്നു റുപ കിട്ടും!" അപ്പോൾ, വൃദ്ധനായ 'കോരൻ' 'ചക്ക'നെ ശകാരിച്ചു, "ചക്കാ! നിന്റെ തൊള്ള പൊറിനുണ്ടടാ, വെറുതെ വല്ലതും പറഞ്ഞ് എല്ലൊടിക്കാൻ നോക്കണ്ടടാ! സക്കാറു് ഉദ്യോഗത്തന്മാരോട്ട കളിക്കണ്ടടാ!" 'ചക്കൻ' കോപത്തോടുകൂടി പിറുപിറുത്തു, "ഇന്റക്കെ പണണ്ടെങ്കെ കാണാരുന്നു, ഈ തരം പാവങ്ങളെ ഉദ്രോക്കനെ ഉദ്യോകത്തന്മാരുടെ എല്ലൊടിക്കണെ!"

ജപ്തിക്കാർ പടികടന്നു. 'ഗോപി' അവന്റെ ആട്ടിൻകുട്ടിയെ മടക്കിക്കിട്ടുവാൻ വാവിട്ടു നിലവിളിച്ചുകൊണ്ടിരുന്നു. എന്തു സമാധാനം പറഞ്ഞിട്ടും അവൻ ശാന്തനായില്ല. പെട്ടന്നു, കൃഷ്ണൻനായരുടെ ഹൃദയത്തിൽ ഒരു മിന്നൽപിണർ പാഞ്ഞുകയറി. ആയാൾ ഓടിച്ചെന്നു് ആട്ടിൻകുട്ടിയെ കെട്ടിയിരുന്ന കയർ പിടിച്ച് അതിശക്തിയോടുകൂടി ഒരു വലി! അവിചാരിതമായ ആ സംഭവത്താൽ, അതിനെ പിടിച്ചിരുന്ന സക്കാരുദ്യോഗസ്ഥൻ നിലത്തു കമിഴ്ന്നടിച്ചു വീണു; ആയാളുടെ മൂക്കും നെറ്റിത്തടവും പൊട്ടി രക്തം ധാരയായി ഒഴുകി. 'കല്യാണിയമ്മ' ഓടിച്ചെന്നു ഭർത്താവിനെ കെട്ടിപ്പിടിച്ചു നിലവിളിച്ചു, "അയ്യോ! നിങ്ങൾ എന്താണു ചെയ്യുന്നതു്? ഇത്ര ക്ഷമയില്ലാതായോ?"

"എന്തടാ, നായേ! തട്ടിപ്പറി കൂടിയായോ? നടക്കടാ, പോലീസ് സ്റ്റേഷനിലേക്കു്." എന്നു് അട്ടഹസിച്ചുംകൊണ്ടു് ഒരു പോലീസ് ഉദ്യോഗസ്ഥൻ കൃഷ്ണൻനായരെ കടന്നുപിടിച്ചു, സ്റ്റേഷനിലേക്കു കൊണ്ടുപോയി.

"അയ്യോ! ആ തമ്പ്രാൻ കയറു തടഞ്ഞു വീണതാ, ആരും വലിച്ചിട്ടല്ല." എന്നു 'ചക്കൻ' വിളിച്ചു പറഞ്ഞതു് അവർ ആത്ര വക വെച്ചില്ല.

'കൃഷ്ണൻനായർ' പോലീസു സ്റ്റേഷനിൽ എത്തിയപ്പോൾ, 'ശങ്കരമേനോ'നും, ഇൻസ്പെക്ടരും സിഗററ്റു് വലിച്ച് ഏതോ ഗൗരവത്തിൽ സംസാരിക്കുന്നുണ്ടായിരുന്നു. 'കൃഷ്ണൻനായ'രെ കണ്ട മാത്രയിൽ 'ശങ്കരമേനോ'ന്റെ മുഖം ഒന്നു വിളത്തു. ആയാൾ ക്ഷണ

ത്തിൽ അവിടെനിന്നിറങ്ങി കാറിൽ കയറി അതിശീഘ്രം ഓടി ച്ചുപോയി.

ഇൻസ്പെക്ടർ കാലു രണ്ടും മേശപ്പുറത്തു കയററിവെച്ചു മീശ പിരിച്ചുംകൊണ്ടു ഗർജ്ജിച്ചു, "എന്തെടാ! നീ ഈ നാട്ടിലെ പോക്കിരി യാണ് അല്ലെ?" 'കൃഷ്ണൻനായർ' യാതൊരുത്തരവും പറഞ്ഞില്ല, ആയാഠം തല താഴ്ത്തി കൈ കെട്ടി നിശ്ചലനായി നിന്നു; ആയാ ളുടെ ഫാലദേശത്തിൽനിന്നു വിയപ്പുകണങ്ങഠം അടന്നുവീണുകൊ ണ്ടിരുന്നു. അവർ തന്നെ എന്താണു ചെയ്യുവാൻ പോകുന്നതെന്നു് ആയാഠംക്കു നല്ലപോലെ അറിയാമായിരുന്നു.

ആയാഠം ഒടുവിൽ തല ഉയർത്തി ഇൻസ്പെക്ടരെ ഒന്നു നോക്കി. ആ നോട്ടത്തിൽ അവണ്ണനിയമായ ഒരു ധീരതയും ദൃഢതയുമുണ്ടാ യിരുന്നു.

ഹാസ്യരസത്തോടുകൂടിയ ഒരു പുഞ്ചിരി തൂകി ഇൻസ്പെക്ടർ പറഞ്ഞു, "നിന്റെ ഭാര്യക്കു വേണ്ടതിലധികം സൌന്ദര്യമുണ്ടല്ലെ! അതുകൊണ്ടു നിങ്ങഠംക്കെല്ലാവക്കും സുഖമായി കഴിയാമല്ലൊ! പിന്നെ യെന്തിനെടാ നീ ഇത്ര ബുദ്ധിമുട്ടുന്നതു്?" ഇതു കേട്ട മാത്രയിൽ 'കൃഷ്ണൻനായർ' ആകെ ഒന്നു വിയർത്തു. ആയാളുടെ രോമങ്ങഠം എണീ റെനിന്നു, പക്ഷെ ഉത്തരമൊന്നും പറഞ്ഞില്ല.

ഇൻസ്പെക്ടർ വീണ്ടും മുരണ്ടു, "കൊള്ളരുതാത്തവരുടെ ശരീരം കൊള്ളരുതാതാക്കുകയാണു് ഇവിടത്തെ പതിവു്. ഹേയ്! ഇരുന്നൂററി പതിനാലു്! ഇവനെ ആ മുറിക്കകത്തു കൊണ്ടുപോയി, ചോദിക്കു!"

'ചോദ്യം' കഴിഞ്ഞു പുറത്തു കടന്നപ്പോഠം 'കൃഷ്ണൻനായർ'ക്കു കഷ്ടിച്ചേ നടക്കുവാൻ സാധിച്ചുള്ളു. അപ്പോഠം, ആയാളുടെ ഭാര്യയും മകനും ആ സ്റ്റേഷന്റെ പടിക്കൽനിന്നു കരയുന്നുണ്ടായിരുന്നു.

* * * * * * *

രണ്ടാഴ്ച കഴിഞ്ഞപ്പോഠം, ഒരു വൈദ്യനെക്കൊണ്ടും മാററു വാൻ സാധിക്കാത്തതായ സുഖക്കേടാണു 'ഗോപി'ക്കു പിടിപെട്ടതു്. ആ ബാലൻ രാവും പകലും അവന്റെ ആട്ടിൻകുട്ടിയെ വിളിച്ചു കരഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ അവന്റെ ജ്വരം അതിന്റെ മൂദ്ധന്യ ത്തിലെത്തി.

അന്നു്, കരിരുളടഞ്ഞ രാത്രിയായിരുന്നു; പൂർവ്വദിക്കിൽ ഒരു നക്ഷത്രം മാത്രം വിറച്ചു ശോഭിച്ചുകൊണ്ടിരുന്നു. അപ്പോഠം, 'ഗോപി' ഒന്നു മറിഞ്ഞു കിടന്നു് ഒരു പതറിയ സ്വരത്തിൽ പറഞ്ഞു,

"അച്ഛാ!എൻെറ ആട്ടിൻകുട്ടി!" ആ പിതാവിൻെറ ഹൃദയം കലങ്ങി മറിഞ്ഞു. മങ്ങിക്കത്തിക്കൊണ്ടിരുന്ന മണ്ണെണ്ണവിളക്കിൻെറ വെളിച്ചത്തിൽ ആയാാം തൻെറ ഓമനപ്പുത്രൻെറ വാളറിയ മുഖമൊന്നു നോക്കി. ആയാാം കൈ ചുരുട്ടിപ്പിടിച്ച് ഒരു ദൃഢസ്വരത്തിൽ പറഞ്ഞു, "ഉണ്ണീ! അച്ഛനിപ്പോാം ആ ആട്ടിൻകുട്ടിയെ കൊണ്ടുവരാം." ആയാാം തൻെറ ഭായ്യയെ നോക്കി; അവാം സുബോധരഹിതയായി 'ഗോപി'യുടെ കാല്ക്കൽ കമഴ്ന്നു കിടക്കുകയായിരുന്നു. ആയാാം ചാടി മുററത്തിറങ്ങി.

ആയാാം മതിൽ ചാടി 'ശങ്കരമേനോ'ൻെറ ബങ്കളാവിൽ പ്രവേശിച്ചതു് ഒരു കള്ളനെപ്പോലെയല്ല, ഒരു യോദ്ധാവിനെപ്പോലെയായിരുന്നു. അവിടെ, ആ തുറന്നിട്ടിരുന്ന ജാലകത്തിൽകൂടി കണ്ട കാഴ്ച ആയാളെ അത്ഭുതപരതന്ത്രനാക്കി. ഉജ്വലിച്ചുകൊണ്ടിരുന്ന ഒരു വിളക്കിൻെറ മുമ്പിൽ, ശങ്കരമേനോൻ മുഖം ഇരുകരങ്ങളാൽ പൊത്തിപ്പിടിച്ചുകൊണ്ടു ചിന്താമഗ്നനായിരിക്കുന്നുണ്ടായിരുന്നു. തൻെറ ഭവനത്തിൽനിന്നു ജപ്തിചെയ്യപ്പെട്ട സാധനങ്ങാം ആ മുറിയിൽ ചിന്നിച്ചിതറിക്കിടന്നിരുന്നു. ആ ദുഷ്ടൻെറ കഥ അപ്പോാംതന്നെ കഴിച്ചെങ്കിലൊ എന്നൊരു വിചാരം കൃഷ്ണൻനായരുടെ ഹൃദയത്തിൽ അങ്കുരിക്കാതിരുന്നില്ല. പക്ഷെ, അതിനൊന്നും ആയാാംക്കു സമയമില്ല; 'ഗോപി' മരിക്കുന്നതിന്നു മുമ്പുതന്നെ അവനു് ആ ആട്ടിൻകുട്ടിയെ ഒന്നു കാണണം. ആയാാം ആട്ടിൻകുട്ടിയെ കൊണ്ടു പുറത്തു കടന്നപ്പോാം ആരോ രണ്ടാാം തൻെറ പിന്നിൽ ഓടിവരുന്നുണ്ടെന്നു് ആയാാംക്കു തോന്നി; പക്ഷെ, ആയാാം അതത്ര വകവെച്ചില്ല.

അര മണിക്കൂറിന്നുള്ളിൽ ആട്ടിൻകുട്ടി 'ഗോപി'യുടെ അരികിലെത്തി; ആ ബാലൻെറ തണുത്തു ചടച്ച കരങ്ങാം അതിൻെറ കഴുത്തിൽ ചുററിപ്പിണഞ്ഞു. അപ്പോാം, അതു സന്തോഷംകൊണ്ടോ, സന്താപംകൊണ്ടോ എന്താണാവോ നിലവിളിക്കുവാൻ തുടങ്ങി. പക്ഷെ, ആ പ്രിയപ്പെട്ട നിലവിളി 'ഗോപി' അധികനേരം കേട്ടില്ല.

* * * * * * * *

കള്ളനെ തൊണ്ടിയോടുകൂടി പിടിച്ചു. രണ്ടു പോലീസുകാർ ആ മുറിയിലേക്കു ചാടിവീണു. 'കൃഷ്ണൻനായ'രുടെ രണ്ടു കരങ്ങളും കടന്നുപിടിച്ചു. പക്ഷെ ആയാാം ഒരു ബലംവും പ്രയോഗിക്കാതെ നിശ്ചലനായി നിന്നതേയുള്ളു. ഹാസ്യവും കോപവും ഇടകലന്ന ഒരു പൊട്ടിച്ചിരിയോടുകൂടി പോലീസുകാരിൽ ഒരുവൻ പറഞ്ഞു, "ഇവൻ

ഒരു പെരുങ്കള്ളൻതന്നെ! ഇത്ര ഉന്നതമായ ഒരു മതിൽ ചാടികടന്നു് ഇവൻ എങ്ങനെ ഈ ആട്ടിൻകുട്ടിയെ തട്ടിക്കൊണ്ടു പോന്നു?" മററവൻ ഗർജ്ജിച്ചു, "നടക്കടാ സ്റ്റേഷനിലേക്കു്?"

പെട്ടെന്നു്, ഒരധികാരസ്വരം, "ആ സത്യവാനായ മനുഷ്യനെ വിടുവിൻ!" എന്നു്. കാഷായവസ്ത്രം ധരിച്ച ഒരു യുവാവു് അവിടെ പ്രത്യക്ഷനായി. പോലീസുകാരിൽ ഒരുവൻ അല്പം കുനിഞ്ഞു് ആശ്ചര്യത്തോടുകൂടി പറഞ്ഞു, "അല്ലാ! ഇവിടന്നു്—ഈ വേഷത്തിൽ—ഈ സമയത്തിൽ എന്താണാവോ ഇങ്ങോട്ടിറങ്ങിയതു്?"

'ശങ്കരമേനോൻ' പത്തുറപ്പികയുടെ ഒരു നോട്ടെടുത്തു് അവക്കു കൊടുത്തു ഗൌരവത്തിൽ പറഞ്ഞു, "നിങ്ങൾ ഇവിടെനിന്നു പൊയ്ക്കോൾവിൻ. ഇതിന്നു ശരിയായ സമാധാനം ഞാൻ പിന്നെ പറഞ്ഞുകൊള്ളാം."

"ഈ ദിക്കു മുഴുവനും അവിടുത്തെയാണു്. ഞങ്ങൾക്കു് ഒന്നുകൊണ്ടും ഭയപ്പെടുവാൻ അവകാശമില്ല. ഞങ്ങൾ അവിടത്തെ ബങ്കളാവിൻെറ മുമ്പിൽ പാറാവുണ്ടായിരുന്നില്ലെങ്കിൽ ഈ പെരുങ്കള്ളനെ പിടികിട്ടുകയില്ലായിരുന്നു." എന്നു പറഞ്ഞു ശങ്കരമേനോനു് ഒരഭിവാദ്യവും ചെയ്തു് അവർ അവിടെനിന്നു ശീഘ്രം നടന്നു.

'ശങ്കരമേനോ'ൻെറ കൺപോളകൾക്കു ഘനം കൂടി, കവിൾത്തടങ്ങൾ വീർത്തു; ആയാൾ മന്ദമന്ദം നടന്നു കൃഷ്ണൻനായരുടെ കരം പിടിച്ചു് ഒരു പതറിയ സ്വരത്തിൽ പറഞ്ഞു, "ജ്യേഷ്ഠാ! എന്നോടു ക്ഷമിക്കേണമെ. ഞാൻ മാപ്പു ചോദിക്കുവാൻ വന്നിരിക്കയാണു്. കഷ്ടം! ഈശ്വരാ! ഇത്രയൊന്നും ഞാൻ വിചാരിച്ചിട്ടില്ലായിരുന്നു. ജ്യേഷ്ഠാ! എന്താണു മിണ്ടാതെ നില്ക്കുന്നതു്? എനിക്കു മാപ്പു തരില്ലയോ?" ഇതികർത്തവ്യതാമൂഢനായി കീഴ്പ്പോട്ടു നോക്കിനിന്നിരുന്ന 'കൃഷ്ണൻനായരു'ടെ തല പിടിച്ചൊന്നു പൊക്കി വീണ്ടും ശങ്കരമേനോൻ ചോദിച്ചു, "എൻെറ ജ്യേഷ്ഠത്തിയെവിടെ?"

അകത്തു കുറേശ്ശ ചാടിക്കടന്നിരുന്ന മന്ദമാരുതനോടു മല്ലിട്ടുകൊണ്ടിരുന്ന ആ മണ്ണെണ്ണവിളക്കിൻെറ അവസാനത്തെ ദീപ്തിയാൽ ആയാൾ ആ ബാലൻെറ മുഖം കണ്ടു; സംതൃപ്തിയുടേയും, നിഷ്കളങ്കമായ ആനന്ദത്തിൻേറയും ഒരു പ്രസന്നത അതിൽ പ്രശോഭിച്ചിരുന്നു: മരണത്തിൻെറ പരുപരുത്ത കരങ്ങൾക്കുപോലും അതു മാച്ചുകളവാൻ സാധിച്ചില്ല.

'ഗോപി'യുടെ കാല്ക്കൽ, ഇരുണ്ടുകൂടിയ വ്യഥപോലെ 'കല്യാ

ണിയമ്മ'യുടെ കേശഭാരം കെട്ടഴിഞ്ഞു കിടന്നിരുന്നു. ആയാൾ അവളുടെ മുമ്പിൽ കമഴ്ന്നടിച്ചു വീണു, “ജ്യേഷ്ഠത്തി! ക്ഷമിക്കണേ!”

കാഹളധ്വനി കേട്ട ഒരു ഭടനെപ്പോലെ അവൾ ചാടിയേററു. പക്ഷെ, ക്ഷണത്തിൽതന്നെ അവൾക്കെല്ലാം മനസ്സിലായി; ആ യുവയോഗിയുടെ വദനത്തിൽ സ്വാത്മത്യാഗത്തിന്റെയും നിത്യശാന്തതയുടേയും ഒരു പ്രസന്നത ലാലസിച്ചുകൊണ്ടിരുന്നു. ആയാൾ ഒരു ദൃഢതയോടുകൂടി പറഞ്ഞു, “ഇതാ, ഇപ്പോൾതന്നെ ഞാൻ 'കാശി'ക്കു യാത്രയായി. ഇനി ഒരിക്കലും മടങ്ങിവരുന്നതല്ല. എന്റെ സകലസ്വത്തുക്കളും ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു. എനിക്കിനി അതിന്മേൽ യാതൊരവകാശവുമില്ല. റജിസ്റ്റർ എല്ലാം ഇന്നലെതന്നെ കഴിച്ചിട്ടുണ്ടു്.” കുറച്ചുനേരം ചിന്താമഗ്നനായി നിന്ന ശേഷം ആയാൾ അപേക്ഷിച്ചു, “ഗോപിയുടെ മൃതശരീരം ഞാൻ കൊണ്ടുപോയി പരിശുദ്ധമായ ഗംഗാതടത്തിൽ വെച്ചു ദഹിപ്പിക്കട്ടെയൊ?” ഒരു നിശ്ശബ്ദത!

'ശങ്കരമേനോൻ' ഒരധികാരത്തോടുകൂടി ആ ബാലന്റെ പ്രേതശരീരം വാരിയെടുത്തു. ഒരു മഹാപിശുക്കന്നു് ഒരു നിധി കിട്ടിയതുപോലെ ആയാൾ ആ ശവം മാറോടണച്ചുപിടിച്ചു്, ആ അന്ധകാരത്തിൽക്കൂടി, ആയാളുടെ കാർ നിന്നിരുന്ന സ്ഥലത്തേക്കു ശീഘ്രം നടന്നു. അപ്പോഴും 'ഗോപി'യുടെ ആട്ടിൻകുട്ടി എന്തിനോ കരയുന്നുണ്ടായിരുന്നു.

സി. കെ. എസ്സ്.

# അന്വയായാൽ പ്രതിപദം
# സൽകർമ്മസ്യ മധ്യമം.

ഡിസിപ്ലിൻ!— ശിവശിവ! ഈ വാക്കേ ഇപ്പോൾ എങ്ങും കേൾപ്പാനുള്ളു. കോൺഗ്രസ്സുകാർ ഭരണം ഏറ്റെടുത്തതിനു ശേഷം, മന്ത്രിമാർ ഇക്കാര്യം പറയാതെ ഒരു പ്രസംഗവും അവസാനിപ്പിക്കുന്നില്ല. വല്ല വിദ്യാലയത്തിലുമാണെങ്കിൽ 'ഡിസിപ്ലിൻ' മാത്രമായിരിക്കും അവരുടെ ഭാഷണവിഷയം. എന്താണു കാരണം? മറ്റൊന്നുമല്ല. ഭരണം ഏറ്റെടുക്കുംവരെ കോൺഗ്രസ്സിനെ പ്രതിഷേധത്തിന്റെയും പ്രക്ഷോഭത്തിന്റെയും നായകശക്തിയായി മാത്രമേ ബഹുജനങ്ങൾ മനസ്സിലാക്കിയിരുന്നുള്ളു. മഹാത്മജി രാപകൽ നിലവിളിച്ചു പറഞ്ഞിട്ടുള്ള അക്രമരാഹിത്യമൊന്നും അവരുടെ തലയിൽ കയറിയിട്ടില്ല. എന്തുചെയ്യാം! ഒട്ടുവളരെ രണ്ടാംതരം നേതാക്കന്മാർ കോൺഗ്രസ്സിന്റെ തണലിൽ നിന്നുകൊണ്ടു പ്രക്ഷോഭത്തിനുവേണ്ടി ജനങ്ങളെ പ്രേരിപ്പിച്ചുപോന്നു. അതു കണക്കിലധികമായി. മദിരാശിയിൽ മന്ത്രിമാർതന്നെ ഇക്കാര്യം തുറന്നു പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ പ്രക്ഷോഭോപജീവികൾ കൂലിക്കാരോടു മാത്രമല്ല, വിദ്യാർത്ഥികളോടും 'പണിമുടക്കു' പ്രസംഗിക്കുന്നു. 'സഞ്ജയൻ' പറയുംപോലെ അടുത്ത കാലത്തു് അവർ ഭർത്താക്കന്മാർക്കെതിരായി പണിമുടക്കാരംഭിക്കാൻ ഭാര്യമാരോടുപദേശിക്കുമോ ആവോ. അധികമായാൽ അമൃതവും വിഷം.

ആരോഗ്യം വർദ്ധിപ്പിക്കാൻ ദിവസംതോറും അഞ്ചു മിനിററു് സൂര്യസ്നാനം (Sun-bath) ചെയ്യുന്നതു കൊള്ളാമെന്നാരോ പറഞ്ഞു. അപ്പോഴേയ്ക്കും പാശ്ചാത്യവനിതകൾക്കു് അതൊരു കാര്യപ്പെട്ട തൊഴിലായി. അധികസ്യാധികം ഫലമെന്നുണ്ടല്ലോ. പക്ഷേ ഉണങ്ങിക്കരിഞ്ഞ ശരീരത്തിന്റെ കേടുപാടുകൾ നീക്കാൻ അവർ പിന്നീടു ഡോക്ടർമാരെ ആശ്രയിക്കേണ്ടിവന്നു. പോരേ മാരണം?

പലതിലും കാണാം ഇത്തരം അനുഭവം. കുറച്ചു വിദ്യാഭ്യാസം ചെയ്തു രണ്ടോ നാലോ അക്ഷരം കൈക്കലായാൽ, സ്വതന്ത്രസ്വതന്ത്രരായി 'സഖാക്കളായി', എന്തിനും കൂസാതിറങ്ങുന്ന ഒരു തരക്കാരില്ലേ? അവരുടെ കരളുറപ്പും ഹൃദയവികാസവും തീർച്ചയായും അഭിനന്ദിക്കത്തക്കവയാണു്. എന്നാൽ ലോകത്തിലെ എല്ലാത്തരം ഏർപ്പാടുകളേയും തട്ടിനിരത്തി ഉടനടി ഒപ്പമാക്കുവാൻ അവർക്കുള്ള തിടുക്കമോ? അല്പം കവിഞ്ഞുപോയെന്നാരും പറയും. യൌവനത്തിളപ്പിൽ ഇക്കാലത്തു് അങ്ങനെയൊക്കെ തോന്നുമെന്നും തോന്നണമെന്നും അഭിപ്രായപ്പെടുന്ന

വരുണ്ടു്. പക്ഷേ വയസ്സു നാല്പതാകുന്നതോടെ ആ തോന്നലുകൾ മാറണമെന്നു് അവരും ആശിക്കുന്നു.

യുവാക്കന്മാർ ഇവിടെ ഇപ്രകാരം അളവററ സ്വാതന്ത്ര്യം ഭാവിച്ചുകൊണ്ടിരിക്കെ ജർമ്മനിയിൽ ഒരു ഗജകേസരി മനുഷ്യരെ മരപ്പാവകളാക്കി 'കുതിരയോ കഴുതയോ കയറി' വരുന്നു. ഹിററ്ലർ! അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ സ്വാതന്ത്ര്യം ഒരാൾക്കേ വേണ്ടു — തനിക്കു മാത്രം. ക്ലാസ്സിൽ എപ്പോഴും കണ്ണുരുട്ടിക്കാണിക്കുന്ന രൌദ്രമൂർത്തിയായ അദ്ധ്യാപകനും ഡിസിപ്ലിന്റെ കാര്യത്തിൽ അദ്ദേഹത്തോടു കിടനില്ക്കുകയില്ല. ജർമ്മൻകാരുടെ സർവ്വേന്ദ്രിയങ്ങളും ഹിററ്ലർ അറസ്റ്റു് ചെയ്തിട്ടിരിക്കയാണു്. Virtue is a mean state in the sense that it aims at hitting at the mean. എന്നു പണ്ടൊരിക്കൽ അരിസ്റ്റോട്ടൽ പറഞ്ഞതു് ഊക്കൻ മണ്ടത്തരമായിട്ടേ ഹിററ്ലർ ഗണിച്ചിട്ടുള്ളു. വ്യക്തിസ്വാതന്ത്ര്യം കുറച്ചെങ്കിലും വേണ്ടതല്ലേ എന്നു വല്ലവരും ചോദിച്ചാൽ അദ്ദേഹം; അതിനേക്കാൾ കാമ്യം ജർമ്മൻരാഷ്ട്രത്തിന്റെ സ്വാതന്ത്ര്യമാണെന്നും, മഹായുദ്ധാനന്തരം ജർമ്മൻകാർ വ്യക്തിസ്വാതന്ത്ര്യം അനുഭവിച്ചപ്പോൾ രാജ്യത്തു കലാപമല്ലാതൊന്നും ഉണ്ടായിട്ടില്ലെന്നും മറുപടി പറയും. യുക്തി അത്ര മോശമല്ല. യാദൃച്ഛികമായൊരാപത്തിൽനിന്നു രാജ്യത്തിനു രക്ഷ നൽകാൻ വ്യക്തികളുടെ അധികാരമശേഷം ഒരു നേതാവിൽ അർപ്പിക്കുന്നതു കൊള്ളാം. പക്ഷേ എന്നന്നേക്കും അങ്ങനെ വേണമെന്നാണു ഹിററ്ലരുടെ സിദ്ധാന്തം. കാലപ്പഴക്കത്തിൽ ജർമ്മൻകാർ പ്രതിലോമപരിണാമം കൊണ്ടു് എവിടെ എത്തുമെന്നു് ഊഹിക്കാൻ വയ്യ.

റഷ്യയിൽ വ്യക്തിസ്വാതന്ത്ര്യഭഞ്ജനം വ്യക്തികളുടെ സമീകരണത്തിനാണത്രെ. സാർചക്രവർത്തിമാരുടെ കാലത്തു ജനസമുദായത്തിൽ അസമത്വം നടമാടിയിരുന്നു. അതു നീക്കേണ്ടതുതന്നെ. പക്ഷെ അതിനുവേണ്ടി വ്യക്തിസ്വാതന്ത്ര്യം ബലിചെയ്യണമോ? അമ്മയെ കൊന്നു് അച്ഛനെ വണങ്ങണംപോലും! പരശുരാമനും ഒടുവിൽ അമ്മയെ ഉജ്ജീവിപ്പിച്ചതായിട്ടാണു പുരാണം. സമത്വം ദൈവമെന്നു് അഭിമാനിക്കുന്ന റഷ്യക്കാർക്കും സ്റ്റാലിന്റേയോ ലെനിന്റേയോ കാറൽമാർക്സിന്റേയോ അവരുടെ സഹകർത്താക്കളുടേയോ നില വരുന്നതല്ല. അവർ എന്നും എല്ലാരുടേയും മീതെതന്നെ. അതിനെപ്പററി പിറുപിറുക്കുന്നവനാരോ അവന്റെ തല തോക്കിൻവായിൽ. ഈയിടെ ഇലക്ഷൻ മീററിംഗിൽ 'ഷെയിം' വിളിച്ചുപറഞ്ഞവരുടെ തല ഉടനെ അററുവീണു. ഇതെത്ര നാൾ നിലനില്ക്കും? ധർമ്മ്യമായ വ്യക്തിസ്വാതന്ത്ര്യം ധർമ്മ്യമായ സമഭാവനക്കു വിരുദ്ധമല്ല. അധർമ്മ്യമെങ്കിൽ രണ്ടും നാശകരം.

മനുഷ്യരെക്കൊണ്ടു അമ്മാനമാടുന്ന ഈ സർവ്വാധിപതികൾ, എ. ഹക്സ്‌ലി സ്വപ്നം കാണുംവണ്ണം, പുതിയ 'സൈക്കോളജി' പ്രയോഗിക്കയാണെങ്കിൽ, വ്യക്തിസ്വാതന്ത്ര്യത്തിന്റെ കഥ കഴിയും. കരാൾക്കുണ്ടാകേണ്ട വികാരങ്ങളും പ്രവൃത്തികളും മുൻകൂട്ടി മനസ്സിലാക്കി, അവക്കു പററിയ ഭക്ഷ്യപേയങ്ങളും മററും കൊടുത്തുപോന്നാൽ അയാൾക്കു് അവയല്ലാതൊന്നും ഉണ്ടാകയില്ലെന്നാണു പുതിയ 'സൈക്കോളജി'ക്കാരുടെ വാദം. ആ സ്ഥിതിക്കു സർവ്വാധിപതികൾക്കു ബഹുജനങ്ങളെ പാട്ടിലാക്കി ഭരിക്കാൻ എന്താണു പ്രയാസം? അടുത്ത യുഗത്തിൽ അങ്ങനെ ഭവിച്ചേക്കുമെന്നാണു ഹക്സ്‌ലിയുടെ വിശ്വാസം.

ഇപ്പോൾ നമ്മുടെ നാട്ടിൽ കുറെ ജീവൽസാഹിത്യക്കാരും അവരുടെ അകമ്പടിക്കാരായി ഏതാനും 'റിയലിസ'ക്കാരും ഇറങ്ങിയിട്ടുണ്ടു്. അവരിൽ ചുണയുള്ള ചില ചെറുപ്പക്കാർ പ്രസംഗം തുടങ്ങിയാൽ, ഈശ്വരാ! ഭിത്തികൾകൂടി ഇടിഞ്ഞുവീഴും. അടുത്തൊരു ദിവസം തൃപ്പൂണിത്തുറ സംസ്കൃതമഹാപാഠശാലയുടെ ഭിത്തികൾ കുലുങ്ങിപ്പോയെന്നുകേട്ടു. എന്തിനാണിത്ര ബഹളം? ഫ്ളാബർട്ടും (Flaubert) സോളയും, (Zola) ബാദലേയരും (Baudilaire) മററും കാട്ടിക്കൂട്ടിയതറിയുമ്പോൾ ഇത്ര ബദ്ധപ്പെടാനൊന്നുമില്ല. ഉജ്ജ്വലപ്രതിഭന്മാരായ അവർക്കും കലാധർമ്മം വിററു നടത്തിയ വ്യവസായത്തിൽ നഷ്ടമേ ഉണ്ടായുള്ളു.

ചെറുപ്പക്കാർ ഇങ്ങനെ ബഹളം കൂട്ടുമ്പോൾ ചില പണ്ഡിത 'ശിരോമണി'കൾ പഴയ കാവ്യമീമാംസയും പേറിക്കൊണ്ടു വന്നു്, സാഹിത്യത്തിനു മുന്നോട്ടു നീങ്ങാൻ പാടില്ലാത്ത വിധം നിരോധത്തിന്നൊരുങ്ങുന്നു. തർക്കജടിലന്മാരായ അവർ യാതൊന്നിലും കടുകിട വിട്ടുകൊടുക്കാൻ തയാറില്ല. സാഹിത്യകാരന്മാരുടെ സകലവ്യാപാരങ്ങളും തങ്ങളുടെ ചെങ്കോൽക്കീഴായിക്കൊള്ളണമെന്നാണു് അവരുടെ ഭാവം. ഈ മുരടൻയാഥാസ്ഥിതികത്വവും കഴിച്ചുമൂടേണ്ടതായിരിക്കുന്നു. All arts detest mechanical rigidity. നമ്മുടെ പ്രാചീനാചാര്യന്മാരും ഈ തത്വം ഏറെക്കുറെ മനസ്സിലാക്കിയിട്ടുണ്ടു്. ഇല്ലെന്നു കരുതി, മുരട്ടുവാദങ്ങൾക്കൊരുങ്ങുന്ന വിദ്വാന്മാർ ആചാര്യന്മാരുടെ യശസ്സിൽ കരിതേക്കുവാനേ മാത്രം പോരും.

ചുരുക്കത്തിൽ ഒന്നേ കൊള്ളാവൂ— ആയുർവ്വേദക്കാരന്റെ മദ്ധ്യമം. ഏതിലും അതാണു ഭേദം. അരിസ്റ്റോട്ടലിന്റെ ഉപദേശവും അതാണല്ലോ.

---

ജെ. എം.

# വാസന്തിയും തമസയും.

ഭവഭൂതിയുടെ പാത്രനിർമ്മാണചാതുര്യം പരിഗണിക്കുന്നതിനു് ഉത്തരരാമചരിതത്തിൽ കാണപ്പെടുന്ന സർവ്വപ്രധാനങ്ങളായ രണ്ടുപ്രകരണങ്ങളാണു വാസന്തിയും തമസയും.

## വർഗ്ഗവൈജാത്യം.

കവി ഈ രണ്ടു പാത്രങ്ങളേയും മനുഷ്യവംശത്തിൽനിന്നല്ല തിരഞ്ഞെടുത്തിട്ടുള്ളതു്. ഒരാൾ ദേവവംശ്യയും, മററവൾ അചേതനവസ്തുവിൽ ചേതനാരോപംചെയ്തു നിർമ്മിക്കപ്പെട്ടവളുമാകുന്നു. കവി ഇപ്രകാരം ചെയ്തതു മനുഷ്യവർഗ്ഗത്തെ പരോക്ഷമായി പരിഹസിക്കാനായിട്ടായിരിക്കണം. മനുഷ്യരെല്ലാം പരിപാവനയായ സീതയെ ദ്വേഷിക്കുന്നു. എന്നാൽ അവരെക്കാൾ ഉയർന്ന ദേവവംശ്യരും താഴ്ന്ന അചേതനസൃഷ്ടികളും ദേവിയെ സ്നേഹിക്കുന്നു. ഈ രഹസ്യം പ്രസ്തുതപാത്രങ്ങളുടെ കൃത്രിമസൃഷ്ടിമൂലം സൂചിപ്പിച്ചു്,

പൂന്തേൻവാണി കവിത ഇതുകൾക്കുള്ള സാധുത്വമുള്ളിൽ
ചിന്തിപ്പാനായ് തുനിയുമളവെല്ലാവരും ദുർജ്ജനങ്ങൾ.

എന്ന പ്രസ്താവത്താൽ കവി തനിക്കു മനുഷ്യലോകത്തെപ്പററിയുള്ള അവജ്ഞ വീണ്ടും പ്രകാശിപ്പിക്കയാണു ചെയ്യുന്നതു്.

വാസന്തി സ്വയമായും, തമസ ഗോദാവരിയുടെ പ്രേരണാനിമിത്തമായും മൂന്നാം അങ്കത്തിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. ഈ വ്യത്യാസം ഇരു പാത്രങ്ങളുടേയും ഘടനക്കു വൈചിത്ര്യമുണ്ടാക്കാനാണു് അധികം ഉപകരിക്കുന്നതു്. എങ്കിലും വാസന്തിയുടെ സ്വയമേവാഗമനം തദ്ദ്രുശത്തിനുള്ള ഗൌരവം കൂടി സ്പഷ്ടമാകുന്നുണ്ടു്. മാത്രമല്ല രണ്ടുപേരും സീതയുടെ തോഴിമാരാണെങ്കിലും വാസന്തി ശ്രീരാമൻെറ ശോകം വളർത്തുന്നതിനും, തമസ സീതയുടെ ശോകം ശമിപ്പിക്കുന്നതിനും ഉള്ള സാമഗ്രികളായും തീർന്നിരിക്കുന്നു.

## സാദൃശ്യവിശേഷം.

ഉത്തരരാമചരിതം നാടകത്തിനു കാളിദാസശാകുന്തളത്തോടു് അനേകവിധത്തിൽ ദൃഢമായ സാദൃശ്യം കാണ്മാനുണ്ടു്. അക്കൂട്ടത്തിൽ ശാകുന്തളത്തിലെ അനസൂയാപ്രിയംവദമാരോടു വാസന്തീതമസമാൎക്കും അനല്പമായ സാധർമ്മ്യമില്ലാതില്ല. ഏതെല്ലാം സ്ഥാനങ്ങളിലാണു് അതെന്നു വിശദമാക്കാം. ശാകുന്തളത്തിൽ അനസൂയക്കു പ്രവൃത്തിയിലും പ്രിയംവദക്കു വാക്കിലുമാണല്ലോ സാമർത്ഥ്യം കാണുന്നതു്.

ഇവിടെ വാസന്തി അനസൂയയുടേയും തമസ പ്രിയംവദയുടേയും മാതൃകയിൽ വൎത്തിക്കുന്നു. അനസൂയ ദുഷ്യന്തന്റെ പ്രേമദാൎഢ്യം നായികക്കുവേണ്ടി പരീക്ഷിച്ചറിയുന്നുണ്ടെങ്കിൽ വാസന്തി സീതാപരിത്യാഗം സ്നേഹശൂന്യതകൊണ്ടുകൂടിയാണോ സംഭവിച്ചതെന്നറിയാനായി ശ്രീരാമനെ ബഹുധാ പരീക്ഷിച്ചു സത്യാവസ്ഥ വെളിപ്പെടുത്തുന്നു. പ്രിയംവദയാകട്ടെ ശകുന്തളയുടെ മനോഭാവങ്ങൾ കണ്ടുപിടിക്കാനും തദനുസാരേണ സംസാരിക്കാനും നല്ലവണ്ണം അറിയുന്നവളാണു്. സീതാഹൃദയാവധാരണത്തിൽ തമസയും അങ്ങനെതന്നെ. ദുൎവ്വാസസ്സിന്റെ ശാപംമൂലം നായികാനായകന്മാരുടെ ഭാവി ശുഭമാകുമോ എന്നു ശങ്കാഗ്രസ്തമായ അവസ്ഥയിലാണല്ലോ അനസൂയാപ്രിയംവദമാർ രംഗം വിട്ടുപിരിയുന്നതു്. വാസന്തീതമസമാരുടെ തിരോധാനവും ഏറെക്കുറെ തൽസമാനമായൊരു ഘട്ടത്തിലാണു്.

## സ്വഭാവഭേദം.

ദേവിയുടെ ആപത്തിൽ വാസന്തിക്കാണു് കഠിനമായ വ്യസനവും മൂൎച്ഛയും സംഭവിക്കുന്നതു്. മാത്രമല്ല സീതയുടെ അതീതജീവിതത്തിലെ പല ഘട്ടങ്ങളും വാസന്തി ദൃഢമായി സ്മരിച്ചുകൊണ്ടുമിരിക്കുന്നു. ഈ വിശേഷങ്ങൾ തമസക്കില്ല. അതിന്നു കാരണമുണ്ടുതാനും. സീതയ്ക്കു ഗംഗ, ഭൂദേവി മുതലായ രക്ഷാകൎത്രികൾ ഉള്ള വിവരം അവൾക്കറിയാം. തന്നിമിത്തം ദേവിയുടെ ദുഃഖത്തിൽ വാസന്തിയെപ്പോലെ വ്യസനിക്കാൻ അവൾക്കു കാരണമില്ല. തമസ വന്നിരിക്കുന്നതു സീതയെ സാന്ത്വനം ചെയ്വാനാണല്ലോ. ആ സ്ഥിതിക്കു് പൂൎവ്വവൃത്താന്തങ്ങൾ ഓൎമ്മയുണ്ടായാലും ഇവിടെ പ്രസ്താവിക്കുന്നതു ദേവിക്കു വ്യസനകരമായിത്തീരാവുന്നതിനാൽ ആയതു് ഗോപനം ചെയ്യേണ്ടതു് അവളുടെ കൎത്തവ്യവുമാണു്. ആകയാൽ സ്നേഹപ്രകടനവിഷയത്തിൽ തമസ വാസന്തിയോളം ദൂരം എത്തുന്നില്ലെങ്കിലും സ്നേഹശൈഥില്യത്തോടുകൂടിയവളാണെന്നു വിചാരിക്കാൻ പാടില്ല.

ശ്രീരാമൻ സ്നേഹക്കുറവുമൂലമാണോ പത്നീപരിത്യാഗം ചെയ്തതെന്നു് വാസന്തിയും പരിത്യാഗിയായ രാമനിൽ സീതയ്ക്കു പിന്നെയും പ്രേമം അവശേഷിച്ചുണ്ടോ എന്നു തമസയും അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ഈ നിരീക്ഷണഭേദമാണു് ഇരുവരുടേയും സ്വഭാവങ്ങൾക്കു വ്യക്തിഭേദം നൽകുന്നതു്. വാസന്തി തന്റെ അന്വേഷണം സാധി

ക്കുന്നതിന്നുവേണ്ട സന്ദൎഭങ്ങളും സാഹചൎയ്യങ്ങളും തനിയേ ഉണ്ടാക്കിത്തീൎക്കുന്നുണ്ടു്. തമസക്കു് അതിന്നു ത്രാണിയില്ല. എങ്കിലും കിട്ടുന്ന അവസരങ്ങൾ ഉപയോഗിച്ചുകൊണ്ടു് തന്റെ ഉദ്ദേശം ഭംഗിയായും ബുദ്ധിപൂൎവ്വമായും അവൾ നിൎവ്വഹിക്കുന്നു.

വാസന്തി തന്റെ കാൎയ്യസിദ്ധിക്കു പല നയഭേദങ്ങൾകൂടി പ്രയോഗിക്കുന്നുണ്ടു്. ഒരിക്കൽ രാമനെ നല്ല വാക്കുകൊണ്ടും മറെറാരിക്കൽ ശകാരംകൊണ്ടും, വേറൊരിക്കൽ വ്യസനസൂചനകളാകുന്ന ദണ്ഡനങ്ങൾകൊണ്ടുതന്നെയും അവൾ പരീക്ഷണം ചെയ്യുന്നു. ധീരോദാത്തനായ രാമന്റെ ഹൃദയമറിവാൻ ഇത്രയെല്ലാം പ്രയത്നം ആവശ്യവുമാണു്. തമസക്കാകട്ടെ ഏകനയം— സീതയെ ഭംഗിവചനങ്ങളാൽ പ്രീണിപ്പിക്ക എന്ന വിദ്യ— മാത്രമേ അറിഞ്ഞുകൂടു. ആവശ്യത്തിനു അതു പോരെന്നുമില്ല.

നായകപരിചരണത്തിൽ വാസന്തി തീരെ നിൎദ്ദയതന്നെ. ദണ്ഡകാരണ്യമാകുന്ന വലിയ ആസ്പത്രിയിലെ രണ്ടു രോഗികളാണു സീതാരാഘവന്മാർ. വാസന്തി അവരെ കീറിയും മുറിച്ചും വേദനപ്പെടുത്തി രോഗശാന്തി വരുത്താൻമാത്രം പഠിച്ചിട്ടുള്ള ഒരു ലേഡി ഡോക്ടരാണു്. തമസയാകട്ടെ, സാന്ത്വനങ്ങളും ശാന്തമായ പരിചൎയ്യകളും കൊണ്ടു വേദനയൊന്നും അറിയിക്കാതെ, അവരെ, രോഗനിൎമ്മുക്തി ഉദ്ദേശിച്ചു പാലിക്കുന്ന അനുകമ്പ നിറഞ്ഞൊരു നെഴ്സുമാകുന്നു. രണ്ടുപേരും തമ്മിൽ അത്രക്കുണ്ടു വ്യത്യാസം.

രാമൻ പലപ്പോഴും പൊട്ടിക്കരകയും മൂൎച്ഛിക്കയും ചെയ്യുന്നു. വാസന്തിക്കു് അതു കണ്ടു കണ്ണു മിഴിച്ചു നില്ക്കുവാൻ മാത്രമേ സാദ്ധ്യമാകുന്നുള്ളു. തമസയാകട്ടെ തന്റെ നോട്ടത്തിനു് ഏല്പിക്കപ്പെട്ടിട്ടുള്ള സീതയെ മാത്രമല്ല രാമനെപ്പോലും താദൃശഘട്ടങ്ങളിൽ ഫലപ്രദമായ ഉപദേശംവഴി സീതയെക്കൊണ്ടു സമാശ്വസിപ്പിക്കുന്നു. രാമൻ പിരിഞ്ഞു പോകുന്ന വൃത്താന്തം കേട്ടു വ്യസനപരവശയായ സീതയെ സിദ്ധൌഷധപ്രയോഗത്താലെന്നപോലെ ഭൎത്തൃവിയോഗത്തിനു പകരം പുത്രസ്മരണ ഉദിപ്പിച്ചു ശാന്തയാക്കുകയും ചെയ്യുന്നു. ഇതെല്ലാം അവൾ തന്റെ പ്രവൃത്തിക്കു തികഞ്ഞ യോഗ്യതയോടുകൂടിയവളാണെന്നു തെളിയിക്കുന്നുണ്ടു്.

വാസന്തി വിവിധവികാരങ്ങൾക്കു് അനുക്ഷണം വിധേയയാകുന്നവളും, തമസ സകല സംഗതികളിലും വിവേകം കൈവെടിയാത്തവളും അത്രെ. വാസന്തി സീതയുടെ ആപച്ചരിത്രം ആത്രേയിയിൽനിന്നു

കേട്ട നിമിഷത്തിൽ നഷ്ടസംജ്ഞയായിച്ചമയുന്നു. ദണ്ഡകയിൽ രാമനെ കണ്ടുമുട്ടിയ ഉടൻ അതിഥിസൽക്കാരാദി ലോകമര്യാദകൾകൂടി മറന്നു ക്ഷോഭവിവശയായിത്തീരുന്നു. രാമന്റെ അശ്വമേധവൃത്താന്തം ശ്രവിച്ച ക്ഷണത്തിൽ അദ്ദേഹം പുനർവിവാഹംകൂടി ചെയ്യുതായി ആശങ്കിച്ചു പരിഭ്രമിക്കുന്നു. ഈദൃശവിഭ്രമങ്ങളൊന്നും തമസയിൽ നാം കാണുന്നില്ല. സീതയും രാമനും സങ്കടസമുദ്രത്തിൽ താഴുമ്പോഴെല്ലാം അവരെ ഉദ്ധരിക്കേണ്ടതും ഉദ്ധരിപ്പിക്കേണ്ടതും എങ്ങനെയെന്നു് അവൾക്കറിയാം. മഹാപുരുഷനായ രാമൻ വാവിട്ടു കരഞ്ഞപ്പോഴും ആ കരച്ചിൽ നിരോധിക്കുന്നതല്ല അനുവദിക്കുന്നതാണു് ഉചിതമെന്നു് അവൾ തീരുമാനിക്കുന്നു. സീത സ്നേഹത്താൽ അല്പനേരം സംസാരിണിയായിച്ചമഞ്ഞുവെന്നു സ്വയമേവ ചെയ്ത അപരാധപ്രഖ്യാപനത്തെ തമസ ധാർമ്മികദൃഷ്ട്യാ വ്യാഖ്യാനിച്ചു് അതൊരു ഉൽകൃഷ്ടകർമ്മമാക്കിത്തിരുത്തുന്നു. ഭർത്തൃസന്നിധിയിൽനിന്നു പിരിഞ്ഞുപോകാൻ സന്നദ്ധയായ സീതയുടെ അശക്തി അവൾ ഭംഗിയായി മനസ്സിലാക്കുന്നു. ഇങ്ങനെ മനുഷ്യജീവിതത്തിലെ നാനാപാർശ്വങ്ങളും പിഴ പറ്റാതെ ദർശിച്ചു് പ്രവർത്തിക്കാൻ പോരുന്നവളാണു് അവൾ.

വാസന്തി രാമനിൽ അല്പമായ പ്രതികാരബുദ്ധിയോടും സീതയിൽ അപാരമായ പക്ഷപാതത്തോടുംകൂടിയവളാകുന്നു. തമസയാകട്ടെ സീതാരാഘവന്മാരിൽ സമഭാവനയോടും അളവറ്റ ഭൂതദയയോടുംകൂടിയവളാണു്. 'കരുണമൊരു രസംതാൻ.................'ഇത്യാദി പദ്യത്താൽ സ്വന്തമായ ആ വികാരത്തെ അന്യരിൽപോലും അവൾ രൂപാന്തരേണ ദർശിക്കുന്ന കാഴ്ച എത്ര മനോഹരമായിരിക്കുന്നു! രംഗാവസാനത്തിൽ വാസന്തി വിവശനായ രാമനെ വിട്ടുപിരിയുകയും തമസ സീതയെ അനുഗമിക്കയുമാണല്ലോ ചെയ്യുന്നതു്. അതിൽ വാസന്തിയുടെ ഈർഷ്യ പിന്നേയും അവശേഷിക്കുന്നതായിത്തോന്നുന്നു. തമസയാകട്ടെ ഒടുവിലും പരസുഖകാംക്ഷിണിയായി പ്രശോഭിക്കുന്നു.

ഇങ്ങനെ നോക്കിയാൽ വാസന്തി രജോഗുണപ്രധാനയും തമസ സത്വഗുണപ്രവൃദ്ധയുമായ രണ്ടു വിഭിന്നസൃഷ്ടികളാണെന്നു കാണാം.

വിദ്വാൻ എ. വി. സെബാസ്റ്റ്യൻ.

# കാവ്യജീവിതവൃത്തി.

വളരെക്കാലമായിട്ടു് മലയാളത്തിലെയും സംസ്കൃതത്തിലേയും കാവ്യമീമാംസ ഒന്നായിരുന്നു. അതനുസരിച്ചു ഇക്കഴിഞ്ഞ പുരുഷാന്തരത്തിന്റെ അവസാനംവരെ മലയാളത്തിൽ കാവ്യങ്ങൾ രചിക്കപ്പെട്ടിട്ടുള്ളു. മലയാളകവികൾ, ഒട്ടൊക്കെ സംസ്കൃതാഭിജ്ഞന്മാരായിരുന്നതിനാൽ സംസ്കൃതത്തിലെ കാവ്യകലാതത്വങ്ങൾ മൂലഗ്രന്ഥങ്ങൾ നോക്കിത്തന്നെ മനസ്സിലാക്കിപ്പോന്നു. കാലാന്തരത്തിൽ സംസ്കൃതാനഭിജ്ഞരായ മലയാളികൾക്കും ആ തത്വങ്ങൾ ഉപലഭ്യങ്ങളാകണമെന്നു കരുതി ചില മതിമാന്മാർ മലയാളത്തിൽ അവയെ സംക്ഷേപിച്ചു പ്രതിപാദിപ്പാനിടയായി. സംസ്കൃതസാഹിത്യമീമാംസ, പത്തോ പതിനഞ്ചോ നൂറാണ്ടുകൾക്കുള്ളിൽ, ഒട്ടേറെ വിദ്വാന്മാരുടെ മേധാസംഘർഷണങ്ങൾ വഴിക്കു് അതിവിപുലമായൊരു ശാസ്ത്രമായിത്തീർന്നിട്ടുണ്ടു്. കാവ്യാസ്വാദനത്തിനോ കാവ്യനിർമ്മാണത്തിനോ അതു മുഴുവൻ കൂടിയേ കഴിയൂ എന്നില്ല. ഒരു ശാസ്ത്രമെന്നനിലക്കു് അതാദ്യന്തം അധ്യയനം ചെയ്യുന്നതു കൊള്ളാം. അതിന്നൊരുങ്ങുന്നവർ മൂലഗ്രന്ഥങ്ങൾതന്നെ പഠിക്കുന്നതായിരിക്കും ഉത്തമം. ഈ വസ്തുത ഉള്ളിൽ വെച്ചായിരിക്കണം രാജരാജവർമ്മപ്രഭൃതികൾ സംസ്കൃതത്തിലെ കാവ്യകലാതത്വങ്ങൾ മലയാളത്തിൽ സംക്ഷേപിച്ചു മാത്രം പ്രദർശിപ്പിച്ചതെന്നു തോന്നുന്നു.

ഇപ്പോഴാണെങ്കിൽ മലയാളത്തിനു് സംസ്കൃതത്തിൽനിന്നെന്നപോലെ ഇംഗ്ലീഷു് മുതലായ ഇതരഭാഷകളിൽനിന്നും സാഹിത്യതത്വങ്ങൾ ഗ്രാഹ്യങ്ങളാണെന്നു വന്നിട്ടുണ്ടു്. ശാഖോപശാഖമായി ഉൽഗമിച്ചുവരുന്ന മലയാളസാഹിത്യത്തിനു് അവ കൂടുതൽ പോഷകമാണെന്നല്ലാതെ വിനാശകരമായേക്കുമെന്നു ബുദ്ധിയുള്ളവർ വിചാരിച്ചിട്ടില്ല. മൂലതത്വങ്ങളെ സംബന്ധിച്ചേടത്തോളം പൌരസ്ത്യരുടേയും പാശ്ചാത്യരുടേയും കാവ്യമീമാംസ ഒപ്പമാണല്ലോ. ഒന്നു വൈശ്ലേഷികവും മറേറതു് സാംശ്ലേഷികവുമാണെന്നു മാത്രം. ആ സ്ഥിതിക്കു് രണ്ടിലേയും തത്വങ്ങളെ സമഞ്ജസമാംവണ്ണം സങ്കലനം ചെയ്തോ അല്ലെങ്കിൽ വേർതിരിച്ചോ പ്രതിപാദിക്കുന്നൊരു ഉൽകൃഷ്ടനിബന്ധനം മലയാളത്തിൽ ഉണ്ടാകേണ്ടതാണെന്നു പലക്കും തോന്നിയിട്ടുണ്ടു്.

അങ്ങനെയിരിക്കെയാണു്, മദിരാശി സൎവ്വകലാശാലയിലെ മലയാള ഭാഷാപണ്ഡിതന്മാരിൽ ഒരുവനും സാഹിത്യപരങ്ങളായ ഗവേഷണങ്ങളിൽ കൃതാവധാനനുമായ ശിരോമണി പി. കൃഷ്ണൻനായരവർകൾ അത്തരമൊരു മഹാഗ്രന്ഥം എഴുതിവരുന്നുണ്ടെന്നു കേട്ടതു്. അപ്പോൾ ഉണ്ടായ പ്രഹൎഷണം

ചാതകസ്ത്രിചതുരാൻ പയഃകണാൻ
യാചതേ ജലധരം പിപാസയാ
സോഽപി പൂരയതി വിശ്വമംഭസാ
ഹന്ത ഹന്ത മഹതാമുദാരതാ

എന്ന കവിസൂക്തത്തെ ഓൎമ്മയിൽ വരുത്തി.

<u>മലയാളപുസ്തകങ്ങൾക്കൊരു മാതൃക</u>:— കാവ്യജീവിതവൃത്തി എന്ന പേരിൽ മി. കൃഷ്ണൻനായരുടെ ഗ്രന്ഥത്തിന്റെ പ്രഥമഭാഗം രണ്ടു മഹാസഞ്ചികകളായി പുറത്തിറങ്ങിക്കഴിഞ്ഞിരിക്കുന്നു. സൎവ്വകലാശാലാധികൃതന്മാർ ആയിരക്കണക്കിനു ചെലവുചെയ്തിട്ടുള്ള പണം, ഗ്രന്ഥത്തിന്റെ കടലാസ്സും കെട്ടും മട്ടും കേമമാക്കുന്നതിനു് നല്ലവണ്ണം ഉപകരിച്ചിട്ടുണ്ടു്. മലയാളത്തിലെ മിക്ക പുസ്തകങ്ങളും വായനശാലകളിൽ പ്രദൎശിപ്പിക്കുവാൻ കൊള്ളാത്തവയാണെന്നൊരാക്ഷേപം ഉണ്ടല്ലോ. ഇംഗ്ലീഷിൽ ഏതു പുസ്തകവും, കണ്ടാൽതന്നെ എടുത്തുവായിക്കുവാൻ തോന്നും. മി. കൃഷ്ണൻനായരുടെ പുസ്തകത്തെ അങ്ങനെയൊന്നാക്കിത്തീൎക്കുവാൻ സൎവ്വകലാശാലാധികൃതന്മാർ ചെയ്ത ശ്രമം സഫലമായിട്ടുണ്ടു്. മലയാളത്തിൽ ഇത്ര ഭദ്രമായി അച്ചടിച്ചിറക്കിട്ടുള്ള പുസ്തകം ഉണ്ടോ എന്നു സംശയമാണു്. എന്നാൽ പത്തുറുപ്പിക കൊടുത്തു ഒരു കാവ്യമീമാംസാഗ്രന്ഥം മേടിക്കാനുള്ള ശക്തി മലയാളികൾക്കുണ്ടോ? കണ്ടുതന്നെ അറിയണം. എങ്കിലും ഒരു സമാധാനമുണ്ടു്. ഇത്തരം ശാസ്ത്രഗ്രന്ഥങ്ങൾ മിക്കവാറും വിദ്യാലയങ്ങൾപോലെയുള്ള സ്ഥാപനങ്ങളിലേ അത്യന്താപേക്ഷിതങ്ങളായിവരൂ. തദധികൃതന്മാൎക്കു്, വില വലുതായാലും ഗ്രന്ഥങ്ങൾ സംഭരിക്കണമല്ലോ. ഏതായാലും അച്ചടിയും കടലാസ്സും കെട്ടും മട്ടും നോക്കുമ്പോൾ ഈ ഗ്രന്ഥം മലയാളപുസ്തകങ്ങൾക്കൊരു ഒന്നാംതരം മാതൃകയായിട്ടുണ്ടെന്നു് ആരും സമ്മതിക്കും.

<u>പാണ്ഡിത്യത്തിന്റേയും പരിശ്രമത്തിന്റേയും വിളയാട്ടം</u>:— സംസ്കൃതത്തിലും മലയാളത്തിലും ഉള്ള കാവ്യമീമാംസാഗ്രന്ഥങ്ങളൊട്ടുമുക്കാലും മി. കൃഷ്ണൻനായർ പരിശോധിച്ചിട്ടുള്ളതായി കാണുന്നുണ്ടു്. ഇംഗ്ലീഷിലും അദ്ദേഹം കൈവച്ചിട്ടില്ലെന്നില്ല. ഇത്രയധി

കം ശാസ്ത്രഗ്രന്ഥങ്ങളിൽ അദ്ദേഹത്തിനുള്ള അവഗാഹവും അവയിലെ അഭിപ്രായങ്ങൾ സമാഹരിച്ച് വിമർശിക്കുന്നതിന് അദ്ദേഹം ചെയ്തിട്ടുള്ള യത്നവും മലയാളികളുടെ മുക്തകണ്ഠമായ അഭിനന്ദനത്തെ അർഹിഹിക്കുന്നവയാണ്. മദിരാശി സർവ്വകലാശാലയെപ്പോലെയുള്ള ബൃഹദ്‌മായൊരു വിജ്ഞാനകേന്ദ്രത്തിൽ സർവ്വോപകരണസജ്ജിതനായിരിക്കുന്ന ഒരു വിദ്വാനേ ഏവംവിധമായ മഹാസംരംഭത്തിലേർപ്പെട്ട് വിജയലക്ഷ്മിയെ വരിക്കാൻ ഭാഗധേയമുണ്ടാകയുള്ളു. പാണ്ഡിത്യത്തിന്റേയും പരിശ്രമത്തിന്റേയും ഒരു ശേവധിയാണ് ഈ പ്രസിദ്ധീകരണം.

വിഷയങ്ങൾ:—പ്രഥമസഞ്ചികയിൽ 240 പേജുകളും ഉപോൽഘാതവും അനന്തരം സാഹിത്യസാമാന്യസ്വരൂപാദികളെ വിവരിക്കുന്ന ഒന്നാം പ്രകരണവും ശബ്ദാലങ്കാരനിരൂപണമായ രണ്ടാം പ്രകരണവും അടങ്ങിയിരിക്കുന്നു. ദ്വിതീയസഞ്ചികയിൽ അർത്ഥാലങ്കാരനിരൂപണമായ മൂന്നാം പ്രകരണം മാത്രം.

ഉപോൽഘാതമൊഴിച്ചുള്ള മൂന്നു പ്രകരണങ്ങൾ സംസ്കൃതത്തിലെ ശ്രേഷ്ഠങ്ങളായ കാവ്യമീമാംസാഗ്രന്ഥങ്ങളുടെ പ്രതിദ്ധ്വനികളാകയാൽ വിമർശനീയങ്ങളല്ല. പ്രാചീനാചാര്യന്മാർ കാവ്യസ്വരൂപനിർണ്ണയത്തിലും അലങ്കാരാദിനിർവ്വചനത്തിലും എത്രമാത്രം മനസ്സിരുത്തിയിട്ടുണ്ടെന്നു മലയാളികളെ ധരിപ്പിക്കുവാൻ ആ പ്രകരണങ്ങൾ സമർത്ഥങ്ങൾതന്നെ. മലയാളത്തിൽ കാവ്യരചനാദി വിഷയങ്ങളിൽ ഉപരിപ്ലവബുദ്ധിയോടെ കൈവെക്കുന്നവർക്ക് അവശ്യം വേണ്ട സംസ്കാരത്തിന് അഥവാ വിപാകപത്വത്തിന് അവയുടെ അവധാനപൂർവ്വകമായ പാരായണം കാര്യമായൊക്കെ ഉപകരിക്കുമെന്നു പറയാം. കാരികകൾ സംസ്കരിക്കുന്നതിലും അലങ്കാരങ്ങളെ അനുസന്ധാനം ചെയ്യുന്നതിലും മററും ഗ്രന്ഥകാരൻ ഏറെക്കുറെ ഉചിതജ്ഞത പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ സംസ്കൃതത്തിലെ ഉദാഹരണപദ്യങ്ങൾ വിവർത്തനം ചെയ്ത് സ്വന്തമാക്കുന്നതിലും, സംസ്കൃതത്തിൽ പണ്ടേ യുക്തിസമരങ്ങൾക്കു വിഷയീഭവിച്ചിട്ടുള്ള കാര്യങ്ങളിൽ കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്നതിലും, കേരളീയരായ ചില ഡോക്ടർമാർ പാശ്ചാത്യന്മാരുടെ ഭക്ഷ്യപേയങ്ങൾ കേരളത്തിലെ കുട്ടികൾക്കു വിധിക്കുംപോലെ, സംസ്കൃതത്തിലെ ചില ഏർപ്പാടുകൾ അനാവശ്യമായി മലയാളത്തിന്റെ തലയിൽ കെട്ടിവെക്കുന്നതിലും ഗ്രന്ഥകാരൻ ദീക്ഷിച്ചിട്ടുള്ള ഔചിത്യം ചിന്തനീയമായിരിക്കുന്നു. കാവ്യജീവിതവൃത്തി, സംസ്കൃ

ത്തിലെ കാവ്യമീമാംസാഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ സ്ഥലം പിടിക്കണെമെന്നാണോ ആവോ അദ്ദേഹത്തിന്റെ അഭിലാഷം. ഏതായാലും ഈദൃശ ദോഷാംശങ്ങളെപ്പററി അധികം പറഞ്ഞിട്ടാവശ്യമില്ല. മലയാളികളിൽ പണ്ഡിതന്മാൎക്ക് സംസ്കൃതത്തിലെ മൂലഗ്രന്ഥങ്ങൾ തന്നെ അഭിഗമ്യങ്ങളായിരിക്കേ മി. കൃഷ്ണൻനായരുടെ 'ചിഹ്നന'ങ്ങളും നവീനവാദങ്ങളും അവരെ അമ്പരപ്പിക്കുകയില്ല. പക്ഷേ ഒന്നു പറഞ്ഞുകൊള്ളട്ടെ. 'ചെറുപൈതലി'നെപ്പോലെയുള്ള അപ്രഥിതനിബന്ധനങ്ങളിൽനിന്ന് ഒട്ടേറെ പദ്യങ്ങൾ ഉദാഹരിക്കേണ്ടിയില്ലായിരുന്നു.

<u>ഉപോൽഘാതം</u>:—ഒരു വിധത്തിൽ നോക്കിയാൽ ഉപോൽഘാതമാണ് ഈ ഗ്രന്ഥത്തിൽ ഏററവും പ്രധാനം. മി. കൃഷ്ണൻനായരുടെ സ്വതന്ത്രകൃതി യഥാൎത്ഥത്തിൽ അതായിട്ടു വേണം വിചാരിക്കുവാൻ. ഗ്രന്ഥത്തിലെ മററു ഭാഗങ്ങളിൽ, അന്യത്ര പറഞ്ഞിട്ടുള്ളതുപോലെ, അദ്ദേഹത്തിനു കാവ്യപ്രകാശാദിവിശിഷ്ടകൃതികളുടെ പിന്നാലെ പോകേണ്ടതേയുള്ളു. പാദസ്ഖലനം ഉണ്ടാകാതിരിപ്പാൻ സൂക്ഷിക്കണമെന്നു മാത്രം. ഉപോൽഘാതത്തിലെ ഗതി അങ്ങനെയല്ല. പൌരസ്ത്യവും പാശ്ചാത്യവുമായ കാവ്യകലാവിചാരണകളെ സ്വതന്ത്രമായി സംശോധിക്കുവാനാണു അതിൽ അദ്ദേഹത്തിന്റെ പുറപ്പാട്. ഒന്നാകെ 240 പേജുണ്ട്. ഉപോൽഘാതംതന്നെ, വേണമെങ്കിൽ തിരിച്ചൊരു ഗ്രന്ഥമാക്കിത്തീൎക്കാം. മി. കൃഷ്ണൻനായരുടെ ഗ്രന്ഥനിൎമ്മാണത്തെക്കുറിച്ചു കിംവദന്തികൾ പുറപ്പെട്ട കാലം മുതൽ പലരും ഔൽസുക്യത്തോടെ പ്രതീക്ഷിച്ചിരുന്നതു് അത്തരം ഒരു ഗ്രന്ഥമാണ്. ഉപോൽഘാതത്തിൽ അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളും സ്വീകരിച്ചിട്ടുള്ള വാദരീതിയും ഉപയോഗിച്ചിട്ടുള്ള പ്രതിപാദനസമ്പ്രദായവും ഗ്രഹിച്ചാൽ പ്രകരണങ്ങളിൽ അദ്ദേഹം എങ്ങനെ വിഹരിച്ചിരിക്കുമെന്നൂഹിക്കാൻ കഴിയും. 'വിളയും വിത്തു മുളയിൽ അറിയാം.'

<u>ആദരഭേദം</u>:—പാശ്ചാത്യരുടേയും പൌരസ്ത്യരുടേയും കാവ്യമീമാംസകൾ തോലനം ചെയ്യുമ്പോൾ ഇരുകൂട്ടരോടും ഒരേവിധമായിരിക്കണമല്ലോ നിരൂപകന്റെ ആദരപ്രകടനം. മി. കൃഷ്ണൻനായൎക്കു പൌരസ്ത്യരായ ആലങ്കാരികന്മാരോടു വലിയ ബഹുമാനമുണ്ട്. അവരുടെ കഥനങ്ങളിലും പോരായ്മകൾ അദ്ദേഹം ദശിക്കുന്നില്ലെന്നില്ല. പക്ഷേ അവരെ അധഃകരിക്കയോ അപഹസിക്കയോ ചെയ്യാൻ ഒരിടത്തും അദ്ദേഹം ധൈൎയ്യപ്പെട്ടിട്ടില്ല. എല്ലാവരും അദ്ദേഹത്തിനു പൂജനീയരായ ആചാൎയ്യപ്രവരന്മാരാകുന്നു. ഭിന്നാഭിപ്രായങ്ങളെ, കുറവും കുറാവും പോക്കി, ഒരേ

ലക്ഷ്യത്തിലെത്തിക്കുവാൻ അദ്ദേഹം സഹിച്ചിട്ടുള്ള ക്ലേശം അവരോട് അദ്ദേഹത്തിനുള്ള കടപ്പാടിനു് അനുരൂപമായിട്ടുണ്ടു്. എന്നാൽ പാശ്ചാത്യരായ കാവ്യമർമ്മവേദികൾ അങ്ങനെ അദ്ദേഹത്തിന്റെ പ്രശ്രയാദരങ്ങൾക്കു പാത്രീഭവിച്ചിട്ടില്ല. അവരെ ഉന്മുഖീകരിച്ചുള്ള മിക്ക പ്രസ്താവങ്ങളും ഏറെക്കുറെ അവജ്ഞാലാഞ്ഛിതങ്ങളായിരിക്കുന്നു. അവരിൽ പ്രഥമഗണനീയർകൂടി തന്നെക്കാൾ എത്രയോ പടി താണവരാണെന്നാണോ മി. കൃഷ്ണൻനായരുടെ മതം? അങ്ങനെയെങ്കിൽ ശാന്തം പാപം!

**ജ്ഞാനവിരളതയോ ഏകപക്ഷീയതയോ?**— ഈ മനോഭാവത്തിനു കാരണം മി. നായർക്കു് പാശ്ചാത്യസാഹിത്യത്തിലുള്ള പരിചയക്കുറവല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സംസ്കൃതത്തിന്റെ ഈടുവെപ്പു് ഒട്ടൊക്കെ നേരിട്ടു പരിശോധിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. എന്നാൽ പാശ്ചാത്യസാഹിത്യമീമാംസാസംബന്ധമായി നാനാഭാഷകളിൽ ഉണ്ടായിട്ടുള്ള അനേകശതം ഉത്തമഗ്രന്ഥങ്ങളിൽ അദ്ദേഹം സ്വയമേവ വായിച്ചു മനസ്സിലാക്കിയിട്ടുള്ളവ എത്രയോ കുറച്ചായിരിക്കണം. ഇംഗ്ലീഷറിവുള്ളവർ മലയാളത്തിൽ എഴുതിയിട്ടുള്ള ചില ലേഖനങ്ങളെ പാശ്ചാത്യകാവ്യമീമാംസയുടെ അനിഷേധ്യപ്രമാണങ്ങളായെണ്ണി അതിപ്രധാനങ്ങളായ ഏതാനും കാര്യങ്ങളിൽ മി. കൃഷ്ണൻനായർ തീർപ്പുകല്പിക്കുന്നതു കാണുമ്പോൾ ഒന്നു മന്ദഹസിക്കയല്ലാതെ എന്തു ചെയ്യട്ടെ. തനിക്കു് നല്ല പരിചയമില്ലാത്ത കാര്യങ്ങളെക്കുറിച്ചു് ഖണ്ഡിച്ചഭിപ്രായം പറയുവാൻ ആരും കുറെ പേടിക്കും. മി. കൃഷ്ണൻനായർക്കു് അതില്ലെന്നോ?

സംസ്കൃതപക്ഷപാതികളിൽ ചിലർക്കു്, വിമാനവും കമ്പിത്തപാലുമെന്നുവേണ്ട സകലവും പണ്ടു ഭാരതത്തിലുണ്ടായിരുന്നുവെന്നു പറയുവാനുള്ള ബദ്ധപ്പാടു് അല്പമല്ല. അതു അതിരുവിട്ട സ്വാരാജ്യാഭിമാനത്തിന്റെ വിജൃംഭണമായിട്ടേ കണക്കാക്കേണ്ടതുള്ളു. മേല്പറഞ്ഞ ആദരഭേദത്തിനു് മറ്റൊരു കാരണം അതായിരിക്കുമോ? ആണെങ്കിൽ അതു് വർജ്ജിക്കേണ്ട കാലം അത്യാസന്നമായിരിക്കുന്നു.

**താർക്കികനോ സഹൃദയനോ?**—സുകുമാരകലകൾ ബുദ്ധിമാത്രകൃതങ്ങളെങ്കിൽ അവയുടെ വിലാസങ്ങളെ തീർച്ചയായും തർക്കത്തിന്റെ നിശിതാഗ്രമായ ദണ്ഡംകൊണ്ടു നിയമിക്കാം. പക്ഷേ അവ, പരമാർത്ഥത്തിൽ ഹൃദയവികാരനിർഗ്ഗതങ്ങളാണെന്നല്ലേ ഇന്നേവരെയുള്ള അറിവു്? പിന്നെ എങ്ങനെ അവയുടെ വിചിത്രവിലാസങ്ങളേയും

സൌന്ദൎയ്യാംശങ്ങളേയും സംപൂൎണ്ണമായി കരാംഗുലികൾക്കു് അകത്തു് അടങ്ങിയിരുന്നു ഗണിച്ചു തിട്ടപ്പെടുത്തുവാൻ കഴിയുന്നു? അതിനുദ്യമിക്കുന്നവൻ, സംഗീതപ്പെട്ടി തല്ലിത്തകൎത്തു് അതിലെവിടെയാണു് സംഗീതമിരിക്കുന്നതെന്നു കണ്ടു പിടിക്കുവാൻ ശ്രമിക്കുന്ന കുട്ടിയുടെ കൂട്ടത്തിൽ പെട്ടവനെന്നുവേണം പറവാൻ.

കാവ്യത്തിന്റെ മൎമ്മത്തെയെന്നല്ല സാങ്കേതികാംശങ്ങളെക്കൂടി ക്രമാധികമായ താൎക്കികബുദ്ധിയോടുകൂടി വ്യവച്ഛേദിക്കുന്നതു് ആദരണീയമല്ല. ഒരു താൎക്കികന്റെ പരുഷമായ യുക്തിയെക്കാളധികം ഒരു സഹൃദയന്റെ മധുരമായ യുക്തിക്കാണു് സുകുമാരകലാവിചാരങ്ങളിൽ സ്ഥാനമുള്ളതു്. മി. കൃഷ്ണൻനായരുടെ ഗ്രന്ഥത്തിൽ ആപാദശീൎഷം, ഗണിതാദി ഗ്രന്ഥങ്ങളിലെന്നപോലെ താൎക്കികയുക്തിധോരണി കാണുന്നുണ്ടു്. ഉദാഹരണത്തിന്നു അദ്ദേഹം അതിവ്യാപ്ത്യവ്യാപ്ത്യസംഭവങ്ങൾക്കിടവരാതെ സാഹിത്യസ്വരൂപലക്ഷണം ചെയ്തിട്ടുള്ളതു നോക്കിയാൽ മതി. പ്രസിദ്ധനായൊരു യവനതത്വജ്ഞൻ കോഴിയെ നിഷ്കൃഷ്ടമായി നിൎവ്വചിച്ചപ്പോൾ ശിഷ്യന്മാർ പറഞ്ഞ ഉത്തരത്തെയാണു് അതോൎമ്മയിൽ വരുത്തുന്നതു്. ആചാൎയ്യന്റെ നിൎവ്വചനത്തേക്കാൾ ഭേദം കോഴിയെന്നുള്ള സംജ്ഞയാണെന്നായിരുന്നു അവരുടെ ഉത്തരം. എന്തിനും രണ്ടു തരത്തിൽ ലക്ഷണം ചെയ്യാം—വ്യാവഹാരികമായും വ്യാവൎത്തകമായും. വ്യാവൎത്തകലക്ഷണം ലക്ഷ്യത്തിന്റെ പൂൎണ്ണസ്വരൂപം വെളിപ്പെടുത്തുന്നതല്ല. സന്ദേഹസ്ഥാനങ്ങളിൽ വ്യാവൎത്തനത്തിനു മാത്രം അതുപകരിക്കും. സാഹിത്യത്തെ സാഹിത്യേതരങ്ങളിൽ നിന്നു വ്യാവൎത്തനം ചെയ്വാൻ സഹൃദയനു യാതൊരു പ്രയാസവുമില്ല. പാശ്ചാത്യരും പൌരസ്ത്യരുമായ വിദ്വാന്മാർ ഭൂരിപക്ഷവും വ്യാവഹാരികലക്ഷണമേ സാഹിത്യത്തെ സംബന്ധിച്ചു ചെയ്തിട്ടുള്ളു. അവർ സ്വസ്വഹൃദയാപഹാരകമായി തോന്നിയ ധൎമ്മത്തെ മുൻനിൎത്തി സാഹിത്യനിൎവ്വചനം ചെയ്തുവെന്നു മാത്രം.

“ചമൽക്കാരജനകമായ വാച്യവാചകസ്വരൂപമാകുന്നു സാഹിത്യം” എന്നാണല്ലോ മി. കൃഷ്ണൻനായരുടെ കറകളഞ്ഞ വ്യാവൎത്തകലക്ഷണം. അതിൽ ചമൽക്കാരമെന്നു പറഞ്ഞാൽ എന്താണൎത്ഥം? കാവ്യത്തിൽ അവാച്യരമണീയമായുള്ള അംശങ്ങൾക്കൊന്നാകെക്കൂടിയുള്ള ഒരു സംജ്ഞയാണു് അതെന്നു ഭാഷാഭിജ്ഞന്മാൎക്കറിയാം. അതിന്റെ ഉള്ളുകള്ളികൾ ശസ്ത്രക്രിയ ചെയ്തു വിശദമാക്കുക സാദ്ധ്യമല്ല.

ആ സ്ഥിതിക്കു് ആ ശബ്ദം ഉപയോഗിച്ചു് നിഷ്കൃഷ്ടമായ കാവ്യലക്ഷണം ചെയ്യുമെന്നഭിമാനിച്ചാൽ വല്ല കാൎയ്യവുമുണ്ടോ? സയൻസിലെ Ether mind-stuff, ഇത്യാദി ശബ്ദങ്ങളെപ്പോലെയൊന്നാണു് ചമൽകാരശബ്ദം. സാഹിത്യത്തിനു വ്യാവഹാരികലക്ഷണം ചെയ്യുവർ ചമൽകാരവും സാഹിത്യവും തമ്മിലുള്ള ബന്ധം നിൎദ്ധാരണം ചെയ്യിട്ടുള്ളവർതന്നെയാണു്. ഡബ്ളിയു. എച്ച്. ഹഡ്സൺ, "ചോദിക്കുംവരെ അറിയാം, ചോദിച്ചാൽ അറിയില്ല" എന്നു സാഹിത്യത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ടല്ലോ. അതാണു് യഥാൎത്ഥത്തിൽ അൎത്ഥവത്തായ കാവ്യനിൎവ്വചനം. അതിൽ ചമൽകാരമുണ്ടു്. അതിന്റെ അൎത്ഥം എത്രമാത്രം വ്യാപകവും മധുരവുമാണെന്നാലോചിക്കുവാനും ആസ്വാദിക്കുവാനും കഴിയാത്ത താൎക്കികനു് അതു് വക്താവിനു കാവ്യനിൎവ്വചനത്തിന്നുള്ള അശക്തിയെ സൂചിപ്പിക്കുന്നതായി മാത്രം തോന്നാം. സഹൃദയന്മാൎക്കു് അതിൽ കവിഞ്ഞൊരു നിൎവ്വചനമില്ല.

"പാശ്ചാത്യന്മാൎക്കു് ഭാരതീയൎക്കെന്നപോലെ സുകരവും നിഷ്കൃഷ്ടവുമായ രീതിയിൽ ലക്ഷണം നിൎമ്മിക്കുന്നതിന്നുള്ള ശാസ്ത്രീയസമ്പ്രദായം പരിചിതമല്ലെ"ന്നു മി. കൃഷ്ണൻനായർ എടുത്തു പറയുന്നു. ഈ നിഗമനം ശതകോടി നമസ്കാരാൎഹംതന്നെ. നിൎവ്വചനാദികളിൽ തൎക്കത്തിന്റെ പ്രാഥമികപാഠങ്ങൾകൂടി അനുവൎത്തിക്കുവാൻ പാശ്ചാത്യൎക്കു പരിചയമില്ലെന്നു് ഇതിനുമുമ്പു് ഇത്ര സൂക്ഷ്മമായി നിൎദ്ധാരണം ചെയ്വാൻ ആൎക്കും കഴിഞ്ഞിട്ടില്ല.

തങ്ങൾ ശാസ്ത്രങ്ങളെന്നു കണക്കാക്കിയവയിലെല്ലാം, പാശ്ചാത്യർ താൎക്കികന്റെ കാൎക്കശ്യത്തോടുകൂടിത്തന്നെ ലക്ഷണാദികൾ നിൎമ്മിച്ചിട്ടുണ്ടു്. ആ വാസ്തവം പാശ്ചാത്യന്മാരുടെ ശാസ്ത്രങ്ങൾ പഠിച്ചിട്ടുള്ളവൎക്കു് അറിയാം. സാഹിത്യനിരൂപണം അവൎക്കൊരു പ്രത്യേകശാസ്ത്രമല്ല. അതുകൊണ്ടു് അതിനെ തൎക്കജടിലമാക്കുവാൻ അവർ മുതിൎന്നില്ലെന്നേയുള്ളു. പൌരസ്ത്യരുടേയും പാശ്ചാത്യരുടേയും സാഹിത്യമീമാംസകൾ രണ്ടു തരത്തിൽ വളൎന്നു വന്നു. രണ്ടും കാവ്യകലാതത്വാവബോധത്തിനു് പൎയ്യാപ്തങ്ങളാണു്. ഒന്നു ശബ്ദാൎത്ഥങ്ങളുടെ ചാരുതാവിശേഷങ്ങളിൽകൂടി കാവ്യത്തിൽ കടക്കുമ്പോൾ മറ്റൊന്നു കാവ്യത്തിൽകൂടി ശബ്ദാൎത്ഥങ്ങളിലേക്കു കടക്കുന്നു. പദ്ധതിഭേദം നിമിത്തം ഒന്നാമത്തേതു് കാവ്യമൊന്നാകെയെന്നതിനേക്കാളധികം ശബ്ദാൎത്ഥസൌന്ദൎയ്യങ്ങളെ വിവേചിക്കുവാനും, രണ്ടാമത്തേതു് ശബ്ദാ

ത്ഥങ്ങളെ അപഗ്രഥിച്ചെന്നതിനേക്കാളധികം കാവ്യമൊന്നാകെ നിരൂപിക്കുവാനും ഇടയായി. ഈ ഗതിവിശേഷങ്ങൾ മനസ്സിലാക്കാതെ 'സൂക്ഷ്മമായി താരതമ്യവിവേചനം നടത്തുന്നപക്ഷം പാശ്ചാത്യരുടെ ലിട്ടററി ക്രിട്ടിസിസം വാമനാദികളുടെ (അഥവാ രീതിയുടെ) കാലത്തോടടുത്തേ എത്തിയിട്ടുള്ളുവെന്നും' മററും പ്രാഡ്വിപാകഭാവേന ആധർഷണം ചെയ്യുന്നതാദരിക്കാൻ പ്രയാസം.

താർക്കികയുക്തിയുടെ അപചയം:— രേഖാമാത്രാന്തരമില്ലാത്തവിധം സീമാപരിച്ഛേദം ചെയ്യുവാൻ സുകുമാരകലാവിഷയകങ്ങളായ കാര്യങ്ങളിൽ പാടില്ലെന്നു് അന്യത്ര പറഞ്ഞിട്ടുണ്ടല്ലോ. അങ്ങിനെയൊരു ധാരണയില്ലാതെ സകലവും ആശാരിക്കോൽകൊണ്ടു് അളന്നു മുറിച്ചിടുവാൻ വെമ്പുന്ന ഗ്രന്ഥകാരൻ അനേകത്ര താർക്കികയുക്തിയുടെ അപചയം ദയനീയമാംവണ്ണം വെളിപ്പെടുത്തിയിട്ടുണ്ടു്. കാവ്യാസ്വാദനത്തിനു് ഏറെക്കുറെ കവിയുടെ ജീവനചരിത്രവും സമകാലികചരിത്രവും ഉപകരിക്കുമെന്നുള്ള മതത്തെ ഖണ്ഡിക്കുന്ന കൂട്ടത്തിൽ അദ്ദേഹം പറയുന്നതു നോക്കുക:—

“വാല്മീകി, ഭാസൻ, കാളിദാസൻ, ഭവഭൂതി, അശ്വഘോഷൻ, ഭാരവി, മാഘൻ, ഹർഷൻ, ഭോജൻ, ബാണഭട്ടൻ, പുനം, ചെറുശ്ശേരി, തുഞ്ചൻ, കുഞ്ചൻ മുതലായവരുടെ കാലത്തെ ചരിത്രമോ ജീവനചരിത്രമോ അറിയുന്നതുകൊണ്ടോ അറിയാത്തതുകൊണ്ടോ തദീയകൃതികളുടെ ആസ്വാദനത്തിനു വല്ല വൈശിഷ്ട്യമോ വൈകല്യമോ സഹൃദയന്മാർക്കു് അനുഭവപ്പെടുന്നുണ്ടോ? ഭാസകാളിദാസാദികളുടെ കാലം, ദേശം, ആ ദേശത്തെ ശീതോഷ്ണസ്ഥിതി, രാജാവു്, രാജ്യഭരണരീതി, യുദ്ധാദിപ്രധാനസംഭവങ്ങൾ, കൃഷി, വാണിജ്യം, വിദ്യാഭ്യാസം, ജനസംഖ്യ, സമുദായസ്ഥിതി, ആചാരം, ഭാഷ മുതലായവയും ആ കവികളുടെ ഉയരം, വണ്ണം, നിറം, ജാതി, സ്വഭാവം, കുളി, ഊൺ, ഉറക്കം, അമ്മ, അച്ഛൻ, സഹോദരൻ, ഭാര്യ, മക്കൾ, അയൽവക്കക്കാർ, ബന്ധു, മിത്രം, ശത്രു, ഉദ്യോഗം, ധനസ്ഥിതി മുതലായവയും ഗ്രഹിച്ചിട്ടുള്ളവർക്കേ അവരുടെ കൃതികൾ പൂർണ്ണമായി ആസ്വദിക്കാൻ സാധിക്കയുള്ളുവെന്നു പറയുന്നതു് അനുഭവത്തിനു വിരുദ്ധമല്ലേ? ഇന്നത്തെ മഹാകവികളായ ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ ഗ്രന്ഥങ്ങൾ വായിച്ചു രസിക്കുവാൻ അവരുടെ ജീവനചരിത്രജ്ഞാനം ആവശ്യമാണെന്നാരെങ്കിലും പറയുമോ?—ഇത്യാദി”. ഇതിനെപ്പററി 'കഷ്ടം!'

എന്നു മാത്രമേ പറവാനുള്ളു. കവിത ആത്മാവിന്റെ ബഹിഃസ്ഫുരണമാണെന്നു തുടങ്ങിയുള്ള പ്രസ്താവങ്ങളെ എതിൎത്തുകൊണ്ടു മി. നായർ പറയുന്ന ഭാഗം കഷ്ടാൽകഷ്ടതരമാണു്. കേട്ടാലും:—"ആത്മാവിന്റെ ഒരംശം ആലോചനയിലേക്കു കടന്നുകൂടുന്നുണ്ടെന്നും അതു് എഴുത്തുവഴിക്കു പുറത്തുപോകുന്നുണ്ടെന്നും വാദത്തിനുവേണ്ടി സമ്മതിക്കുക തന്നെ. അങ്ങനെ എഴുത്തിൽകൂടി ആത്മാവിന്റെ അംശം ഒട്ടൊട്ടായി പുറത്തുപോകുന്നതുകൊണ്ടു, കാലക്രമത്തിൽ ആത്മാവുതന്നെ ശരീരത്തിലില്ലാതാവാൻ അവകാശമുണ്ടു്. ശരി; ആ അവസ്ഥയായിരിക്കാം മരണം അല്ലേ? എന്നാൽ എഴുതാൻ അറിയാത്തവൎക്കും മരണമുണ്ടല്ലോ? അവരുടെ വാക്കിൽകൂടിയായിരിക്കാം ആത്മാംശനിഷ്ക്രമണം! അപ്പോൾ ലൗകികഭാഷണം കവിതയാവില്ലേ? ആട്ടെ, ഊമകളുടേയും മിണ്ടാപ്രാണികളുടേയും സ്ഥിതിയോ?——ഇത്യാദി" എത്ര ബാലിശം! ബ്രഹ്മസ്വരൂപം സച്ചിദാനന്ദമാണു്. ആത്മാവാകട്ടെ ബ്രഹ്മാഭിന്നവുമാകുന്നു. ഈ സ്ഥിതിക്കു് ആത്മാവിന്റെ ബഹിഃസ്ഫുരണമെന്നതിനു് അനന്യപരതന്ത്രമായ പരമാനന്ദത്തിന്റെ മധുരമധുരമായ പ്രവാഹമെന്നൎത്ഥമാണെന്നു സഹൃദയന്മാൎക്കറിയാം. ഈ അനുഭവത്തെ ആസ്പദമാക്കിക്കൊണ്ടുതന്നെയാണു 'ബ്രഹ്മ വൈ രസഃ' 'രസോ വൈ സഃ' എന്നും മററും നിൎവചിക്കുവാൻ ഋഷീശ്വരന്മാർ പ്രേരിതരായിട്ടുള്ളതു്. 'ചോദിക്കുംവരെ അറിയാം; ചോദിച്ചാൽ അറിയില്ല' എന്നു ഹഡ്സൺ പറഞ്ഞിട്ടുള്ളതും ഈ അനുഭവംകൊണ്ടുതന്നെയാണു്. പക്ഷേ ഇവിടെ ഒരു കാൎയ്യമുണ്ടു്. ഇതറിയണമെങ്കിൽ തഴിച്ച സഹൃദയത്വം വേണം. പാണ്ഡിത്യം മാത്രം പോരാ. ഇപ്രകാരമുള്ള ലെട്ടങ്ങൾ ഇനിയും പലതുമുണ്ടു്. വിസ്തരഭയത്താൽ അവ ഉപേക്ഷിക്കുന്നു.

"എന്റെ അഭിപ്രായം"—സംസ്കൃതത്തിലും ഇംഗ്ലീഷിലും പല മഹാശയന്മാരും പറഞ്ഞു സുപ്രതിഷ്ഠങ്ങളായ കാൎയ്യങ്ങൾ സ്വാഭിപ്രായങ്ങളായി വിളമ്പുവാൻ കാവ്യജീവിതവൃത്തികാരൻ ഉപോൽഘാതത്തിലും പ്രകരണങ്ങളിലും ബഹുത്ര ശ്രമിച്ചിട്ടുണ്ടു്. "എന്റെ അഭിപ്രായം" എന്ന പ്രയോഗവും അതിന്റെ ഭംഗ്യന്തരേണയുള്ള കഥനങ്ങളും നീരസം ജനിപ്പിക്കാവുന്നവിധം അത്ര അധികമാണു്. നമ്മുടെ ഭാഷയിൽതന്നെ രാജരാജവൎമ്മയെപ്പോലുള്ള പണ്ഡിതവൎയ്യന്മാർ സ്വാഭിപ്രായം പറയുന്നിടങ്ങളിൽക്കൂടി ഉത്തമപുരുഷബന്ധം അന്തൎഹി

തമാക്കുയേ പതിവുള്ളു. ഇതരഭാഷകളിലുള്ള വിദ്വാന്മാരുടെ കാൎയ്യം പറയേണ്ടതില്ല.

ഭാഷ:—ഭാഷ വ്യാകരണദൃഷ്ട്യാ നിൎദ്ദോഷമാണെങ്കിലും കണക്കിലധികം സാങ്കേതികവും സമാസജടിലവുമായെന്നു പറയേണ്ടിയിരിക്കുന്നു. ഈവക സംഗതികൾ നിഷ്കൃഷ്ടമായി പ്രതിപാദിക്കുവാൻ ഇത്രയൊക്കെ കഠിനമായ ഭാഷ വേണമെന്നായിരിക്കും മി. കൃഷ്ണൻ നായരുടെ സങ്കല്പം. പക്ഷേ മററു പലരും കൂടുതൽ ലളിതവും സുന്ദരവുമായ ഭാഷയിൽ ഏതാദൃശവിഷയങ്ങൾ പ്രതിപാദിച്ചു കഴിഞ്ഞിരിക്കേ ആ സങ്കല്പം അനാസ്പദമാകുന്നു. മലയാളത്തിലും സംസ്കൃതഗദ്യരീതി അപരിത്യാജ്യമാണെന്നുള്ള ബോധം ശരിയല്ല.

"മനോവിശാലത അല്പംകൂടി അതോടെ കുറച്ചുകൂടി അന്യസാഹിത്യജ്ഞാനവും"—അതേ, ഇവകൂടി നേടിയിട്ടുവേണം ഇങ്ങനെ പുതിയൊരു സാഹിത്യമീമാംസാഗ്രന്ഥമെഴുതാൻ. കാളിദാസൻെറ മീതെ മാഘനെ പ്രതിഷ്ഠിക്കുന്ന അലങ്കാരശാസ്ത്രത്തിൻെറ നേർപകൎപ്പ് ഇന്നാവശ്യമില്ല. വേണമെന്നു നിൎബ്ബന്ധമുണ്ടെങ്കിൽ കൊച്ചി ഭാഷാപരിഷ്കരണക്കമ്മററിവക സാഹിത്യദൎപ്പണം തൎജ്ജമയുണ്ട്. പോരെന്നുള്ളവർ മൂലഗ്രന്ഥങ്ങൾ നോക്കിക്കൊള്ളും.

കൈരളി.

---

# ഭാഷാവിഷയം.

ഭാഷാകുതുകികളായ പല പാശ്ചാത്യപണ്ഡിതന്മാരുടേയും കോവുണ്ണി നെടുങ്ങാടി തുടങ്ങിയ മലയാളികളുടേയും ഗവേഷണത്തിനു വിഷയമായ കേരളഭാഷയ്ക്കു സർവ്വസമ്മതമായ ഒരു വ്യാകരണം ഉണ്ടായിക്കഴിഞ്ഞിട്ടു കാലം അധികമായിട്ടില്ല. മഹാശയനായ പ്രൊഫസർ എ. ആർ. രാജരാജവർമ്മ തമ്പുരാൻ തിരുമനസ്സിലെ അനുഗ്രഹബുദ്ധികൊണ്ടു കേരളപാണിനീയം ഭാഷയ്ക്കു സിദ്ധിച്ചു. ഭാഷാവിഷയമായ പല സന്ദേഹങ്ങൾക്കും ഒരുവിധം സമാധാനം അതിൽ കാണാം. ഇത്രയായിട്ടും ജിജ്ഞാസുക്കളായ ഭാഷാപ്രണയികൾ തങ്ങളുടെ സന്ദേഹങ്ങൾക്കെല്ലാം സമാധാനം കണ്ടെത്തുന്നുമില്ല. ഭാഷയാകട്ടെ ഇന്നും ഉൽക്കർഷത്തിലേയ്ക്കു കുതിച്ചു പാഞ്ഞുകൊണ്ടുതന്നെ ഇരിക്കുകയാണു്. ഈയവസരത്തിൽ ഭാഷാവിഷയമായ ചില ലഘുലേഖനങ്ങൾ കൈരളിയിൽ ഉപന്യസിക്കുന്നതായാൽ അസ്ഥാനത്തിലാകയില്ലെന്നു വിശ്വസിക്കുന്നു. ലേഖകന്നു പററിപ്പോകുന്ന പ്രമാദങ്ങൾ ചൂണ്ടിക്കാണിക്കുന്നപക്ഷം സസന്തോഷം സമ്മതിക്കുവാനും ന്യായമാണെന്നു തോന്നിയാൽ കൈരളിയുടെ പങ്ക്തികളിൽത്തന്നെ പിഴ തീർത്തു പരസ്യം ചെയ്യുവാനും ഒരുക്കമുള്ളതാണെന്നു ഈ സന്ദർഭത്തിൽ അറിയിച്ചുകൊള്ളുന്നു.

മലയാളഭാഷയിൽ ലബ്ധപ്രതിഷ്ഠങ്ങളായ സ്ഖലിതങ്ങൾ പലതുമുണ്ടു്. എത്രതന്നെ നിഷ്കാസനം ചെയ്യാലും 'അഹോവൃത്തി' ഭാഷാകുടുംബത്തിൽനിന്നു ഒഴിഞ്ഞുപോകയില്ല. 'ആകുലമെന്യേ', 'പ്രിയമാണ്'' എന്നൊക്കെ പ്രയോഗിക്കരുതെന്നു വാദിച്ചാൽ ഫലമില്ല. എന്നാൽ 'രാമണീയകത', 'ഐക്യത' എന്നു തുടങ്ങിയ ഇരട്ടിച്ച ഭാവപ്രത്യയങ്ങളുള്ള പദങ്ങൾ പ്രയോഗിക്കരുതെന്നു ഇപ്പോൾ പറഞ്ഞുനോക്കിയാൽ പ്രയോജനമുണ്ടാകാം. അന്നന്നത്തെ പ്രയോഗവൈകല്യങ്ങൾ അന്നന്നു ചൂണ്ടിക്കാണിക്കുന്നപക്ഷം അതു കൈരളിക്കൊരു വലിയ ഉപകാരമായിരിക്കുമല്ലോ.

ഗൌരവതരം:—ഇതു പ്രസംഗപീഠങ്ങളിൽ വെച്ചാണു അധികം ഉൽഘോഷിച്ചു കാണുന്നതു്. ഗുരു എന്ന വിശേഷണപദത്തോടുകൂടിയല്ലാതെ 'തരം', 'തമം' എന്നിവ ഉപയോഗിച്ചുകൂട. ഇക്കാര്യത്തിൽ ഭാഷാപ്രണയികളായ സഹോദരന്മാരുടെ ഗുരുതരമായ ശ്രദ്ധ ഇനിയെങ്കിലും പതിഞ്ഞുകാണുമെന്നു വിശ്വസിക്കുന്നു.

പ്രത്യേകാൽ:—ഇതിൽ എന്തു പ്രത്യയമാണാവോ. പ്രത്യേകമായി എന്ന അർത്ഥത്തിലാണു ഇതു പ്രയോഗിച്ചു കാണുന്നതു്. 'പ്രത്യേക'ത്തിന്നുതന്നെ നില ഉറച്ചിട്ടില്ലാത്തതിനാൽ ഒരു പിൻതാങ്ങാണോ ഈ 'ആൽ'?

ഷഷ്ഠമൻ:—സാഹിത്യപഞ്ചാനനൻ പ്രയോഗദീപികയിൽ ചൂണ്ടിക്കാണിച്ചതാണെങ്കിലും ഷഷ്ഠമന്റെ പ്രചാരത്തിന്നു ഹാനി വന്നിട്ടില്ലെന്നു തെളിഞ്ഞിരിക്കുന്നു. പ്രചുരപ്രചാരമായ ഒരു ദിനപത്രത്തിൽ ഇതാ 'ഷഷ്ഠമൻ' എന്നു പ്രയോഗിച്ചു കാണുന്നു. 'ഷട്കതികതിപയചതുരാം ഥുക്' എന്ന സൂത്രപ്രകാരം 'ഷഷ്ഠഃ (ഷഷ്ഠൻ) എന്നേ വരികയുള്ളൂ. പഞ്ചമാദികളിലെന്നപോലെ മടാഗമം വരുന്നതല്ല. പഞ്ചമൻ, സപ്തമൻ, അഷ്ടമൻ, നവമൻ എന്നൊക്കെയാകാമെങ്കിൽ 'ഷഷ്ഠമ'നും ആകട്ടെ എന്നു വിധിക്കുന്നതു സാഹസമായിരിക്കും.

'അതോയിതോ', 'ഉണ്ടോയെന്നു' എന്നിങ്ങനെ പലരും പറയുകയും എഴുതുകയും ചെയ്യുന്നുണ്ടു്. ഓകാരം കഴിഞ്ഞു സ്വരം പരമാകുമ്പോൾ വകാരമല്ലാതെ യകാരം ആഗമമായി വരുന്നതെങ്ങനെയാണെന്നു മനസ്സിലാകുന്നില്ല. കേരളപാണിനി സന്ധിചേക്കാതിരിക്കുകയാണു നല്ലതെന്നു പറഞ്ഞിട്ടുമുണ്ടു്. നിപാതസ്വരാനന്തരം സ്വരം പരമായാലും ആഗമം ചേർത്തുച്ചരിക്കുന്നതു നന്നായിരിക്കയില്ല; സംസ്കൃതവൈയാകരണന്മാർ 'പ്രഗൃഹ്യം' എന്നു പേരിട്ടിട്ടുള്ള ശബ്ദങ്ങൾ ഉച്ചരിക്കുന്നതുപോലെ യാതൊരു സന്ധികാര്യവും കൂടാതെ തന്നെ ഉച്ചരിക്കുന്നതാണു നന്നായിരിക്കുക" എന്നാണു് അദ്ദേഹത്തിന്റെ മൊഴി. 'അതോ ഇതോ', 'ഉണ്ടോ എന്നു്' (എ)ന്നെഴുതേണ്ടതാണു എന്നിപ്പോൾ വ്യക്തമായിക്കഴിഞ്ഞു. സന്ധി ചേക്കരുതെന്നു പാണിനി കണിശമായി നിഷേധിച്ചു പറഞ്ഞിട്ടില്ലെന്നുകൂടി മേലുദ്ധരിച്ച ഭാഗത്തിൽനിന്നു വിശദമാകുന്നുണ്ടല്ലോ. സന്ധി ചേക്കുന്ന പക്ഷം സാമാന്യവിധിയെ അവലംബിക്കാതെ അപവാദമാക്കിയാലെന്താണു ദോഷം? 'പോയി' എന്ന പദത്തിൽ വകാരം ആഗമമായി വരാതെ യകാരമല്ലേ വന്നിരിക്കുന്നതു്? 'അതോവിതോ' എന്നതിനേക്കാൾ 'അതോയിതോ' എന്നുതന്നെയല്ലേ അധികം ഭംഗിയായിരിക്കുക? ഇങ്ങനെ ചില സംശയങ്ങൾ ഈ പ്രകൃതങ്ങളിൽ ഇല്ലായ്കയുമില്ല.

അധികരിച്ചു. പേരെടുത്ത സാഹിത്യകാരന്മാരുടെ പുസ്തകങ്ങളിൽത്തന്നെ അധികമായി എന്ന അൎത്ഥത്തിൽ 'അധികരിച്ചു' എന്നു കാണുവാൻ കഴിയും. ഏതെങ്കിലും ഒരു വിഷയത്തെ 'അധികരിച്ചു' പന്യസിക്കുമ്പോൾ 'പ്രമാദം' അധികരിക്കാതിരിപ്പാൻ ആരും ശ്രദ്ധിക്കേണ്ടതാണു്.

ജീവൽസാഹിത്യം:—ജീവത്തായ സാഹിത്യമെന്നോ ജീവത്തുക്കളുടെ സാഹിത്യമെന്നോ ഇതിനെ രണ്ടു തരത്തിൽ വിഗ്രഹിക്കാവുന്നതാണു്. ആദ്യത്തെ വിഗ്രഹപ്രകാരം ജീവനുള്ള സാഹിത്യം എന്നും രണ്ടാമത്തെ വിഗ്രഹപ്രകാരം ജീവനുള്ളവരുടെ സാഹിത്യം എന്നും അൎത്ഥമാകാം. Progressive literature എന്നതിന്റെ വിവൎത്തനമാണു ജീവൽസാഹിത്യം എന്ന പദം എന്നു പറഞ്ഞു കേൾക്കുന്നുണ്ടു്. Progressive എന്നതിന്നു മേൽക്കുമേൽ ഉൽകൎഷം പ്രാപിച്ചുകൊണ്ടിരിക്കുന്ന എന്നൎത്ഥമാണല്ലോ. ഈയൎത്ഥം ജീവനുള്ള എന്ന വിശേഷണം കൊണ്ടോ, ജീവിച്ചുകൊണ്ടിരിക്കുന്നവരുടെ എന്ന വിശേഷണംകൊണ്ടോ സിദ്ധിക്കുമോ എന്ന കാൎയ്യം ആലോചിക്കേണ്ടിയിരിക്കുന്നു. വിവൎത്തകൻ വിവക്ഷിച്ചിരിക്കുന്ന ധൎമ്മം എവിടെയില്ലയോ അവിടെ ജീവനില്ല എന്നായിരിക്കുമോ വിവൎത്തനത്തിൽ ഒളിഞ്ഞുകിടക്കുന്ന താല്പൎയ്യം എന്നറിയുവാൻ തരമില്ല.

മഹതാദൎശം:—'മഹതാദൎശം' എന്ന പേരിൽ ഒരു പുസ്തകം പുറത്തിറങ്ങിയിരിക്കുന്നു. ഈ പേരുതന്നെ തെററാണെന്നും മററും 'മാതൃഭൂമി' ഗുണദോഷിച്ചപ്പോൾ അക്ഷമനായ 'മഹതാദൎശകൎത്താവു്' 'അഭിപ്രായവിമൎശനങ്ങൾ' എന്നൊരു പുസ്തകം മാതൃഭൂമിയെ ആക്ഷേപിച്ചുകൊണ്ടു് എഴുതുകയാണുണ്ടായതു്. 'മഹതാദൎശം' എന്ന പ്രയോഗം അറിഞ്ഞുകൊണ്ടു ചെയ്തിരിക്കുന്ന ഒരു പരിഷ്കൃതപ്രയോഗമാണെന്നാണു് അദ്ദേഹത്തിന്റെ വാദം. അദ്ദേഹം ഈ ലേഖകന്റെ ഒരു മിത്രമാകയാൽ ഇങ്ങനെയൊന്നു പറയേണ്ടിവന്നിരിക്കുന്നു.

ജ്ഞാനേഷ്വാത്മീയദോഷപ്രമിതിരമിതധീ-
ലാളിതാ യാ കഥഞ്ച
വ്യാവൃത്തിം കൎത്തുമീഷ്ടേ മൃഹരപികലിതാ
ചിത്തശുദ്ധിം പ്രസൂതേ

ത്യക്ഷേ ജിജ്ഞാസിതേനാപ്യനിശമവിദിതേ
നാത്മദോഷേണ തേനേ-
ത്യാക്ഷേപേപ്യാദധാതി പ്രമദമിതിയതഃ
സാ സതാം കാമധേനുഃ

മഹതാദൎശത്തെസ്സാധൂകരിക്കുവാനുള്ള ഉദ്യമം 'മഹാദൎശ'ത്തിന്നും 'മഹതാദൎശ'ത്തിന്നും പററിയതല്ല.

<u>ഉച്ചാരണം</u>:—കേരളീയരുടെ സംസ്കൃതവൎണ്ണോച്ചാരണത്തിൽ പല വൈജാത്യവുമുണ്ടെന്നു പരദേശക്കാരായ പല പണ്ഡിതന്മാൎക്കും പണ്ടുതന്നെ ആക്ഷേപമുള്ളതാണല്ലോ. തകാരദകാരങ്ങൾക്കു ലകാരധ്വനി, ലകാരത്തിന്നു ളകാരം എന്നു തുടങ്ങിയ പലതും ഉണ്ടെന്നുള്ളതു വാസ്തവംതന്നെ. ആത്മാവ്, പത്മം എന്നിങ്ങനെ തകാരംകൊണ്ടു കുറിച്ചു ലകാരം ഉച്ചരിക്കുന്നതു വൈജാത്യംതന്നെയെന്നു സമ്മതിക്കാം. ഉച്ചാരണത്തിൽ ഇതൊരു പരിഷ്കാരമാണെന്നല്ലാതെ വൈകല്യമാണെന്നു സമ്മതിച്ച് ആത്മാവെന്നും പദ്മമെന്നും ഉച്ചരിക്കുവാൻ ഒരു മെട്ടന്ന മലയാളിയുണ്ടെങ്കിൽ അവൻ ദേശാഭിമാനത്തിന്റെ കണികപോലുമില്ലാത്ത പരപ്രത്യയനേയബുദ്ധിയാണെന്നേ പറയുവാൻ തരമുള്ളു. ബങ്കാളി വകാരത്തെ ബകാരമാക്കി ബന്ദേമാതരം എന്നുച്ചരിക്കുന്നതും മഹാരാട്ടന്ന ഗുളത്തെ ഗുഡമെന്നുച്ചരിക്കുന്നതും ശരിയാണെങ്കിൽ കേരളീയനെ എന്തിന്നു പഴിക്കുന്നു? ഉച്ചാരണമാധുൎയ്യത്തെ അറിച്ചേട്ടത്താസ്വാദിക്കുന്ന മലയാളി ബ്രഹ്മാവിനെ ബ്രമ്ഹാവാക്കാതെയും മദ്ധ്യാഹ്നത്തെ മദ്ധ്യാന്ഹമാക്കാതെയും ഉച്ചരിക്കയില്ല. മലയാളിക്കു നേപഥ്യത്തിൽ കളകളമാണിഷ്ടം, കലകലമല്ല. സഹശബ്ദച്ഛായയിൽ സഃ എന്നുച്ചരിക്കുന്നതിനേക്കാൾ മലയാളിയുടെ ഉച്ചാരമാണു ഭേദം. 'കാളീകാളാളകാളീ പൃഥുകുചയുഗളീ പാതുമാം ഭദ്രകാളീ' എന്നല്ലേ 'കാലീകാലാലക്‌ലീ പൃഥുകുചയുഗലീ പാതുമാം ഭദ്രകാലീ' എന്നതിനേക്കാൾ നല്ലതു്. മലയാണ്മയിൽത്തന്നെ മലയാളി ചെയ്തുവെച്ചിരിക്കുന്ന ഉച്ചാരണപരിഷ്കാരം പലതുമുണ്ടു്. അതിനെപ്പററി ഇനിയൊരവസരത്തിൽ വിസ്തരിച്ചുകൊള്ളാം.

(തുടരും)

മല്ലിനാഥൻ.

# ഐന്ദ്രജാലികൻ.

(പകലെല്ലാം ഒരു ശ്മശാനത്തെപ്പോലെ വിഷണ്ണവും രാത്രിയാകുമ്പോൾ കൃഷീവലരുടെ ആഹ്ലാദഭാഷണവും കളഹാസവും കൊണ്ടു മുഖരിതവുമായി വേട്ടനായ്ക്കൾ കണക്കെ ഗ്രാമംതോറും പതിഞ്ഞു കിടക്കുന്ന മദ്യഷാപ്പുകളിൽ ഒന്നാണു് ഇവിടത്തെ കഥാരംഗം. കഥാപാത്രങ്ങൾ മിക്കവാറും നിത്യസന്ദർശകരായ കൃഷിക്കാർതന്നെ. അവരിൽ മൂന്നുനാലു പേർ പ്രധാനരാകുന്നു. കാഴ്ചയ്ക്കു തോന്നുന്നതുപോലെ ഉള്ളു കൊണ്ടു് അത്ര സാധുവല്ലാത്ത ശൌരി. കയ്യിൽ ഒരു വാച്ചുകെട്ടി നടക്കുന്ന ബസറക്കു പോയിട്ടുള്ള വക്കി. ശൂദ്രരിൽ ശൂദ്രനായ രാമുനായർ. പിന്നെ, ഷാപ്പുകാരൻ പറങ്ങോടനും, അവിടങ്ങളിൽ പരിചിതനല്ലാത്ത മറെറാരാളും.

മററു് ഏതൊരു ഗ്രാമീണമദ്യഷാപ്പിനെപ്പോലെ ഇതും വിലക്ഷണമാകുന്നു. നിലത്തുനിന്നു പൊന്താതെ പരന്നു പതിഞ്ഞ ഒരു കെട്ടിമേച്ചിൽ. നടുവിൽ, അഴിയെറിഞ്ഞിട്ടുള്ള ഒരു ചതുരമണ്ഡപം.— മദ്യകുംഭങ്ങൾ സ്ഥാപിച്ചിട്ടുള്ള ഭാഗമാണു്. മൂന്നു പുറവും, ചാക്കു കർട്ടനുകൾകൊണ്ടു വിഭജിച്ചിട്ടുള്ള ഏതാനും കൊച്ചുമുറികൾ; അവയ്ക്കു പുറത്തോട്ടു വാതിലുകളും. വാതിലുകൾക്കുനേരെ തൂങ്ങുന്ന ചാക്കുകൾ ചലിച്ചു് ഓരോ പ്രസന്നവദനങ്ങൾ പങ്ങിപ്പതുങ്ങി അവിടെ ആവിർഭവിക്കുന്നു. സന്ധ്യയായി, മദ്യഷാപ്പിലെ വില്പന സമയമായിരിക്കുന്നു. മൂന്നും നാലും പേർ അവിടവിടെ സ്ഥലം പിടിച്ചിട്ടുണ്ടു. അവർ ഒന്നും അരയും വീതം ചെലുത്തിക്കഴിഞ്ഞു് ഓരോ ബീഡി വലിക്കുകയാണു്—)

രാമുനായർ— വത്തമാനം കേട്ടില്ലേ?

കരുത്തൻ—ങ്?

രാമു—നമ്മുടെ കുഞ്ഞുഎഴുത്തശ്ശന്റെ എരുമക്കിടാവു കാലിടറി കയറോടുകൂടി മണ്ണാൻകുളത്തിൽ ഭീം.

രണ്ടാമൻ—എന്തു്?

രാമു—അതിനെ ചന്തയിൽ കയററി വില്ക്കാതെ കൊണ്ടുപോരുകയായിരുന്നു. ആ പാറക്കുണ്ടിൽനിന്നു കയററാൻ ഈ രാത്രി നോക്കണ്ട. വെളുക്കുമ്പോഴയ്ക്കും അതു ചാവുകയും ചെയ്യും.

മൂന്നാമൻ—എന്തിരുട്ടാണെടോ. ഈ പന്തിരാണ്ടു കാലത്തെ പരിചയമുണ്ടായിട്ടും എനിക്കിന്നു വഴി തെറേറ്യനെ.

നാലാ—തന്റെ കണ്ണിനു പിഴച്ചാലും കാലിനു പിഴയ്ക്കുമോ?

(രാമുനായക്കു് ആലോചന അല്പം മന്ദഗതിയാണെങ്കിലും ഏതെങ്കിലും ഒരു പൊട്ടു കിട്ടിക്കഴിഞ്ഞാൽ അതത്ര ക്ഷണം വിടുന്ന പ്രകൃതിക്കാരനല്ലായിരുന്നതുകൊണ്ടു് എഴുത്തശ്ശന്റെ ഉരുവിനു പററിയ അദൃഷ്ടത്തെക്കുറിച്ചു് അയാൾ ആവത്തിച്ചു—)

"കയറ മുറുകെപ്പിടിച്ചിരുന്നെങ്കിൽ ഇതു വരുമായിരുന്നോ! ഏതായാലും അതു ചത്തോട്ടെ എന്നു വച്ചുകൂട."

(അപ്പോഠ, ബസറസ്സു പോയിട്ടുള്ള വക്കീ കടന്നുവന്നു. ഇയാഠക്കു് ഒരു കൃഷിക്കാരന്റെ മട്ടു് അധികമില്ല. കാഴ്ചയിൽ കുറെ തന്റേടക്കാരനാണു്.)

"ഹെ! ഹെ! എല്ലാവരും നേരത്തെ എത്തീട്ടുണ്ടല്ലൊ. ട്ടെ?"

(ഇത്രയും പറഞ്ഞു് അയാഠ നേരെ ബാറിലേക്കു നടന്നു.)

വ:—"എനിക്കു് രണ്ടു വർമ്മത്തു് എടുക്കു്, പാങ്ങോടാ")

(വെളുത്തുരുണ്ട രണ്ടു് ഇരുപത്തിനാലവുൺസു കുപ്പികഠ അയാളുടെ മുമ്പിൽ ഉയർന്നുനിന്നു. ഏരുമക്കിടാവിന്റെ കാര്യം വീണ്ടും ആവർത്തിക്കപ്പെട്ടു.)

രാമു:— "എന്തു വളർച്ചയുള്ള എരുമക്കിടാവായിരുന്നു. അതു ചത്തോട്ടെ എന്നു വച്ചുകൂട."

വക്കി— നിങ്ങഠ ആരെങ്കിലും പുതിയ വർത്തമാനം കേട്ടുവോ?

നാലാമൻ— പുതിയതു് എന്നുവെച്ചാൽ എന്താണെന്നു് അറിയാൻ പാടില്ല. അതുകൊണ്ടു പറയാൻ നിവൃത്തിയില്ല.

മൂന്നാമൻ—എന്താണു വിശേഷം?

വക്കി—ശൌരിയെ അണ്ടിക്കമ്പനിക്കാരൻ സ്വാമി പുറത്താക്കി.

ഒന്നാമൻ—എന്താക്കി?

വക്കി— പുറത്താക്കി.

ഒന്നാ—ആരെ?

വക്കി—ശൌരിയെ.

ഒന്നാ—ശൌരിയെ ആരു പുറത്താക്കി?

വക്കി—അണ്ടിക്കമ്പനിക്കാരൻ സ്വാമി പുറത്താക്കി.

ഒന്നാ—അണ്ടിക്കമ്പനിക്കാരൻ സാമി ശൌരിയെ പുറത്താക്കി? അതു ഞാൻ ഒരാഴ്ച മുമ്പു കേട്ടതാണല്ലൊ.

വക്കി—താൻ സംഭവം നടക്കുന്നതിനു മുമ്പെ കേട്ടു, അല്ലെ. ഇതിന്നലെയാണുണ്ടായതു്.

ഒന്നാ—ഉണ്ടാകാൻ പോകുന്നതായി കേട്ടു. ശൌരിയാണു പറഞ്ഞതു്.

മൂന്നാ—ശൌരിക്കു് ഇനിയൊരു ജോലി കിട്ടുക അത്ര എളുപ്പമല്ല—കിട്ടുകയേ ഇല്ല.

ഷാപ്പുകാരൻ—അയാളെ ഇവിടങ്ങളിൽ എല്ലാവക്കും അറിഞ്ഞുകൂടെ—കിട്ടില്ല.

നാലാ—ഏറിയവനല്ല പാവം. പക്ഷേ അയാളേക്കാഠ പാവങ്ങളുമുണ്ടേ!

ഒന്നാ—ചില ദിവസം അയാഠക്കു നല്ല ബുദ്ധിയുണ്ടു്. മററ ദിവസങ്ങളേക്കാഠ ചില ദിവസം അയാഠക്കു ബുദ്ധി കൂടുതലുള്ളതു് എനിക്കനുഭവമാണു്.

വക്കി— ആളു ബഹുപതം. ആലോചനകളും പതം. പ്രവൃത്തികളും പതം. പൂരക്കുതിപിടിച്ചാലും ഒരു മിനിട്ടു മുഴുവൻ അവനിരുന്നു് ആലോചിക്കും!

രാമു—എരുമക്കിടാവു ചത്തുപോകാൻ പാടില്ല.

മൂന്നാ—നിങ്ങളിലാരെങ്കിലും ചന്തക്കു പോയിരുന്നോ?

വക്കി—ഏതു? വാണിയങ്കുളത്തോ? ഇല്ല. എനിക്കു വളരെ അകലല്ലെ? സമയമുണ്ടായില്ല.

നാലാ—കൂട്ടങ്ങളോളം കേമമല്ല വാണിയങ്കുളം.

മൂന്നാ—ആരു പറഞ്ഞു!

നാലാ—മുമ്പു കേമമായിരുന്നു. അതൊക്കെ പോയി.

ഷാ—ഏതു ചന്തയുടേയും കേമത്തമൊക്കെ പോയി. കന്നിനൊന്നു് എടുത്തുപറയാനില്ല.......

(ശൌരി പ്രവേശിക്കുന്നു. അവൻ കാഴ്ചക്കു്, ഒരു പങ്കനെപ്പോലെ അല്ലെങ്കിലും, സാധുമട്ടാണു്. പക്ഷേ, ബുദ്ധിമാന്ദ്യം കണ്ടാൽ, ആളൊരു ശുദ്ധമറയനാണെന്നേ തോന്നുകയുള്ളു. അവനു് ആളുകളെ വളരെ ഇഷ്ടമാണു്. ആളുകൾക്കു് അവനേയും അങ്ങനെതന്നെ. ഈയൊരു സംഗതികൊണ്ടു്, കഴിഞ്ഞുകൂടാൻ അവനു പ്രയാസപ്പെടേണ്ടി വന്നിട്ടില്ല.)

വക്കി—അടാ! കള്ളക്കറമ്പാ! നീയെവിടന്നു ചാടിവീണു!

ശൌരി—(ആലോചിച്ചിട്ടു്) പുറമേനിന്നു്.

വക്കി—ങേ? പുറത്തുനിന്നു്! വാതിൽപ്പടിമേൽ നിന്നല്ലേ?

ശൌരി— ...... അല്ല.

വക്കി—അതു പോട്ടെ. നീയിന്നു ജോലിക്കു പോയിരുന്നോ?

ശൌ— ...... ഇല്ല.

വക്കി—ങ്? അതെന്തേ?

ശൌ—ഞാൻ ചന്തക്കു പോയിരുന്നെടൊ!

വക്കി—എവിടെ? വാണിയങ്കുളത്തേക്കൊ?

ശൌരി—ങാ.

വക്കി—എന്തിനു്?

ശൌ—എനിക്കു് എവിടെയെങ്കിലും പോകണ്ടെ? വേണ്ടാന്നുണ്ടോ?

ഷാ—ഇയാൾ പണം ചിലവാക്കാൻ പോയതായിരിക്കും.

ശൌ— അല്ല. സമ്പാദിക്കാൻ.

ഷാ—അതെങ്ങനെ?

ശൌ—കൊണ്ടുപോയത്ര പണം മടക്കിക്കൊണ്ടുപോന്നു.

ഷാ—അതെങ്ങനെ പററിച്ചു?

ശൌ—എനിക്കു് ആവശ്യമുള്ളതൊന്നും ഞാൻ ചന്തയിൽ കണ്ടില്ല. പണം വേണ്ടത്ര ഉണ്ടായിരുന്നു.

ഷാ—എത്രയുണ്ടായിരുന്നു?
ശൌ—ഒരു മുക്കാൽ.

(ഇതു കേട്ടു് അവിടെയുള്ളവരെല്ലാം ചിരിക്കാൻ തുടങ്ങി.)

വക്കീ—എവിടെ നിന്റെ മുക്കാലു്?
ശൌ—മുണ്ടിന്റെ തലക്കൽ കെട്ടീട്ടുണ്ടു്?
വക്കീ—വല്ലതും കഴിസ്സുണ്ടോ?
ശൌ—വല്ലവരും വാങ്ങിത്തന്നാൽ കഴിക്കാം.
ഷാ—താനൊരു മുക്കാലുംകൊണ്ടു വന്നാൽ ഈ കാലത്തു കുടിക്കാൻ കിട്ടില്ല. പിന്നെ—കോൺഗ്രസ്സുകാർ ലേലം നിർത്തുമെന്നു ഗോമതിയിൽ പറയുന്നുണ്ടത്രേ. അങ്ങനെയുണ്ടെങ്കിൽ പക്ഷേ ഒരു മുക്കാലിനും തരാം.
ശൌ—ചന്തയിൽ കേട്ടതു ലേലം നിർത്തുമ്പോൾ ചെത്തും നിർത്തുമെന്നാണു് അന്നു മുതൽക്കു മുതലാളിമാർക്കല്ലാതെ ആർക്കും കുടിക്കാൻ പാടില്ലെന്നു നിയമം വരുമത്രേ. എനിക്കറിയാൻ പാടില്ല.
മൂന്നാ—അങ്ങനെ ലോകത്തിൽ വല്ല നിയമവും ഉണ്ടാകുമോ ശൌരി? നീയെന്തു പാവമാണു്.
ശൌ—ഞാൻ പാവമായിക്കോട്ടെ. പക്ഷേ, മരിക്കുന്നതുവരെ ജീവിക്കാൻ എനിക്കറിയാം. ഞാൻ പണം സമ്പാദിക്കുന്നില്ല. എന്നാൽ ഞാൻ സ്നേഹിതന്മാരെ സമ്പാദിക്കുന്നുണ്ടു്. അതാണു ഞാനിവിടെ വരുന്നതു്. ഇവിടെ ചിലവാക്കിയുംവച്ചുപോകാനല്ല മടിയിൽ പണവുമിട്ടു ഞാൻ ഇവിടെ വരുന്നതു്. കുടിക്കാൻ എനിക്കു മുട്ടുവരാറുമില്ല.
വക്കീ—അര കുപ്പി ഇവനു കൊടുക്കു്, പറഞ്ഞോടാ.
ശൌ—തന്നാലും വിരോധമില്ല ഇല്ലെങ്കിലും തരക്കേടില്ല.
വക്കീ—കൊടുക്കു് പറഞ്ഞോടാ.

(അവർ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു് അപരിചിതനായ ഒരാൾ കടന്നുവന്നു. നേരത്തു നിന്നു ഒരു ശുഷ്കവദനം, അസ്വസ്ഥമായ പെരുമാറ്റം, ആകപ്പാടെ വികൃതമായ കോലം. മററു പേരെ അപേക്ഷിച്ചു് അയാളുടെ സംസാരസ്ഥിതി ബഹുധൃതി. അല്പം പ്രസന്നത നടിച്ചു് ഒരു പച്ചച്ചിരിയോടുകൂടി അയാൾ മററുള്ളവരുടെ ശ്രദ്ധ ആകർഷിക്കുന്നതിന്നായി, "എല്ലാവർക്കും സലാം" എന്നു് അഭിവാദ്യം ചെയ്തു. അയാളുടെ വേഷം കണ്ടു് ആ ഗ്രാമീണർ കുറഞ്ഞൊന്നു സംഭ്രമിക്കാതിരുന്നില്ല. ഷാപ്പുകാരൻ പ്രായേണ വിശദമായും എന്നാൽ നീരസസ്വരത്തിലും 'തനിക്കും സലാം' എന്നു പറഞ്ഞു.

(തുടരും)